VOL NO: 06 I ISSUE 28
www.nerpatham.com
mail@nerpatham.com
2022 JULY 09 I ₹10

# നേർപഥം

വാരിക

## സംഘ്പരിവാർ തിരക്കഥയെഴുതുന്ന ‘മുസ്‌ലിം കൊലപാതകങ്ങൾ’

വിമർശനങ്ങൾക്ക് കൂച്ചുവിലങ്ങിടുക എന്നത് മാത്രമല്ല, വിമർശങ്ങളോടുള്ള സമീപനത്തിൽ പക്ഷപാതിത്വം കാണിക്കുക എന്നത് കൂടിയാണ് വർത്തമാനകാല ഇന്ത്യ അനുഭവിക്കുന്ന വലിയ ദുരന്തം. പ്രവാചകനെ ഭത്സിക്കുന്നവരോട് മൃദുസമീപനം പുലർത്തുന്ന അതേ ഗവൺമെന്റ് തന്നെ ഭരണകൂട വിമർശനത്തിനെതിരെ ഉടവാളൂരി ഉറഞ്ഞുതുള്ളുന്നു. നുപുർ രക്ഷപ്പെടുകയും ടീസ്റ്റയും സുബൈറും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് ഫാസിസം ഇന്ത്യയെ കീഴടക്കിക്കൊണ്ടിരിക്കുന്നതിന്റെ ലക്ഷണമാണ്.

# ടീസ്റ്റ, സുബൈർ, ശ്രീകുമാർ: ഇരട്ടനീതിയുടെ മോദി ഭരണകാലം




|| പ്രഭചൊരിയുന്ന നബിജീവിതം

|| നമ്മുടെ രാജ്യത്തെ കോടതികൾ

|| ശിയാക്കളുടെ വ്യാജവാദങ്ങളും കുരുക്കിലകപ്പെട്ട സമസ്തയും

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0285
# നേർപഥം
വാരിക

2022 ജൂലായ് 9
1443 ദുൽഹിജ്ജ 10
പുസ്തകം 06 / ലക്കം 28




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
ടീസ്റ്റ, സുബൈർ, ശ്രീകുമാർ;
ഇരട്ടനീതിയുടെ മോദി ഭരണകാലം
സുഫ്‌യാൻ അബ്ദുസ്സലാം

05
മുഖമൊഴി
സംഘ്പരിവാർ തിരക്കഥയെഴുതുന്ന ‘മുസ്‌ലിം കൊലപാതകങ്ങൾ’

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

18
ചരിത്രപഥം
നബി(സ്വ)യുടെ വഫാത്ത്
ഹുസൈൻ സലഫി

24
ലേഖനം
ശിയാക്കളുടെ വ്യാജവാദങ്ങളും കുരുക്കിലകപ്പെട്ട സമസ്തയും
മൂസ സ്വലാഹി, കാര

26
ലേഖനം
വെളിച്ചം തേടി മദീനയിലേക്ക്
അബ്ദുൽ മാലിക് സലഫി

29
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ:
അബൂ ആദം അയ്മൻ

31
ക്വുർആൻ ദർശനം
അഹ്ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

34
ലേഖനം
മതം എളുപ്പമാണ്
സ്വലാഹുദ്ദീൻ ഇബ്നു സലീം

# വളർന്നുവരുന്ന തലമുറയിൽ സ്നേഹവും സാഹോദര്യവും ഊട്ടിയുറപ്പിക്കുക: വിസ്ഡം പ്രധാനധ്യാപക സംഗമം

ആലപ്പുഴ: വെറുപ്പും വിദ്വേഷവും വമിപ്പിക്കുന്ന പ്രസ്താവനകൾ സൗഹാർദാന്തരീക്ഷത്തെ അനുദിനം സാരമായി മുറിവേൽപ്പിക്കുന്ന വർത്തമാനകാലത്ത്, വളർന്നുവരുന്ന തലമുറയെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ബഹുസ്വരതയുടെയും മതനിരപേക്ഷതയുടെയും മൂല്യങ്ങളിൽ ഊട്ടിയുറപ്പിക്കുകയെന്ന ഉത്തരവാദിത്തമാണ് അധ്യാപകർ നിർവഹിക്കേണ്ടതെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് ആലപ്പുഴയിൽ സംഘടിപ്പിച്ച ദക്ഷിണമേഖല പ്രധാനധ്യാപക സംഗമം ആവശ്യപ്പെട്ടു.

ദേശീയ തലത്തിൽ പാഠപുസ്തകങ്ങൾ വർഗീയവൽകരണത്തിനുള്ള ടൂളായി ഉപയോഗിക്കാൻ ശ്രമം നടക്കുമ്പോൾ, സംസ്ഥാനതലത്തിൽ സ്വതന്ത്രവാദത്തിന്റെ അതിരുകളില്ലാത്ത ലോകത്തേക്കും മതരഹിത സമൂഹത്തിന്റെ സൃഷ്ടിക്കുമായി കരിക്കുലം പരിഷ്കരിക്കുന്നതിന്റെ സൂചനകൾ വിദ്യാഭ്യാസരംഗത്ത് അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ടെന്ന് സംഗമം വിലയിരുത്തി.

ഉത്തരമേഖല, ദക്ഷിണ മേഖല, മധ്യമേഖല എന്നിങ്ങനെ മൂന്ന് ക്ലസ്റ്ററായാണ് പ്രധാനാധ്യാപക സംഗമം ക്രമീകരിച്ചത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആലപ്പുഴ ജില്ലാ സെക്രട്ടറി ബഷീർ കുത്തിയതോട് സംഗമം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ ബോർഡംഗം റശീദ് മാസ്റ്റർ കാരപ്പുറം അധ്യക്ഷത വഹിച്ചു. ഡോ. ശമീർ നദ്‌വി, മുഹമ്മദ് ഫയാസ് സ്വലാഹി, ലുഖ്മാനുൽ ഹകീം അൽഹികമി, അഫ്സൽ ആലപ്പുഴ എന്നിവർ സംസാരിച്ചു.

# കേരളത്തിലെ രാഷ്ട്രീയാന്തരീക്ഷം; സമാധാനം വീണ്ടെടുക്കണം: വിസ്ഡം

കോഴിക്കോട്: കേരളത്തിൽ രാഷ്ട്രീയ മേഖലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥ അവസാനിപ്പിക്കാൻ മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ട് വരണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മുജാഹിദ് നേതൃസംഗമം ആവശ്യപ്പെട്ടു.

സാധാരണക്കാരുടെ ജീവിതം ദുഃസ്സഹമാക്കുന്ന വിധം നടക്കുന്ന രാഷ്ട്രീയ സംഘർഷങ്ങൾ അവസാനിപ്പിക്കണം. അസഹിഷ്ണുതയും കയ്യൂക്ക് കാണിക്കലും രാഷ്ട്രീയത്തിൽനിന്നും തുടച്ചുനീക്കി സ്നേഹവും ആർദ്രതയും അലിവും സമഭാവനയും പ്രവർത്തകരിൽ ശീലിപ്പിക്കാൻ ബോധപൂർവമായ ശ്രമങ്ങൾക്ക് നേതൃത്വം പദ്ധതികൾ ആവിഷ്ക്കരിക്കണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ സെക്രട്ടറി മുഹമ്മദ് സ്വാദിഖ് മദീനി, ഹംസ മദീനി, പ്രൊഫ. ഹാരിസ്ബ്നു സലീം, ഹുസൈൻ ടി. കാവനൂർ, കെ. സജ്ജാദ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് ഹാരിസ് കായക്കൊടി, ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, ജനറൽ സെക്രട്ടറി ശമീൽ അരീക്കോട് എന്നിവർ സംസാരിച്ചു.

# സംഘ്പരിവാർ തിരക്കഥയെഴുതുന്ന 'മുസ്‌ലിം കൊലപാതകങ്ങൾ'

ബി.ജെ.പി നേതാവ് നൂപുർ ശർമ നടത്തിയ പ്രവാചക നിന്ദയെ പിന്തുണച്ചുവെന്നതിന്റെ പേരിൽ രാജസ്ഥാനിലെ ഉദയ്പൂരിൽ തയ്യൽക്കാരനായ കനയ്യലാലിനെ കഴുത്തറുത്ത് കൊലപ്പെടുത്തി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ച് വർഗീയ ചേരിതിരിവിന് തുടക്കം കുറിച്ച അക്രമി ബി.ജെ.പിയുടെ ന്യൂനപക്ഷ മോർച്ച പ്രവർത്തകനാണെന്ന വാർത്തയുണർത്തുന്ന ആശങ്കകൾ ചെറുതല്ല. പ്രതികളായ റിയാസ് അത്താരി, മുഹമ്മദ് ഗൗസ് എന്നിവർ ബി.ജെ.പിയിൽ പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവുകൾ ദേശീയ മാധ്യമമായ 'ഇന്ത്യാ ടുഡേ' പുറത്തുവിട്ടത് കൃത്യസമയത്തെ ശക്തമായ ഇടപെടലാണ്.

കൊലയാളി റിയാസ് അത്താരി ഒരു പതിറ്റാണ്ടിലേറെയായി ബി.ജെ.പി പ്രാദേശിക നേതൃത്വത്തിൽ സജീവസാന്നിധ്യമാണ്. റിയാസിനെ രാജസ്ഥാനിലെ ബി.ജെ.പിയുടെ ന്യൂനപക്ഷ മോർച്ച നേതാവായ ഇർഷാദ് ചെയിൻവാല സ്വീകരിക്കുന്ന ചിത്രങ്ങളും രാജസ്ഥാൻ പ്രതിപക്ഷ നേതാവും മുതിർന്ന ബി.ജെ.പി നേതാവുമായ ഗുലാബ് ചന്ദ് കഠാരിയക്കൊപ്പമുള്ള ഫോട്ടോകളും സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

മുമ്പ് പ്രവാചകനെ അവഹേളിച്ച് 'രംഗീലാ റസൂൽ' രചിച്ച സ്വാമി ശ്രദ്ധാനന്ദയെ കൊന്നുകളഞ്ഞതിന്റെ പേരിൽ വർഗീയ കലാപം സൃഷ്ടിച്ചതും, ഗോധ്ര തീവെപ്പിന് പ്രതികാരമെന്ന വ്യാജേനെ ഗുജറാത്ത് കൂട്ടക്കൊല നടത്തിയതുമെല്ലാം നാം കണ്ടതാണ്. സംഘ്പരിവാറിനെ ഭരണത്തിൽ നിന്നകറ്റിയ രാജസ്ഥാനിൽ ബോധപൂർവമായ വർഗീയ കലാപം സൃഷ്ടിച്ച് അതുവഴി അധികാരം വാഴാനുള്ള സമാനശ്രമമാണ് വസ്തുനിഷ്ഠമായ വാർത്തയിലൂടെ തടയിടാൻ കഴിഞ്ഞത് എന്ന കാര്യത്തിൽ മാത്രം ആശ്വസിക്കാം.

സംഝോത എക്സ്പ്രസ്സ്, മലേഗാവ്, മക്ക മസ്ജിദ്, അജ്മീർ തുടങ്ങി രാജ്യത്തെ നടുക്കിയ സ്ഫോടനങ്ങളും തുടക്കത്തിൽ മുസ്‌ലിം പേരുകളിലേക്കും സംഘടനകളിലേക്കും ചേർത്തിപ്പറഞ്ഞതായിരുന്നു. മലേഗാവ് സ്ഫോടന കേസിൽ പിടിയിലായ ലഫ്. കേണൽ പുരോഹിതിനെ ബെംഗളൂരുവിൽ നാർകോ അനാലിസിസിന് വിധേയമാക്കിയപ്പോഴാണ് രാജ്യത്ത് വർഗീയ കലാപം സൃഷ്ടിക്കാൻ ഹിന്ദുത്വർ ആസൂത്രണം ചെയ്തു നടപ്പാക്കിയതാണ് ഈ സ്ഫോടനങ്ങളെന്ന് തെളിഞ്ഞത്. ആർ എസ് എസ് പ്രചാരക് സുനിൽ ജോഷിയാണ് സ്ഫോടനത്തിന് നേതൃത്വം നൽകിയതെന്നും കേണൽ പുരോഹിത് എത്തിച്ചു കൊടുത്ത സൈന്യത്തിന്റെ ആർ.ഡി.എക്സ് ഉപയോഗിച്ചാണ് സ്ഫോടനം നടത്തിയതെന്നും കണ്ടെത്തി.

ഉദയ്പൂർ കൊലപാതകത്തിലും കോൺസ്പിറൻസി തിയറിയുമായി ആഭ്യന്തര വകുപ്പ് മുന്നോട്ട് വന്നിരുന്നു. പ്രതികൾക്ക് തീവ്രവാദ പ്രസ്ഥാനങ്ങളും പാക് ചാരസംഘടനകളുമായുള്ള ബന്ധമെന്ന പതിവ് ഗൂഢാലോചനാ വാദങ്ങൾക്ക് പുറമെ അവരുപയോഗിച്ചിരുന്ന ബൈക്കിന്റെ നമ്പർ വരെ ചർച്ചക്ക് വിഷയീഭവിച്ചു. എന്നാൽ പ്രതികളുടെ ബി.ജെ.പി ബന്ധം സ്ഥിരീകരിച്ചതോടെ പിടിച്ചുനിൽക്കാനുള്ള തത്രപ്പാടിലായി നേതൃത്വം. അതിനിടയിലാണ് മുസ്‌ലിം പേരുള്ള മറ്റൊരു തീവ്രവാദിയുടെ ബി.ജെ.പി ബന്ധം കൂടി പുറത്തുവന്നത്.

അമർനാഥ് തീർഥാടകർക്ക് നേരെ ആക്രമണം നടത്താൻ പദ്ധതിയിട്ടതിനെ തുടർന്ന് പിടിയിലായ ലഷ്കർ ഭീകരൻ താലിബ് ഹുസൈൻ ഷാ ബിജെപിയുടെ സജീവ പ്രവർത്തകനും ന്യൂനപക്ഷ മോർച്ചയുടെ ജമ്മുവിലെ ഐടി സെൽ ചുമതലക്കാരനുമായിരുന്നു എന്നതാണ് ആ വാർത്ത. രക്ഷപ്പെടാനായി തുക്സോൺ ധാക് മേഖലയിൽ ഒളിച്ച ഇവരെ തിരിച്ചറിഞ്ഞതും പിടികൂടിയതും പോലീസിനെയും സൈന്യത്തെയും അറിയിച്ചതും പിടികൂടിയതുമൊക്കെ നാട്ടുകാർ തന്നെയാണ്. അതിനാൽ തന്നെ തിരക്കഥയെഴുതാൻ വേണ്ടത്ര സമയം കിട്ടിയില്ലെന്ന് വേണം അനുമാനിക്കാൻ.


പുതിയ കണ്ടെത്തലോട് കൂടി ഇന്ത്യയിൽ നടന്ന പല സ്ഫോടനങ്ങളുടെയും കൊലപാതങ്ങളുടെയും പിന്നാമ്പുറ കഥകൾ ചർച്ചക്കെടുക്കേണ്ടിവരും. അങ്ങനെ വന്നാൽ മുമ്പ് അസീമാനന്ദയുടെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ പുറത്തുവന്ന സംഘ്പരിവാർ ഗൂഢാലോചകളുടെ രണ്ടാം വേർഷനിലേക്കുള്ള ടീസർ മാത്രമായി ഇപ്പോഴത്തെ തിരിച്ചറിവുകൾ മാറുമെന്ന കാര്യത്തിൽ സംശയമില്ല.



ലേഖനം

# രോഗവും മരുന്നും 11


**ഇമാം ഇബ്നൽ ക്വയ്യിം അൽജൗസിയ്യ**
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്


**പാഠം 23**

**സമുന്നതമായ ഒരു നബിവചനം**

ഈ ഗ്രന്ഥം ആരംഭിച്ചത് നമുക്ക് ഒരുപാട് പ്രതീക്ഷകൾ നൽകിക്കൊണ്ടാണ്. കാരണം അത് വളരെ എളുപ്പമുള്ള ചികിത്സകൾകൊണ്ടാണ് തുടങ്ങിയത്. തുടർന്ന് പാപങ്ങൾ വലിയ ഒരു രോഗാവസ്ഥയാണെന്നും അതിന് ഇഹലോകത്തുതന്നെ ധാരാളം പരിണിതഫലങ്ങൾ ഉണ്ടെന്നും ഉണർത്തി. പാപങ്ങൾ നമുക്ക് സദ്ഫലങ്ങൾ ഒന്നും നൽകില്ല. എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ പലപ്പോഴും മറ്റുള്ളവരാണ് അതിന് കാരണം എന്ന് നാം കരുതാറുണ്ട്. എന്നാൽ പ്രശ്നങ്ങളുടെ കാരണം മിക്കവാറും നമ്മുടെ പാപങ്ങൾ തന്നെയാണ്. ആകയാൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ നാം പശ്ചാത്തപിച്ച് മടങ്ങേണ്ടതാണ്. പലപ്പോഴും നാം പാപങ്ങൾ ചെയ്ത് കൂട്ടുന്നത് നമ്മൾ തന്നെ അറിയാറില്ല. ഇഹലോകത്തുതന്നെ നമ്മുടെ പാപങ്ങൾക്കുള്ള ദുഷ്ഫലങ്ങൾ നമുക്ക് അനുഭവിക്കേണ്ടി വരുന്നു. നമ്മൾ പശ്ചാത്തപിച്ച് മടങ്ങുവാൻ വേണ്ടിയാണ് അത്. നാം പശ്ചാത്തപിച്ച് മടങ്ങാത്ത പക്ഷം പരലോകത്ത് കൂടി നമ്മൾ ശിക്ഷ അനുഭവിക്കേണ്ടിവരും. ഇതിനെക്കുറിച്ച് ധാരാളം ക്വുർആൻ വചനങ്ങളും പ്രവാചകമൊഴികളുമുണ്ട്.

വിവിധ പാപങ്ങളുടെ പേരിൽ മരണാനന്തരമുണ്ടാകുന്ന വിവിധ ശിക്ഷകൾ വിവരിക്കുന്ന സുദീർഘമെങ്കിലും ഗൗരവം നിറഞ്ഞ സമുന്നതമായൊരു ഹദീസ് ഇവിടെ ഉദ്ധരിക്കുകയാണ്:

ജുൻദുബ്(റ) നിവേദനം: "നിങ്ങളിൽ ആരെങ്കിലും എന്തെങ്കിലും സ്വപ്നം കണ്ടുവോ എന്ന് അല്ലാഹുവിന്റെ റസൂൽ(സ്വ) കൂട്ടുകാരോട് ചോദിക്കുമായിരുന്നു. അപ്പോൾ അത് തുറന്ന് പറയപ്പെടാൻ അല്ലാഹു ഉദ്ദേശിച്ചവർ അത് റസൂലിനോട് പറയുമായിരുന്നു. ഒരു പ്രഭാതത്തിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) സ്വന്തം സ്വപ്നം ഇപ്രകാരം വിവരിച്ചു: 'കഴിഞ്ഞ രാത്രിയിൽ സ്വപ്നത്തിൽ രണ്ടാളുകൾ എന്റെ അടുക്കൽ വന്നു. എന്നെ എഴുന്നേൽപിച്ചുകൊണ്ട് 'പുറപ്പെടാം' എന്ന് പറഞ്ഞു. ഞാൻ അവരോടൊപ്പം പുറപ്പെട്ടു. വഴിയിലൊരിടത്ത് ഒരാൾ കിടക്കുന്നത് കണ്ടു. മറ്റൊരാൾ ഒരു വലിയ കല്ല് ഉയർത്തിക്കൊണ്ട് അയാളുടെ തലയുടെ ഭാഗത്ത് നിൽക്കുന്നു. ആ കല്ലുകൊണ്ട് അയാളുടെ തല ചതയ്ക്കുകയാണ്. അപ്പോൾ ആ കല്ല് ഉരുണ്ടുപോവുകയും അയാൾ അതിനെ പിന്തുടർന്ന് അതിനെ തിരികെ എടുക്കുകയും ചെയ്യുന്നു. അയാൾ കിടക്കുന്ന ആ മനുഷ്യന്റെ തലക്ക് അടുത്തേക്ക് തിരിച്ചെത്തുമ്പോഴേക്കും അയാളുടെ തല പൂർവസ്ഥിതിയിൽ ആയിട്ടുണ്ടാകും. അയാൾ വീണ്ടും അയാളുടെ തലയിലേക്ക് കല്ല് എറിയും. ഞാൻ എന്റെ സഹയാത്രികരോട് ചോദിച്ചു: 'ആരാണ് ഇവർ?' അവർ പറഞ്ഞു: 'മുന്നോട്ട് നീങ്ങുക.'

തുടർന്ന് അവർ മറ്റൊരാളുടെ പക്കലെത്തി. അയാൾ മലർന്ന് കിടക്കുകയാണ്. മറ്റൊരാൾ അയാളുടെ ശിരസ്സിന് സമീപം ഒരു ഇരുമ്പിന്റെ കൊളുത്തുമായി നിൽക്കുന്നു. അയാൾ ആ കൊളുത്ത് ആ മനുഷ്യ

ന്റെ അടുത്തെത്തി. വിരൂപനായ ഒരാൾ. അതുപോലുള്ള വൈരൂപ്യം ആർക്കും കണ്ടിട്ടില്ല. അയാൾക്കരികിൽ അഗ്നിയുണ്ട്. അയാൾ അത് കത്തിച്ചുകൊണ്ട് അതിന് ചുറ്റും ഓടുന്നു. ഞാൻ എന്റെ സഹയാത്രികരോട് ചോദിച്ചു: 'ആരാണിയാൾ?' അവർ എന്നോട് 'മുന്നോട്ട് നീങ്ങുക' എന്ന് പറഞ്ഞു.

അങ്ങനെ ഞങ്ങൾ മുന്നോട്ട് നീങ്ങി. അപ്പോൾ വൃക്ഷങ്ങൾ ഇടതൂർന്ന ഒരു തോട്ടത്തിലെത്തി. എല്ലാത്തരം വർണങ്ങളും അതിലുണ്ട്. ആ തോട്ടത്തിന് നടുവിൽ പൊക്കമുള്ള ഒരു മനുഷ്യൻ നിൽക്കുന്നുണ്ട്. പൊക്കക്കൂടുതൽ കൊണ്ട് അയാളുടെ തല കാണാൻ കഴിയുന്നില്ല. അയാർക്ക് ചുറ്റും ധാരാളം കുട്ടികളുണ്ട്. ഞാൻ ചോദിച്ചു: 'ആരാണിവർ?' അവർ പറഞ്ഞു: 'മുന്നോട്ട് നീങ്ങുക.' അങ്ങനെ ഞങ്ങൾ വലിയ മറ്റൊരു തോട്ടത്തിനടുത്തെത്തി. ഞാൻ കണ്ടതിൽവെച്ച് ഏറ്റവും വലിയ തോട്ടം. എന്റെ സഹയാത്രികർ എന്നോട് പറഞ്ഞു: 'താങ്കൾ മുകളിലേക്ക് കയറുക.' അങ്ങനെ ഞങ്ങൾ മുകളിലേക്ക് കുറെ കയറിപ്പോയി. അവിടെ ഒരു നഗരത്തിലെത്തി. അത് നിർമിച്ചിരിക്കുന്നത് സ്വർണത്തിന്റെയും വെള്ളിയുടെയും ഇഷ്ടികകൊണ്ടാണ്. ഞങ്ങൾ അതിന്റെ വാതിലിനടുത്തേക്ക് പോയിട്ട് പാറാവുകാരനോട് വാതിൽ തുറക്കുവാൻ ആവശ്യപ്പെട്ടു. അയാൾ വാതിൽ തുറന്നുതന്നു. ഞങ്ങൾ നഗരത്തിലേക്ക് കടന്നു. അതിൽ ഞങ്ങൾ കുറെ മനുഷ്യരെ കണ്ടു. അവരുടെ ശരീരത്തിന്റെ ഒരു വശം മനോഹരമായതും മറുവശം വിരൂപവും ആയിരുന്നു. എന്റെ സഹയാത്രികർ അവരോട് നദിയിലേക്ക് ചാടുവാൻ ആവശ്യപ്പെട്ടു. ആ നദി ആ നഗരത്തിന്റെ നടുഭാഗത്താണ് സ്ഥിതിചെയ്തിരുന്നത്. അതിലെ ജലം പാൽപോലെ വെളുത്തിരുന്നു. ആ മനുഷ്യർ അതിൽ മുങ്ങിക്കുളിച്ച് കയറിവന്നപ്പോൾ അവരുടെ വൈരൂപ്യമെല്ലാം മാറി സൗന്ദര്യമുള്ളതായി ത്തീർന്നു. നബി(സ്വ) അരുളി: 'എന്റെ സഹയാത്രികർ എന്നോട് പറഞ്ഞു; അതാണ് ഏദൻ തോട്ടം. അവിടെയാണ് താങ്കളുടെ സ്ഥലം.'

ഞാൻ എന്റെ ദൃഷ്ടികൾ ഉയർത്തിനോക്കി. അതാ, അവിടെ വെളുത്ത മേഘം പോലെ ഒരു കൊട്ടാരം. എന്റെ സഹയാത്രികർ എന്നോട് പറഞ്ഞു: 'ആ കൊട്ടാരം താങ്കളുടേതാണ്.' ഞാൻ അവരോട് ചോദിച്ചു: 'അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, ഞാൻ അതിലേക്ക് ഒന്ന് പ്രവേശിക്കട്ടെയോ?' അവർ പറഞ്ഞു: 'ഇപ്പോൾ താങ്കൾ അതിൽ പ്രവേശിക്കില്ല. എന്നാൽ അടുത്തുതന്നെ താങ്കൾ അതിൽ പ്രവേശിക്കുന്നതാണ്.' ഞാൻ അവരോട് പറഞ്ഞു: 'ഇന്ന് ഞാൻ ഒരുപാട് ആശ്ചര്യമുളവാക്കുന്ന സംഭവങ്ങൾ കണ്ടു. ഞാൻ കണ്ടതിന്റെയെല്ലാം പൊരുൾ എന്താണ്?' അവർ പറഞ്ഞു: 'ഞങ്ങൾ പറഞ്ഞുതരാം. കല്ലുകൊണ്ട് തല ചതയ്ക്കപ്പെട്ടതായി നിങ്ങൾ കണ്ട ആ മനുഷ്യൻ ക്വുർആൻ പഠിച്ചയാളാണ്. പിന്നീട് അത് പാരായണം ചെയ്യുകയോ അതനുസരിച്ച് ജീവിക്കുകയോ ചെയ്തിട്ടില്ല. നിർബന്ധനമസ്കാരം പോലും നിർവഹിക്കാതെ അയാൾ ഉറങ്ങുമായിരുന്നു. സ്വന്തം വായും മൂക്കും കണ്ണും കൊളുത്തുകൊണ്ട് വലിക്ക

**എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ പലപ്പോഴും മറ്റുള്ളവരാണ് അതിന് കാരണം എന്ന് നാം കരുതാറുണ്ട്. എന്നാൽ പ്രശ്നങ്ങളുടെ കാരണം മിക്കവാറും നമ്മുടെ പാപങ്ങൾ തന്നെയാണ്. ആകയാൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ നാം പശ്ചാത്തപിച്ച് മടങ്ങേണ്ടതാണ്. പലപ്പോഴും നാം പാപങ്ങൾ ചെയ്ത് കൂട്ടുന്നത് നമ്മൾതന്നെ അറിയാറില്ല. ഇഹലോകത്തു തന്നെ നമ്മുടെ പാപങ്ങൾക്കുള്ള ദുഷ്ഫലങ്ങൾ നമുക്ക് അനുഭവിക്കേണ്ടി വരുന്നു. നമ്മൾ പശ്ചാത്തപിച്ച് മടങ്ങുവാൻ വേണ്ടിയാണ് അത്. നാം പശ്ചാത്തപിച്ച് മടങ്ങാത്ത പക്ഷം പരലോകത്ത് കൂടി നമ്മൾ ശിക്ഷ അനുഭവിക്കേണ്ടിവരും.**

ന്റെ വായ്ക്കകത്ത് ഇട്ട് കവിളിന്റെ ഒരു വശം പുറകിലേക്ക് വലിക്കുന്നു. അതുപോലെ അയാളുടെ മൂക്കും പുറകിലേക്ക് വലിക്കുന്നു. അതുപോലെ കണ്ണും പുറകിലേക്ക് വലിക്കുന്നു. മുഖത്തിന്റെ മറ്റേഭാഗവും ഇതുപോലെ അയാൾ ചെയ്യുന്നുണ്ട്. ഒരുവശം മുഴുവനാക്കുമ്പോഴേക്കും മറുവശം പൂർവസ്ഥിതിയിൽ ആയിട്ടുണ്ടാകും. ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ എന്റെ സഹയാത്രികരോട് ചോദിച്ചു: 'സുബ്ഹാനല്ലാഹ്! ആരാണിവർ?' അവർ എന്നോട് 'മുന്നോട്ട് നീങ്ങുക' എന്ന് പറഞ്ഞു.

അവർ യാത്ര തുടർന്നു. അവർ ഒരു വലിയ മണ്ണടുപ്പിന്റെ അടുത്തെത്തി. അതിന്റെ ഉള്ളിൽനിന്നും പലവിധ ശബ്ദകോലാഹലങ്ങൾ കേൾക്കുന്നുണ്ട്. ഞങ്ങൾ അതിനകത്തേക്ക് എത്തിനോക്കി. നഗ്നരായ സ്ത്രീപുരുഷന്മാർ അതിൽ ഉണ്ടായിരുന്നു. അതാ, ഒരു വലിയ തീനാളം താഴ്ഭാഗത്തുനിന്നും അവരെ സമീപിക്കുന്നു. അവർ ഉച്ചത്തിൽ നിലവിളിക്കുന്നുണ്ട്. ഞാൻ എന്റെ സഹയാത്രികരോട് ചോദിച്ചു: 'ആരാണിവർ?' അവർ 'മുന്നോട്ട് നീങ്ങുക' എന്ന് പറഞ്ഞു.

അങ്ങനെ ഞങ്ങൾ ഒരു നദിയുടെ അടുത്തെത്തി. ആ നദിയിലെ ജലം രക്തംപോലെ ചുവന്നിട്ടായിരുന്നു. ആ നദിയിൽ ഒരാൾ നീന്തുന്നു. അതിന്റെ കരയിൽ മറ്റൊരാൾ കുറെ കല്ലുകളുമായി നിൽക്കുന്നു. നീന്തിക്കൊണ്ടിരിക്കെ തന്നെ അയാൾ കരയിലുള്ള മനുഷ്യന്റെ അടുത്തേക്ക് ചെല്ലുന്നു. അയാൾ വായ തുറക്കുമ്പോൾ കരയിലുള്ള ആൾ ഒരു കല്ല് അയാളുടെ വായിലേക്ക് ഇട്ടുകൊടുക്കുന്നു. അയാൾ അതുമായി വീണ്ടും നീന്തുന്നു. അയാൾ തിരികെ വരികയും ഇത് ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഞാൻ എന്റെ സഹയാത്രികരോട് ചോദിച്ചു: 'ആരാണ് ഈ രണ്ട് വ്യക്തികൾ?' അവർ എന്നോട് 'മുന്നോട്ട് നീങ്ങുക' എന്ന് പറഞ്ഞു.

പിന്നീട് ഞങ്ങൾ ഒരു മനുഷ്യ

പ്പെട്ടവൻ, രാവിലെ വീട്ടിൽനിന്ന് പുറത്ത് പോവുകയും ലോകത്തിന്റെ എല്ലാഭാഗത്തും പരക്കുംവിധം കളവ് പറയുകയും ചെയ്യുന്ന ആളാണ്. (കെട്ടിച്ചമച്ച ഹദീസുകൾ, കിംവദന്തികൾ, തമാശക്ക് പറയുന്ന നുണകൾ ഇവയെല്ലാം ഇക്കാലത്ത് മൊബൈൽ ഫോൺ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയും പരത്തുന്നവർ, അതിന്റെ പരിണിത ഫലങ്ങളെക്കുറിച്ച് അറിയുന്നില്ല-വിവർത്തക).

നഗ്നരായി കാണപ്പെട്ട പുരുഷന്മാരും സ്ത്രീകളും വ്യഭിചാരികളും വ്യഭിചാരിണികളുമാണ്. രക്തത്തിന്റെ നദിയിൽ നീന്തുകയും വായിൽ കല്ല് പതിക്കുകയും ചെയ്യയാൾ പലിശ തിന്നുന്ന ആളാണ്. ഭയാനക രൂപത്തിൽ തീ കത്തിച്ചിരുന്ന ആൾ നരകത്തിന്റെ പാറാവുകാരനായ മാലിക് ആകുന്നു! ക്വുർആൻ പറയുന്നു: 'നരകവാസികൾ വിളിച്ച് കേഴും: മാലികേ, അങ്ങയുടെ നാഥൻ ഞങ്ങൾക്ക് ഇപ്പോൾ തന്നെ മരണം തന്നിരുന്നെങ്കിൽ നന്നായേനെ. മാലിക് പറയും: നിങ്ങളിവിടെത്തന്നെ താമസിക്കേണ്ടവർ തന്നെയാണ്' (സുഖ്റുഫ് 77).

തോട്ടത്തിന് നടുവിൽ നിന്നിരുന്ന ഏറെ ഉയരമുള്ള വ്യക്തി ഇബ്റാഹീം നബി(അ)യും അദ്ദേഹത്തിന്റെ ചുറ്റും കാണപ്പെട്ട ധാരാളം കുഞ്ഞുങ്ങൾ പ്രകൃതിമാർഗത്തിൽ മരിച്ച കുഞ്ഞുങ്ങളുമാണ്.

തദവസരം ഒരു സ്വഹാബി ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ ബഹുദൈവാരാധകരുടെ കുഞ്ഞുങ്ങളോ?' റസൂലുല്ലാഹി അരുളി: 'ബഹുദൈവാരാധകരുടെ കുഞ്ഞുങ്ങളുമുണ്ടായിരിക്കും.'

അവർ പറഞ്ഞു: താങ്കൾ കണ്ട പകുതി വിരൂപനും പകുതി സുന്ദരനുമായ വ്യക്തികൾ സൽകർമങ്ങളും ദുഷ്കർമങ്ങളും കൂട്ടിക്കലർത്തിയ ജനങ്ങളാണ്. എന്നാൽ അല്ലാഹു അവർക്ക് പൊറുത്ത് കൊടുത്തിരിക്കുന്നു'' (ബുഖാരി 7047).

നബി(സ്വ)യെക്കുറിച്ച് പരിശുദ്ധ കുർആനിൽ പറയുന്നു: "തീർച്ചയായും തന്റെ രക്ഷിതാവിന്റെ അതിമഹത്തായ ചില ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹം കണ്ടിട്ടുണ്ട്'' (അന്നജ്മ് 18).

ഈ സംഭവം പ്രസ്തുത ദൃഷ്ടാന്തങ്ങളിലൊന്നാണ്. ഇതിലൂടെ അല്ലാഹു നബിക്ക് ധാരാളം പാരത്രിക കാര്യങ്ങൾ കാട്ടിക്കൊടുത്തു. ഇതിന്റെ കാര്യങ്ങൾ മനസ്സിലാക്കാൻ റസൂൽ(സ്വ) തിരക്ക് കൂട്ടിയത് മനുഷ്യസഹജമായ അവസ്ഥയാണ്. പക്ഷേ, കൂട്ടത്തിലുള്ള മലക്കുകൾ ക്ഷമിക്കാൻ പറയുകയും നബി(സ്വ)ക്ഷമിക്കുകയും കാഴ്ചകൾ കണ്ട ശേഷം യാഥാർഥ്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു: "ധൃതികൂട്ടുന്നവനായിട്ടാകുന്നു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്റെ ദൃഷ്ടാന്തങ്ങൾ വഴിയെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. അതിനാൽ നിങ്ങൾ എന്നോട് ധൃതികൂട്ടരുത്'' (അൽഅൻബിയാഅ് 37).

ഇപ്രകാരം നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പാപങ്ങളുടെ പാരത്രിക പരിണിത ഫലങ്ങൾ നമുക്കിപ്പോൾ മനസ്സിലാകുകയില്ല. അല്ലാഹു അത് പരലോകത്തിലേക്ക് മാറ്റിവെച്ചിരിക്കുകയാണ്. പരലോകത്ത് എത്തുമ്പോൾ എല്ലാ യാഥാർഥ്യങ്ങളും നാം തിരിച്ചറിയും. ആകയാൽ നമ്മുടെ ജീവിതത്തിൽ അല്ലാഹുവിന്റെ വിധികളുമായി പൊരുത്തപ്പെടാനും വിധിവിലക്കുകൾ അംഗീകരിക്കുവാനും നാം തയ്യാറാകണം. എല്ലാത്തിന്റെയും കാരണം ഇപ്പോൾതന്നെ അറിയണമെന്ന് വാശിപിടിക്കരുത്. അല്ലാഹു തൗഫീക് നൽകട്ടെ.!

**ഉപസംഹാരം**

ഇമാം ഇബ്നുൽ ക്വയ്യിമിന്റെ രോഗവും മരുന്നും എന്ന അനുഗ്രഹീത ഗ്രന്ഥത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിവിധ ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. എല്ലാ രോഗങ്ങൾക്കും മരുന്നുകളുണ്ട്, എന്നാൽ

**നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പാപങ്ങളുടെ പാരത്രിക പരിണിത ഫലങ്ങൾ നമുക്കിപ്പോൾ മനസ്സിലാകുകയില്ല. അല്ലാഹു അത് പരലോകത്തിലേക്ക് മാറ്റിവെച്ചിരിക്കുകയാണ്. പരലോകത്ത് എത്തുമ്പോൾ എല്ലാ യാഥാർഥ്യങ്ങളും നാം തിരിച്ചറിയും. ആകയാൽ നമ്മുടെ ജീവിതത്തിൽ അല്ലാഹുവിന്റെ വിധികളുമായി പൊരുത്തപ്പെടാനും വിധിവിലക്കുകൾ അംഗീകരിക്കുവാനും നാം തയ്യാറാകണം**

പ്രധാനപ്പെട്ട രണ്ട് മരുന്നുകൾ പരിശുദ്ധ ക്വുർആനും നിഷ്കളങ്കമായ ദുആയുമാണ്, എല്ലാ രോഗങ്ങളും ഇവയിലൂടെ ചികിത്സിക്കേണ്ടതാണെങ്കിലും ഏറ്റവും ഗുരുതരമായ രോഗം പാപങ്ങളാണ്. കാരണം പാപങ്ങൾ ഇഹത്തിലും പരത്തിലും നാശനഷ്ടങ്ങൾക്ക് നിമിത്തമാണ്. പാപത്തിൽനിന്നുമുള്ള ചികിത്സ പശ്ചാത്താപമാണ്, എന്നീ കാര്യങ്ങളാണ് ഇതുവരെ വിവരിക്കപ്പെട്ടത്. ചുരുക്കത്തിൽ നാമെല്ലാവരും പശ്ചാത്താപത്തിന് തയ്യാറാകേണ്ടതാണ്. പശ്ചാത്താപം വെറും വാചകം കൊണ്ടല്ല എന്ന് മനസ്സിലാക്കുക. ചെയ്തുപോയ പാപത്തിൽ ദുഃഖിക്കുകയും ഇനിയൊരിക്കലും ചെയ്യുകയില്ലെന്ന് ഉറച്ചതീരുമാനമെടുക്കുകയും കഴിവിന്റെ പരമാവധി പരിഹാരങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് പടച്ചവനോട് മാപ്പിനായി താണുകേണ് ഇരക്കുക എന്നതാണ് പശ്ചാത്താപം (ഇസ്തിഗ്ഫാർ) കൊണ്ടുള്ള വിവക്ഷ. ആകയാൽ ഇത്തരമൊരു പശ്ചാത്താപത്തിന് നാമെല്ലാവരും സന്നദ്ധരാകുകയും നിരന്തരം ഇത് നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. പരിശുദ്ധ ക്വുർആനും ഹദീസുകളും പശ്ചാത്താപത്തെ പ്രേരിപ്പിക്കുക മാത്രമല്ല, അതുമായി ബന്ധപ്പെട്ട വിവിധ വചനങ്ങളും പഠിപ്പിച്ചുതരുന്നുണ്ട്. ഇവിടെ ഉപസംഹാരമെന്നോണം അതിൽ ചില വചനങ്ങൾ ഉദ്ധരി

ക്കുകയാണ്. ഇവ ഉപയോഗിച്ച് നാമെല്ലാവരും നിരന്തരം പശ്ചാത്തപിച്ച് മടങ്ങുക.

**ക്വുർആനിലും സുന്നത്തിലുമുള്ള പാപമോചന തേട്ടങ്ങൾ:**

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (അൽഅഅ്റാഫ് 23).

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ" (ഇബ്റാഹീം 40).

"ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ" (ഇബ്റാഹീം 41).

ഏറ്റവും ഗുരുതരമായ രോഗം പാപങ്ങളാണ്. കാരണം പാപങ്ങൾ ഇഹത്തിലും പരത്തിലും നാശനഷ്ടങ്ങൾക്ക് നിമിത്തമാണ്. പാപത്തിൽനിന്നുമുള്ള ചികിത്സ പശ്ചാത്താപമാണ്, എന്നീ കാര്യങ്ങളാണ് ഇതുവരെ വിവരിക്കപ്പെട്ടത്. ചുരുക്കത്തിൽ നാമെല്ലാവരും പശ്ചാത്താപത്തിന് തയ്യാറാകേണ്ടതാണ്. പശ്ചാത്താപം വെറും വാചകം കൊണ്ടല്ല എന്ന് മനസ്സിലാക്കുക. ചെയ്തുപോയ പാപത്തിൽ ദുഃഖിക്കുകയും ഇനിയൊരിക്കലും ചെയ്യുകയില്ലെന്ന് ഉറച്ചതീരുമാനമെടുക്കുകയും കഴിവിന്റെ പരമാവധി പരിഹാരങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് പടച്ചവനോട് മാപ്പിനായി താണുകേണ് ഇരക്കുക എന്നതാണ് പശ്ചാത്താപം (ഇസ്തിഗ്ഫാർ) കൊണ്ടുള്ള വിവക്ഷ.

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരുവിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (അൽഹശ്ർ 10).

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ച് തരികയും, ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു" (അത്തഹ്രീം 8).

"ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരകശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ" (ആലുഇംറാൻ 16).

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും,ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും, സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെനീ സഹായിക്കുകയും ചെയ്യേണമേ" (ആലുഇംറാൻ 147).

"എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ" (അൽമുഅ്മിനൂൻ 118).

പ്രവാചകൻ(സ്വ) തന്റെ സുഹൃത്തായ അബൂബക്റി(റ)ന് പഠിപ്പിച്ച് കൊടുത്ത പ്രാർഥന:

"അല്ലാഹുവേ, ഞാൻ എന്നോടുതന്നെ ധാരാളമായി അതിക്രമം പ്രവർത്തിച്ചിരിക്കുന്നു. നീയല്ലാതെ പാപങ്ങൾ പൊറുക്കില്ല. ആകയാൽ നിന്റെ പക്കലുള്ള പൊറുക്കലിൽനിന്ന് എനിക്ക് നീ പൊറുത്തുതരേണമേ. എനിക്ക് നീ കരുണയേകണേ. നിശ്ചയം, നീയാകുന്നു ഏറെ പൊറുക്കുന്നവനും കാരുണ്യവാനും" (ബുഖാരി, മുസ്‌ലിം).

"അല്ലാഹുവേ, നിശ്ചയം ഞാൻ നിന്നെക്കൊണ്ട് ചോദിക്കുന്നു. അല്ലാഹുവേ, നീയാണ് ഏകനും പരാശ്രയ മുക്തനും. നീ ജനിച്ചിട്ടില്ല, ജനിക്കപ്പെട്ടവനുമല്ല, നിനക്ക് തുല്യമായി യാതൊന്നും തന്നെയില്ല. നീ എനിക്ക് എന്റെ പാപങ്ങൾ പൊറുത്തുതരേണമേ. നിശ്ചയം, നീയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാവാരിധിയും" (നസാഈ, അഹ്മദ്).

**സയ്യിദുൽ ഇസ്തിഗ്ഫാർ**

ഈ ദിക്റിനെക്കുറിച്ച് നബി(സ്വ) അരുളി: "ഒരാൾ ഇതിനെക്കുറിച്ചുള്ള ദൃഢവിശ്വാസത്തോടെ പകലിൽ ഈ ദിക്ർ ചൊല്ലുകയും അങ്ങനെ ആ പകലിൽ വൈകുന്നേരമാകുന്നതിന് മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗാവകാശിയാണ്. അതുപോലെ ദൃഢവിശ്വാസത്തോടെ രാത്രിയിൽ ഇത് ചൊല്ലിയാൽ നേരം പുലരും മുമ്പ് അയാൾ മരിച്ചാൽ അയാൾ സ്വർഗാവകാശിയാണ്" (ബുഖാരി).

"അല്ലാഹുവേ, നീയാണ് എന്റെ രക്ഷിതാവ്. നീയല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാണ്. ഞാൻ നിന്നോടുള്ള കരാറും വാഗ്ദാനവും കഴിയുന്നത്ര പാലിക്കുന്നു. ഞാൻ ചെയ്തുപോയ എല്ലാ തിന്മകളിൽനിന്നും നിന്നോട് ശരണം തേടുന്നു. എനിക്ക് നീ അനുഗ്രഹം ചെയ്തത് ഞാൻ അംഗീകരിക്കുന്നു. എന്റെ പാപങ്ങൾ ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീയല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല."

***(അവസാനിച്ചു)***



**വിമർശനങ്ങൾക്ക് കൂച്ചുവിലങ്ങിടുക എന്നത് മാത്രമല്ല, വിമർശങ്ങളോടുള്ള സമീപനത്തിൽ പക്ഷപാതിത്വം കാണിക്കുക എന്നത് കൂടിയാണ് വർത്തമാനകാല ഇന്ത്യ അനുഭവിക്കുന്ന വലിയ ദുരന്തം. പ്രവാചകനെ ഭത്സിക്കുന്നവരോട് മൃദുസമീപനം പുലർത്തുന്ന അതേ ഗവൺമെൻറ് തന്നെ ഭരണകൂട വിമർശനത്തിനെതിരെ ഉടവാളൂരി ഉറഞ്ഞുതുള്ളുന്നു. നുപുർ രക്ഷപ്പെടുകയും ടീസ്റ്റയും സുബൈറും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നത് ഫാസിസം ഇന്ത്യയെ കീഴടക്കിക്കൊണ്ടിരിക്കുന്നതിന്റെ ലക്ഷണമാണ്.**

ജ

# ടീസ്റ്റ, സുബൈർ, ശ്രീകുമാർ; ഇരട്ടനീതിയുടെ മോദി ഭരണകാലം

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

2014 മുതൽ ആരംഭിച്ച ഇന്ത്യൻ ഫാസിസത്തിന്റെ തേരോട്ടം അനുസ്യൂതമായി തുടർന്നുകൊണ്ടിരിക്കുകയാണ്. വിരുദ്ധാഭിപ്രായങ്ങൾ പറയുന്നവരെ മുഴുവൻ തുറങ്കലിൽ അടച്ചും ന്യൂനപക്ഷങ്ങൾക്കെതിരെ കരിനിയമങ്ങൾ ആവിഷ്കരിച്ചും മുസ്‌ലിം സമുദായത്തെ ശത്രുപക്ഷത്ത് നിറുത്തിയും മോദിയും അമിത്ഷായും രാജ്യത്തെ വരിഞ്ഞുമുറുക്കുകയാണ്. എതിർക്കുന്നവരെയെല്ലാം അരിഞ്ഞുവീഴ്ത്തുക എന്ന ഫാസിസ്റ്റ് രീതിയിൽ ഒരു അയവും വരുത്തില്ല എന്ന സന്ദേശം നൽകുന്ന വിധത്തിലാണ് കേന്ദ്രസർക്കാറിന്റെയും ബിജെപി സംഘ്പരിവാർ സർക്കാറുകളുടെയും ഭീഷണികൾ. ടീസ്റ്റ സെതൽവാദ്, ആർ.ബി ശ്രീകുമാർ എന്നിവരുടെ അറസ്റ്റും നടപടിക്രമങ്ങളും ഈ സന്ദേശമാണ് നൽകുന്നത്. 2002 ലെ ഗുജറാത്ത് കലാപത്തിൽ നരേന്ദ്ര മോദിയുടെ പങ്ക് വിളിച്ചു പറഞ്ഞതിനുള്ള പ്രതികാരമാണ് അറസ്റ്റ്. ഗുജറാത്ത് കലാപത്തിന്റെ പേരിൽ മോഡിയെയും അമിത്ഷായെയും വിമർശിച്ചതിന്റെ കാരണത്താലാണ് മറ്റൊരു കേസിൽ ചാർജ് ഷീറ്റ് നൽകി സഞ്ജീവ് ഭട്ടിനെ മൂന്ന് വർഷം മുമ്പ് ജയിലിൽ അടച്ചത്.

### നുപുറിന്റെ പ്രവാചക നിന്ദയും സുബൈറിന്റെ അറസ്റ്റും

പ്രവാചക നിന്ദ നടത്തിയ ബിജെപി മുൻ വക്താവ് നുപുർ ശർമക്കെതിരെ കേസെടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്യുന്നതിന് പകരം നുപുറിന്റെ പ്രവാചക നിന്ദയും വിദ്വേഷ പരാമർശവും പുറത്തുകൊണ്ടുവന്ന 'ആൾട്ട് ന്യൂസ്' സമാന്തര മാധ്യമത്തിന്റെ സഹസ്ഥാപകൻ മുഹമ്മദ് സുബൈറിനെ



തിരെ കേസെടുത്തതും പ്രതികാരത്തിനായി സംഘ്സർക്കാർ എന്തും ചെയ്യുമെന്നതിലേക്കുള്ള സൂചനയാണ്.

2020ലെ ഒരു കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യാൻ വേണ്ടിയാണ് പോലീസ് സുബൈറിനോട് ഹാജരാകാൻ ആവശ്യപ്പെട്ടത്. ഈ കേസിൽ നേരത്തെ തന്നെ കോടതി സുബൈറിന് അറസ്റ്റിൽ നിന്നുള്ള സംരക്ഷണം നൽകിയിട്ടുമുണ്ട് എന്നാൽ പോലീസിന് മുമ്പിൽ ഹാജരായ സുബൈറിനെ പുതിയ എഫ്.ഐ.ആർ ഉണ്ടെന്ന് പറഞ്ഞാണ് അറസ്റ്റ് ചെയ്തത്. എന്നാൽ അതിന്റെ പകർപ്പോ സമൻസോ സുബൈറിന് കൈമാറാൻ അവർ തയ്യാറായതുമില്ല. ഐപിസി 153(എ) പ്രകാരം വിവിധ മതവിഭാഗങ്ങൾക്കിടയിൽ ശത്രുതയുണ്ടാക്കിയതിനും, 295(എ) പ്രകാരം മതവികാരം വ്രണപ്പെടുത്തിയതിനുമാണ് കേസ് ചാർജ് ചെയ്തത്.

നാല് വർഷം മുമ്പ് സുബൈർ മോഡിയെ വിമർശിച്ച് '2014ന് മുമ്പ് ഹണിമൂൺ ഹോട്ടൽ, 2014ന് ശേഷം ഹനുമാൻ ഹോട്ടൽ' എന്ന് ട്വീറ്റ് ചെയ്തിരുന്നുവെന്നാണ് പോലീസിന്റെ കണ്ടെത്തൽ. 1983 ൽ ഇറങ്ങിയ 'കിസി സെ ന കഹന' എന്ന ഹിന്ദി സിനിമയിലെ ഒരു ഡയലോഗ് എടുത്ത് അങ്ങനെ തന്നെ ട്വീറ്റ് ചെയ്യുകയായിരുന്നു. ഒരു മതവിഭാഗത്തെ നിന്ദിക്കുന്നതാണ് ഇതെങ്കിൽ സിനിമക്കെതിരെ കേസെടുക്കേണ്ടതായിരുന്നു. എന്നിരുന്നാലും ഇത്തരം പ്രയോഗങ്ങൾ ഒരു മതനിരപേക്ഷ സമൂഹത്തിൽ ഉണ്ടാവാതെ നോക്കൽ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. എന്നാൽ പ്രവാചക നിന്ദ നടത്തിയ നുപുർ ശർമ്മയെ അറസ്റ്റ് ചെയ്യാതെ അവരെ വിമർശിക്കുന്നവരെ അറസ്റ്റ് ചെയ്യുന്നത് മാന്യതക്ക് നിരക്കുന്നതല്ല.

മുഖ്യധാരാ മാധ്യമങ്ങൾ മറച്ചുവെക്കുന്നതും വസ്തുതവിരുദ്ധമായി റിപ്പോർട്ട് ചെയ്യുന്നതുമായ വാർത്തകളുടെ നിജഃസ്ഥിതി പുറത്തുകൊണ്ടുവരുന്നതിന് മാധ്യമപ്രവർത്തകനായ മുഹമ്മദ് സുബൈർ പ്രതീക് സിൻഹയുമൊത്ത് 2017ൽ ആരംഭിച്ചതാണ് ആൾട്ട് ന്യൂസ് എന്ന ഓൺലൈൻ സമാന്തര മാധ്യമ സ്ഥാപനം. ലോകത്തെതന്നെ ഏറ്റവും വലിയ 'ഫാക്റ്റ് ചെക്കിങ്' സ്ഥാപനമായി ഇത് മാറി. ഇതേ തുടർന്ന് സമൂഹ മാധ്യമങ്ങളിൽ നിരന്തരം തീവ്ര ഹിന്ദുത്വ ഗ്രൂപ്പുകളുടെ സൈബർ ആക്രമണങ്ങൾക്കും കേസുകൾക്കും ഇരുവരും ഇരയായിട്ടുണ്ട്.

### ഇരട്ടനീതിക്കെതിരെ സുപ്രീംകോടതി

ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും നടപടിക്ക് പിന്നിലുള്ള ആന്തരോദ്ദേശ്യം വ്യക്തമാണ്. പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കുമെതിരെ സംസാരിച്ചാലുള്ള പര്യവസാനം കടുത്തതായിരിക്കുമെന്ന സന്ദേശം നൽകുക എന്നത് മാത്രമാണ് നടപടിക്ക് പിന്നിലുള്ളത്. ദുരുദ്ദേശ്യങ്ങൾ സർക്കാർ മൂടിവെച്ചാലും ഒരു ഘട്ടത്തിൽ അത് പുറത്തുവരുമെന്നതിനുള്ള തെളിവാണ് സുപ്രീം കോടതി നുപുർ ശർമ്മക്കെതിരെ നടത്തിയ കടുത്ത പരാമർശങ്ങൾ. ജുഡീഷ്യറിയുടെ വായ മൂടിക്കെട്ടാൻ സർക്കാർ കുറെകാലമായി ശ്രമിച്ചുവ

**വിരുദ്ധാഭിപ്രായങ്ങൾ പറയുന്നവരെ മുഴുവൻ തുറങ്കലിൽ അടച്ചും ന്യൂനപക്ഷങ്ങൾക്കെതിരെ കരിനിയമങ്ങൾ ആവിഷ്കരിച്ചും മുസ്‌ലിം സമുദായത്തെ ശത്രുപക്ഷത്ത് നിറുത്തിയും മോദിയും അമിത്ഷായും രാജ്യത്തെ വരിഞ്ഞുമുറുക്കുകയാണ്. എതിർക്കുന്നവരെയെല്ലാം അരിഞ്ഞുവീഴ്ത്തുക എന്ന ഫാസിസ്റ്റ് രീതിയിൽ ഒരു അയവും വരുത്തില്ല എന്ന സന്ദേശം നൽകുന്ന വിധത്തിലാണ് കേന്ദ്ര സർക്കാറിന്റെയും ബിജെപി സംഘ്പരിവാർ സർക്കാറുകളുടെയും ഭീഷണികൾ. ടീസ്റ്റ സെതൽവാദ്, ആർ.ബി ശ്രീകുമാർ എന്നിവരുടെ അറസ്റ്റും നടപടിക്രമങ്ങളും ഈ സന്ദേശമാണ് നൽകുന്നത്.**

**അയോധ്യാ വിഷയം ആളിക്കത്തിച്ചിട്ടും ബാബരി മസ്ജിദ് തകർത്തിട്ടും ഗുജറാത്തിൽ വേണ്ടവിധം ബിജെപിക്ക് വളരാൻ സാധിച്ചിരുന്നില്ല. അതേസമയം യുപി അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അയോധ്യ വിഷയം വഴി ബിജെപി വളരുകയും ചെയ്തു. അതുകൊണ്ടുതന്നെ ഗുജറാത്തിൽ ശക്തമായ വർഗീയ ധ്രുവീകരണം സൃഷ്ടിച്ചെങ്കിൽ മാത്രമെ ഭരണം നിലനിർത്താൻ കഴിയൂ എന്ന് മനസ്സിലാക്കിയ മോദി അതിനുവേണ്ട കരുക്കൾ നീക്കിത്തുടങ്ങി. അതാണ് 2002 ലെ ഗുജറാത്ത് കലാപത്തിന്റെ പശ്ചാത്തലം.**

രുന്നുണ്ട്. പക്ഷേ, എത്ര മൂടിക്കെട്ടിയാലും സത്യത്തിന്റെ ശബ്ദം പുറത്തുവരുമെന്നതാണ് ജൂലൈ ഒന്നിന് സുപ്രീം കോടതിയിൽ നിന്നും ഉയർന്നുകേട്ടത്.

വിവിധ സംസ്ഥാനങ്ങളിലുള്ള കേസുകൾ ഡൽഹിയിലേക്ക് മാറ്റണമെന്ന നുപുർ ശർമ്മയുടെ അപ്പീലിന്മേൽ ജസ്റ്റിസ് സൂര്യകാന്ത് നടത്തിയ പരാമർശങ്ങൾ ഫാസിസത്തിനെതിരെയും നീതിന്യായ വ്യവസ്ഥിതിയുടെ ശബ്ദം ഉയർന്നുവരുമെന്നതിനുള്ള തെളിവാണ്. 'നുപുർ രാജ്യത്തോട് മാപ്പ് പറയണം, നുപുറിന്റെ വാക്കുകളാണ് രാജ്യമാകെ തീപടർത്തിയത്, എന്ത് വിളിച്ചുപറഞ്ഞാലും അധികാരത്തിന്റെ പിന്തുണയുണ്ടാവും എന്ന ധാർഷ്ട്യം പാടില്ല, നിരവധി എഫ്ഐആറുകൾ ഉണ്ടായിട്ടും നുപുറിനെ എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ല, രാഷ്ട്രീയ സ്വാധീനമല്ലേ അവരെ രക്ഷപ്പെടുത്തുന്നത് തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ച കോടതിയോട് 'അവരുടെ ജീവന് ഭീഷണിയുണ്ട്' എന്ന് പറഞ്ഞ നുപുറിന്റെ അഭിഭാഷകനോട് കോടതി മറുപടി പറഞ്ഞത് കടുത്ത ഭാഷയിലായിരുന്നു. 'അവർക്ക് ഭീഷണിയുണ്ടെന്നാണോ അവർ ഒരു സുരക്ഷാ ഭീഷണിയാണെന്നാണോ കരുതേണ്ടത്' എന്നായിരുന്നു കോടതിയുടെ പ്രതിഷേധ സ്വരത്തിലുള്ള പരാമർശം.

വിദ്വേഷ പ്രസ്താവനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും വർഗീയ വിഷം പരത്തുകയും ചെയ്യുന്ന സംഘ്പരിവാർ നേതാക്കൾക്കെതിരെയും സർക്കാർ അനുകൂലികൾക്കെതിരെയും ചെറുവിരലനക്കാൻ തയ്യാറില്ലാത്ത ഭരണകൂടം സർക്കാരിനെയോ പ്രധാനമന്ത്രിയെയോ വിമർശിക്കുന്നവരെയും അവരെ പിന്തുണക്കുന്നവരെയുമെല്ലാം അറസ്റ്റ് ചെയ്ത് കാരാഗൃഹങ്ങളിലേക്കയക്കാൻ തിടുക്കം കൂട്ടുകയാണ്. ഭരണനേതൃത്വത്തിലുള്ളവർക്ക് അത്യാവശ്യം ഉണ്ടാകേണ്ട ഗുണങ്ങളാണ് നൈതികതയും സാന്മാർഗികതയും. ഇത് രണ്ടുമില്ലെങ്കിൽ ഏതൊരു ഭരണകൂടവും തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ അസാന്മാർഗിക മാർഗങ്ങളെ ആശ്രയിക്കും. സംഘ്പരിവാറിന്റെ അന്തിമ ലക്ഷ്യം ഫാസിസമാണ്. ഹിന്ദുമതത്തിന്റെ വക്താക്കളായി അഭിനയിക്കുകയും ന്യൂനപക്ഷങ്ങളെ അരുക്കാക്കുകയും ചെയ്താൽ ഭൂരിപക്ഷത്തെ തങ്ങളുടെ കൂടെ നിറുത്താമെന്നും അതുവഴി കാലാകാലവും രാജ്യം ഭരിക്കാമെന്നും അവർ കണക്കുകൂട്ടുന്നു. അതിനുവേണ്ടി രാമരാജ്യം, ഹിന്ദുരാഷ്ട്രം തുടങ്ങിയ സംജ്ഞകൾ അവർ ഉപയോഗിക്കുകയും ചെയ്യുന്നു.

### ടീസ്റ്റയുടെ അറസ്റ്റും ഗുജറാത്ത് കലാപവും

ടീസ്റ്റ സെതൽവാദിനെ ഗുജറാത്ത് പോലീസ് അറസ്റ്റ് ചെയ്തത് ഗുജറാത്ത് കലാപത്തിൽ ഇരകളുടെ നീതിക്കുവേണ്ടി പ്രവർത്തിച്ചതിന്റെ പേരിലാണ്. ഇരുപതാണ്ടുകൾക്ക് മുമ്പ് നടന്ന കലാപത്തിന്റെ കാരണങ്ങളെ കുറിച്ച് അറിയണമെങ്കിൽ ഗുജറാത്തിനെ വിലയിരുത്തണം. സ്വാതന്ത്ര്യത്തിന് ശേഷം ഗുജറാത്ത് ഭരിച്ചുവന്നത് കോൺഗ്രസാണ്. 1960 ൽ ബോംബെ സംസ്ഥാനം വിഭജിച്ച് മഹാരാഷ്ട്രയും ഗുജറാത്തും രൂപം കൊണ്ടതിന് ശേഷം 1995 വരെയും ഗുജറാത്ത് ഭരിച്ചത് കോൺഗ്രസാണ്. ഇടക്കാലത്ത് അല്പകാലം ജനതയും ജനതാദളും സംസ്ഥാനം ഭരിച്ചിരുന്നു. എന്നാൽ 1995 നു ശേഷം കേശുഭായ് പട്ടേലിലൂടെയാണ് ബിജെപി ഗുജറാത്തിനെ കൈപ്പിടിയിൽ ഒതുക്കിയത്. 2001 ൽ പട്ടേൽ ആരോഗ്യപരമായ കാരണങ്ങളാൽ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചപ്പോൾ നറുക്ക് വീണത് ബിജെപി ദേശീയ സെക്രട്ടറിയായിരുന്ന നരേന്ദ്രമോദിക്കായിരുന്നു. 2014 ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയാകുന്നത് വരെയും മോദി ഗുജറാത്ത് മുഖ്യമന്ത്രിയായി തുടർന്നു.





മോദി ഗുജറാത്ത് മുഖ്യമന്ത്രിയായി അധികാരമേറ്റ 2001 കാലത്ത് ബിജെപിക്ക് നൂറ് ശതമാനവും പിടികൊടുത്തിരുന്ന സംസ്ഥാനമായിരുന്നില്ല ഗുജറാത്ത്. ഏതുസമയവും മാറിമറിയുന്ന രാഷ്ട്രീയ സാഹചര്യമായിരുന്നു അന്നുണ്ടായിരുന്നത്. അയോധ്യാ വിഷയം ആളിക്കത്തിച്ചിട്ടും ബാബരി മസ്ജിദ് തകർത്തിട്ടും ഗുജറാത്തിൽ വേണ്ടവിധം ബിജെപിക്ക് വളരാൻ സാധിച്ചിരുന്നില്ല. അതേസമയം യുപി അടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അയോധ്യ വിഷയം വഴി ബിജെപി വളരുകയും ചെയ്തു. അതുകൊണ്ടുതന്നെ ഗുജറാത്തിൽ ശക്തമായ വർഗീയ ധ്രുവീകരണം സൃഷ്ടിച്ചെങ്കിൽ മാത്രമെ ഭരണം നിലനിർത്താൻ കഴിയൂ എന്ന് മനസ്സിലാക്കിയ മോദി അതിനുവേണ്ട കരുക്കൾ നീക്കിത്തുടങ്ങി. അതാണ് 2002 ലെ ഗുജറാത്ത് കലാപത്തിന്റെ പശ്ചാത്തലം.

**ഗോധ്ര തീവെപ്പ് ആസൂത്രിതം ?!**

2002 ഫെബ്രുവരി 27 ന് അയോധ്യയിൽനിന്നും തീർഥാടനം കഴിഞ്ഞ് അഹമ്മബദാബാദിലേക്ക് സബർമതി എക്സ്പ്രസിൽ മടങ്ങുകയായിരുന്ന 'സന്യാസി'മാർ ട്രെയിൻ പുറപ്പെട്ടതുമുതൽ ട്രെയിനിലെ യാത്രക്കാരെ 'ജയ് ശ്രീറാം' എന്ന് വിളിപ്പിക്കുകയും ഗോധ്ര സ്റ്റേഷനിൽ എത്തിയപ്പോൾ അവിടെയുള്ള കച്ചവടക്കാരുമായി തർക്കത്തിലേർപ്പെടുകയും ചെയ്തു. സഹയാത്രികർ അന്വേഷണ കമ്മീഷന് നൽകിയ മൊഴികളിൽ ഇത് വ്യക്തമാണ്. ഗോധ്ര സ്റ്റേഷനിൽ വാക്കുതർക്കം കൊടുമ്പിരികൊള്ളുന്ന സമയത്ത് തീവണ്ടിയുടെ നാലു കോച്ചുകൾ അഗ്നിക്കിരയാക്കപ്പെട്ടു. 25 സ്ത്രീകളും, 25 കുട്ടികളും, ഒമ്പതു പുരുഷന്മാരും ജീവനോടെ ചുട്ടെരിക്കപ്പെട്ടു. ഇതാണ് ഗോധ്ര സംഭവം. ഗുജറാത്തിൽ ഹിന്ദുത്വ വികാരം ആളിക്കത്തിക്കുന്നതിനായി ആസൂത്രണം ചെയ്ത് തയ്യാറാക്കപ്പെട്ട സംഭവമായാണ് ഈ സംഭവം അറിയപ്പെടുന്നത്. ട്രെയിനിന് തീവെച്ചത് മുസ്‌ലിംകളാണെന്ന വ്യാജ പ്രചരണം ഒരു ഹിന്ദു-മുസ്‌ലിം കലാപമാക്കി അതിനെ മാറ്റി. ഗോധ്ര സംഭവത്തെ തുടർന്ന് അഹമ്മദാബാദിൽ ആളിപ്പടർന്ന കലാപമാണ് ഗുജറാത്ത് കലാപം (2002) എന്നറിയപ്പെടുന്നത്. മൂന്ന് ദിവസം തുടർന്ന കലാപത്തിൽ 790 മുസ്‌ലിംകൾ, 254 ഹിന്ദുക്കൾ എന്നിങ്ങനെ 1044 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്കെങ്കിലും രണ്ടായിരത്തോളം പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. കലാപം നടന്ന ഉടനെ വാഷിംഗ്ടൺ പോസ്റ്റിൽ 'What really happened in Godhra' എന്ന തലക്കെട്ടിൽ പ്രമുഖ പത്രപ്രവർത്തകൻ രാജീവ് ചന്ദ്രശേഖരൻ ഇക്കാര്യങ്ങൾ വ്യക്തമായി എഴുതിയിട്ടുണ്ട്. ട്രെയിനിലുണ്ടായ കശപിശകളെ ട്രെയിൻ കത്തിക്കുന്നതിലേക്കും തുടർന്ന് വർഗീയ കലാപമാക്കുന്നതിലേക്കും നരേന്ദ്രമോദി അടക്കമുള്ളവർക്ക് വലിയ പങ്കുണ്ട് എന്ന് അന്നുതന്നെ പരാതി ഉയർന്നിരുന്നു.

**ഗുജറാത്തിൽ ഹിന്ദുത്വ വികാരം ആളിക്കത്തിക്കുന്നതിനായി ആസൂത്രണം ചെയ്ത് തയ്യാറാക്കപ്പെട്ട സംഭവമായാണ് ഗോധ്ര തീവെപ്പ് അറിയപ്പെടുന്നത്. ട്രെയിനിന് തീവെച്ചത് മുസ്‌ലിംകളാണെന്ന വ്യാജ പ്രചരണം ഒരു ഹിന്ദു-മുസ്‌ലിം കലാപമാക്കി അതിനെ മാറ്റി. ഗോധ്ര സംഭവത്തെ തുടർന്ന് അഹമ്മദാബാദിൽ ആളിപ്പടർന്ന കലാപമാണ് ഗുജറാത്ത് കലാപം (2002) എന്നറിയപ്പെടുന്നത്. മൂന്ന് ദിവസം തുടർന്ന കലാപത്തിൽ 790 മുസ്‌ലിംകൾ, 254 ഹിന്ദുക്കൾ എന്നിങ്ങനെ 1044 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്കെങ്കിലും രണ്ടായിരത്തോളം പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.**

**ഇർഫാൻ ജാഫ്‌റിയുടെ ദാരുണ അന്ത്യം**

ഗോധ്ര സംഭവത്തിന്റെ പിറ്റേദിവസം അഹമ്മദാബാദിന്റെ പ്രാന്തപ്രദേശമായ ചമൻപൂരിലെ മുസ്‌ലിംകൾ മാത്രം താമസിക്കുന്ന ഗുൽബർഗ സൊസൈറ്റിയിൽ ഇരുപതിനായിരത്തോളം വരുന്ന അക്രമികൾ അഴിഞ്ഞാടി. മുസ്‌ലിം വീടുകൾ അഗ്നിക്കിരയാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അവിടെയായിരുന്നു ഇഹ്സാൻ ജാഫ്‌റി താമസിച്ചിരുന്നത്. കോൺഗ്രസ് നേതാവും എഴുത്തുകാരനും പാർലമെന്റേറിയനുമായിരുന്ന ജാഫ്‌റി ആർഎസ്എസിനെതിരെ ബൗദ്ധിക വിപ്ലവം നയിച്ചിരുന്ന ഗ്രന്ഥകാരൻ കൂടിയായിരുന്നു.

ഹിന്ദു മുസ്‌ലിം സാഹോദര്യത്തിന് വേണ്ടി യത്നിച്ച അദ്ദേ

**വർഗീയതക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയും വർഗീയതയെ പ്രോത്സാഹിപ്പിക്കുന്ന വിഭാഗങ്ങൾക്കെതിരെ പ്രതികരിക്കുന്നതിന് വേണ്ടിയും സ്ഥാപിച്ച 'കമ്യൂണലിസം കോമ്പാറ്റ്' (Communalism Combat) എന്ന മാസികയുടെ എഡിറ്റർമാരാണ് ജാവേദ് ആനന്ദും അദ്ദേഹത്തിന്റെ പത്നി ടീസ്റ്റ സെതൽവാദും. മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പോരാടുന്നതിനായി രൂപംകൊണ്ട സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് (Citizens for Justice & Peace) എന്ന സംഘടനയുടെ സിക്രട്ടറിയാണ് സെതൽവാദ്.**

### ടീസ്റ്റ സെതൽവാദിന്റെ രംഗപ്രവേശനം

വർഗീയതക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയും വർഗീയതയെ പ്രോത്സാഹിപ്പിക്കുന്ന വിഭാഗങ്ങൾക്കെതിരെ പ്രതികരിക്കുന്നതിന് വേണ്ടിയും സ്ഥാപിച്ച 'കമ്യൂണലിസം കോമ്പാറ്റ്' (Communalism Combat) എന്ന മാസികയുടെ എഡിറ്റർമാരാണ് ജാവേദ് ആനന്ദും അദ്ദേഹത്തിന്റെ പത്നി ടീസ്റ്റ സെതൽവാദും. മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പോരാടുന്നതിനായി രൂപംകൊണ്ട സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് (Citizens for Justice & Peace) എന്ന സംഘടനയുടെ സിക്രട്ടറിയാണ് സെതൽവാദ്.

ഉറ്റവരും ഉടയവരും കൊല്ലപ്പെട്ട ഗുജറാത്തിലെ പരശ്ശതം മനുഷ്യരുടെ ബന്ധുക്കൾക്ക് ആശ്വാസമായി അവരുടെ കൂടെ നിന്നത് ടീസ്റ്റയായിരുന്നു. ഗുജറാത്ത് കോടതി കേസിനെ നിർവീര്യമാക്കിയപ്പോൾ അവയെ സുപ്രീംകോടതിയിൽ സജീവമാക്കിയതും അവരായിരുന്നു. ബെസ്റ്റ് ബേക്കറി കേസിലെ ഇരകളായ സാഹിറാശൈഖിനും മാതാവിനും ഇഹ്സാൻ ജാഫ്റിയുടെ വിധവ സാകിയ ജാഫ്റിക്കും വേണ്ടി അവർ സുപ്രീം കോടതിയിൽ കേസ് നടത്തിയത് സൗജന്യമായിട്ടായിരുന്നു. സംഘ് പ്രഭൃതികൾ അവരെ കൊലപ്പെടുത്താൻ നിരവ

ഹം ഇന്ദിരാഗാന്ധിയുടെ വളരെ അടുത്ത അനുയായിയായിരുന്നു. ഗുൽബർഗ സൊസൈറ്റിയുടെ ചുറ്റുമതിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പൊട്ടിച്ച് അതിക്രമിച്ച് കടന്ന അക്രമികളെ ഇഹ്സാൻ ജാഫ്റി ധൈര്യപൂർവം നേരിട്ടുവെങ്കിലും ഒടുവിൽ അവരും അഗ്നിക്കിരയായി. അവർ ജീവനോടെ അദ്ദേഹത്തിന്റെ അവയവങ്ങൾ വെട്ടിമാറ്റി തീയിലിടുകയായിരുന്നു. അക്രമികൾ തടിച്ചുകൂടിയപ്പോൾ തന്നെ ജാഫ്റിയും മറ്റു കോൺഗ്രസ് നേതാക്കളും മുഖ്യമന്ത്രി നരേന്ദ്രമോദിയോടും ഡിജിപിയോടും സഹായമർഥിച്ചുവെങ്കിലും അവർ അങ്ങോട്ട് തിരിഞ്ഞുനോക്കിയില്ല. മേഘാനി നഗർ പോലീസ് സ്റ്റേഷൻ മേധാവി കെ.ജി എർഡ അക്രമികൾക്ക് മൂന്ന് നാല് മണിക്കൂർ സമയം അനുവദിച്ചുവെന്ന് എർഡ തന്നെ പറഞ്ഞതായി തെഹൽകയുടെ ആശിഷ് കേതൻ വെളിപ്പെടുത്തിയിരുന്നു. (Safehouse of horrors, Web Archives, Tehelka).

### ബെസ്റ്റ് ബേക്കറി തീവെപ്പ്

ഇഹ്സാൻ ജാഫ്റി ദാരുണമായി കൊല്ലപ്പെട്ടതിന്റെ പിറ്റേ ദിവസം മാർച്ച് 1 നു വഡോദരയിലെ ഹനുമാൻ തെക്രി പ്രദേശത്ത് ഒരു ബേക്കറിയും അതിലെ 14 പേരെയും അഗ്നിക്കിരയാക്കിയ സംഭവമാണ് ബെസ്റ്റ് ബേക്കറി തീവെപ്പ് എന്നറിയപ്പെടുന്നത്. ഈ കേസും ഗുജറാത്ത് സർക്കാറും അവിടത്തെ നീതിന്യായ വ്യവസ്ഥിതിയും തീർത്തും എഴുതിത്തള്ളുകയായിരുന്നു. മുസ്‌ലിം സമുദായത്തിൽ പെട്ട 'ശൈഖ്' വിഭാഗം നടത്തിവന്നിരുന്ന ബേക്കറിയിൽ മൂന്ന് ഹൈന്ദവ സഹോദരങ്ങളും ജോലി ചെയ്തിരുന്നു. അവരെയും അക്രമികൾ അഗ്നിക്കിരയാക്കി. തീവെപ്പിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട പത്തൊമ്പതുകാരിയായ സഹീറ ശൈഖിന് ജീവഭയം കാരണം സത്യം മുഴുവൻ പറയാൻ സാധിച്ചില്ല. സത്യം പറഞ്ഞാൽ കൊന്നുകളയുമെന്ന് ഒരു ബിജെപി എംഎൽഎ ഭീഷണിപ്പെടുത്തി. മൊഴി മാറ്റിപ്പറയാൻ സഹീറ അടക്കമുള്ളവർ നിർബന്ധിതരായി. മുഴുവൻ പ്രതികളെയും കോടതി കുറ്റവിമുക്തരാക്കുകയും ചെയ്തു.

ഗോധ്ര തീവെപ്പും ഗുൽബർഗ സൊസൈറ്റി അക്രമവും അഹമ്മദാബാദ് കലാപവും ബെസ്റ്റ് ബേക്കറി തീവെപ്പുമെല്ലാം ഗുജറാത്ത് സർക്കാരിന്റെ അറിവോടെയും അവരുടെ ഗൂഢാലോചനയുടെയും ഫലമായിരുന്നുവെന്നും ആസൂത്രിതമായ മുസ്‌ലിം വേട്ടയായിരുന്നുവെന്നും ലോകം മുഴുവൻ വിലയിരുത്തിയതാണെങ്കിലും 'സാക്ഷികളില്ലാ' ന്യായം പറഞ്ഞ് കുറ്റവാളികളെ വിട്ടയച്ചപ്പോൾ ഭാരതത്തിന്റെ നീതിന്യായ വ്യവസ്ഥക്ക് രണ്ടിറ്റ് കണ്ണീർ പൊഴിക്കുകയല്ലാതെ മറ്റു മാർഗങ്ങളില്ലായിരുന്നു.



ഇഹ്സാൻ ജാഫ്റിയുടെ വസതി: കലാപത്തിന് മുമ്പും ശേഷവും

ധി തവണ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. ഗുജറാത്ത് കലാപ പരമ്പരയിൽ ബിജെപിയുടെയും മോദിയുടെയും പങ്ക് പരസ്യമായി വിളിച്ചുപറഞ്ഞുകൊണ്ടുള്ള ഒരു പോരാട്ടത്തിന് തുടക്കം കുറിച്ചത് ടീസ്റ്റ സെതൽവാദായിരുന്നു. 2002 ജൂണിൽ അമേരിക്കയിലെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമ്മീഷനിൽ (United States Commission on International Religious Freedom)

ഗുജറാത്ത് കലാപത്തിലെ നിഗൂഢതകൾ അവതരിപ്പിച്ചുകൊണ്ട് ലോകത്തിന്റെ മുന്നിൽ കലാപത്തിന്റെ യഥാർഥ മുഖം അവതരിപ്പിച്ചതും അവരായിരുന്നു. യൂറോപ്യൻ യൂണിയൻ പാർലമെന്റും ഏഷ്യവാച്ച് പോലെയുള്ള മനുഷ്യാവകാശ സംഘടനകളും മോദിയുടെ കപട മുഖം മനസ്സിലാക്കാൻ കാരണമായത് ടീസ്റ്റയുടെ ഇടപെടലായിരുന്നു.

### മോദിക്കെതിരെ ടീസ്റ്റയുടെ ഉറച്ച പോരാട്ടം

2002ലെ ഗുജറാത്ത് അക്രമത്തിന് കൂട്ടുനിന്നുവെന്നാരോപിച്ച് അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രിയും ഇപ്പോഴത്തെ ഇന്ത്യൻ പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിയെയും മറ്റ് 62 രാഷ്ട്രീയക്കാരെയും സർക്കാർ ഉദ്യോഗസ്ഥരെയും ക്രിമിനൽ വിചാരണ ചെയ്യണമെന്ന് സുപ്രീം കോടതിയിൽ ടീസ്റ്റ നൽകിയ അപ്പീൽ ബിജെപിയെയും മോദിയെയും തെല്ലൊന്നുമല്ല വെള്ളം കുടിപ്പിച്ചത്. ഗോധ്ര ദുരന്തത്തെത്തുടർന്ന് 2002 ഫെബ്രുവരി 27ന് മോദി വിളിച്ചുചേർത്ത മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെയും മറ്റു ഉദ്യോഗസ്ഥരുടെയും യോഗത്തിൽ 'ഹിന്ദുക്കൾ അവരുടെ രോഷം തീർക്കട്ടെ' എന്ന നിർദ്ദേശം പുറപ്പെടുവിച്ചതായി ടീസ്റ്റ സെതൽവാദ് വഴി സാകിയ ജാഫ്റി നൽകിയ പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2002ലെ ഗുജറാത്ത് അക്രമത്തിന് കൂട്ടുനിന്നുവെന്നാരോപിച്ച് അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രിയും ഇപ്പോഴത്തെ ഇന്ത്യൻ പ്രധാനമന്ത്രിയുമായ നരേന്ദ്രമോദിയെയും മറ്റ് 62 രാഷ്ട്രീയക്കാരെയും സർക്കാർ ഉദ്യോഗസ്ഥരെയും ക്രിമിനൽ വിചാരണ ചെയ്യണമെന്ന് സുപ്രീം കോടതിയിൽ ടീസ്റ്റ നൽകിയ അപ്പീൽ ബിജെപിയെയും മോദിയെയും തെല്ലൊന്നുമല്ല വെള്ളം കുടിപ്പിച്ചത്. ഗോധ്ര ദുരന്തത്തെത്തുടർന്ന് 2002 ഫെബ്രുവരി 27ന് മോദി വിളിച്ചുചേർത്ത മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെയും മറ്റു ഉദ്യോഗസ്ഥരുടെയും യോഗത്തിൽ 'ഹിന്ദുക്കൾ അവരുടെ രോഷം തീർക്കട്ടെ' എന്ന നിർദ്ദേശം പുറപ്പെടുവിച്ചതായി ടീസ്റ്റ സെതൽവാദ് വഴി സാകിയ ജാഫ്റി നൽകിയ പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.**

പോലീസ് കൺട്രോൾ റൂമുകൾ കാബിനറ്റ് മന്ത്രിമാരുടെ നിയന്ത്രണത്തിലാണ്, പോലീസ് അന്വേഷണങ്ങൾ അട്ടിമറിക്കുന്നു, വിഎച്ച്പിക്കാരെ പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നു, സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നു, ഇന്റലിജൻസ് മുന്നറിയിപ്പുകൾ അവഗണിക്കുന്നു, കൂട്ടക്കൊലയുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കുന്നു തുടങ്ങിയ പരാതികളാണ് സുപ്രീം കോടതിയുടെ മുമ്പിൽ എത്തിച്ച മറ്റു പ്രധാനപ്പെട്ട കാര്യങ്ങൾ. എന്നാൽ ഹർജി നൽകി ഏഴ് വർഷങ്ങൾക്ക് ശേഷം 2009 ൽ മാത്രമാണ് ഒരു പ്രത്യേക അന്വേഷണ സംഘത്തെ (എസ്ഐടി) നിയോഗിച്ചത്. മുൻ സിബിഐ ഡയറക്റ്റർ ആർ.കെ രാഘവനായിരുന്നു എസ്.ഐ.ടിയുടെ തലവൻ. എസ്.ഐ.ടി 2010 നവംബറിൽ അന്തിമ റിപ്പോർട്ട് കോടതിക്ക് മുമ്പാകെ സമർപ്പിച്ചു. കോടതി മുൻ അഡിഷണൽ സോളിസിറ്റർ ജനറൽ രാജു രാമചന്ദ്രനെ കേസിന്റെ അമിക്കസ് ക്യൂറിയായി നിയമിച്ചു. 2011 ജനുവരിയിൽ അമിക്കസ് ക്യൂറി റിപ്പോർട്ട് നൽകി.

### മോദിയുടെ ഇടപെടൽ ശരിവെച്ച് അമിക്കസ് ക്യൂറിയും

2011 മാർച്ച് 15 ന്, അമിക്കസ് ക്യൂറിയുടെ നിരീക്ഷണങ്ങൾ പരിശോധിക്കാനും രേഖപ്പെടുത്തിയിരിക്കുന്ന മുഴുവൻ തെളിവുകളും പുനഃപരിശോധിക്കാനും കൂടുതൽ തെളിവുകൾ രേഖപ്പെടുത്തേണ്ടതുണ്ടെങ്കിൽ അത് ചെയ്യാനും സുപ്രീം കോടതി എസ്ഐടിയോട് നിർദേശിച്ചു. എസ്ഐടി ചെയർമാൻ ആർ.കെ.രാഘവന്റെ നിഗമനങ്ങൾ എസ്ഐടി അന്വേഷണത്തിന്റെ കണ്ടെത്തലുകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് കോടതി നിരീക്ഷിച്ചു. അതിനുശേഷം എസ്ഐടി കൂടുതൽ സാക്ഷികളെ വിസ്തരിക്കുകയും അവരുടെ മൊഴികൾ രേഖപ്പെടുത്തുകയും 2011 ഏപ്രിൽ 24 ന് അന്വേഷണ റിപ്പോർട്ട് സമർ

**ശേഖരിച്ച മുഴുവൻ വിവരങ്ങളും അന്തിമ റിപ്പോർട്ടും വിചാരണക്കോടതിയിൽ സമർപ്പിക്കാൻ എസ്ഐടിയോട് സുപ്രീം കോടതി നിർദേശിച്ചു. എന്നാൽ എസ്ഐടി അമിക്കസ് ക്യൂറിയുടെ നിഗമനത്തോട് യോജിച്ചില്ല. 2012 ഫെബ്രുവരി 8ന് അവർ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ഒടുവിൽ 2012 ഏപ്രിൽ 10 ന് അമിക്കസ് ക്യൂറിയെ തള്ളി കോടതി എസ്ഐടിയുടെ റിപ്പോർട്ട് അംഗീകരിച്ചു. മോദിയെയോ മറ്റു ഉന്നത ഉദ്യോഗസ്ഥരെയോ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള തെളിവുകളൊന്നും എസ്ഐടി കണ്ടെത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച കോടതി അന്വേഷണം അവസാനിപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. അങ്ങനെ മോദി കോടതിയിൽ നിന്ന് ക്ലീൻ ചിറ്റ് കരസ്ഥമാക്കി**

പ്പിക്കുകയും ചെയ്തു. 2011 മെയ് 5 ന് സുപ്രീം കോടതിയിൽ നടന്ന ഒരു വാദത്തിനിടെ, സാകിയ ജാഫ്റിയുടെ അഭിഭാഷകൻ ശാന്തി ഭൂഷൺ, എസ്ഐടി പലതും മൂടിവെക്കുകയാണെന്നും അതുകൊണ്ടുതന്നെ എസ്ഐടി റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു. 2002 ഫെബ്രുവരി 27 ന് മുഖ്യമന്ത്രി നരേന്ദ്രമോദി വിളിച്ചു ചേർത്ത യോഗത്തിൽ 'മുസ്ലിംകളെ ഒരു പാഠം പഠിപ്പിക്കാൻ' നിർദേശം നൽകിയതായി സഞ്ജീവ് ഭട്ട് സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് തനിക്ക് ലഭിച്ചതായി അമിക്കസ് ക്യൂറി രാജു രാമചന്ദ്രൻ സുപ്രീം കോടതിയെ അറിയിച്ചു. റിപ്പോർട്ടിന്റെ പകർപ്പുകളും എസ്ഐടി ചെയർമാന്റെ അഭിപ്രായങ്ങളും അമിക്കസ് ക്യൂറിക്ക് നൽകാൻ സുപ്രീം കോടതി ഉത്തരവിട്ടു. തെളിവുകളുടെയും സാക്ഷികളുടെ മൊഴികളുടെയും വെളിച്ചത്തിൽ അവ വിശകലനം ചെയ്യുകയും മുഴുവൻ തെളിവുകളും സ്വതന്ത്രമായി വിലയിരുത്തുകയും ചെയ്യണമെന്നും രേഖയിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ, ഏതെങ്കിലും വ്യക്തി എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ, അത് റിപ്പോർട്ടിൽ സൂചിപ്പിക്കണമെന്നും കോടതി അമിക്കസ് ക്യൂറിയോട് നിർദേശിച്ചു. മോദിയെ വിചാരണ ചെയ്യാൻ മതിയായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് അമിക്കസ് ക്യൂറി രാജു രാമചന്ദ്രൻ അന്തിമ റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കുകയും ചെയ്തു.

### മോദിക്ക് കോടതിയുടെ ക്ലീൻ ചിറ്റ്

തുടർന്ന്, ശേഖരിച്ച മുഴുവൻ വിവരങ്ങളും അന്തിമ റിപ്പോർട്ടും വിചാരണക്കോടതിയിൽ സമർപ്പിക്കാൻ എസ്ഐടിയോട് സുപ്രീം കോടതി നിർദേശിച്ചു. എന്നാൽ എസ്ഐടി അമിക്കസ് ക്യൂറിയുടെ നിഗമനത്തോട് യോജിച്ചില്ല. 2012 ഫെബ്രുവരി 8ന് അവർ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ഒടുവിൽ 2012 ഏപ്രിൽ 10 ന് അമിക്കസ് ക്യൂറിയെ തള്ളി കോടതി എസ്ഐടിയുടെ റിപ്പോർട്ട് അംഗീകരിച്ചു. മോദിയെയോ മറ്റു ഉന്നത ഉദ്യോഗസ്ഥരെയോ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള തെളിവുകളൊന്നും എസ്ഐടി കണ്ടെത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച കോടതി അന്വേഷണം അവസാനിപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. അങ്ങനെ മോദി കോടതിയിൽ നിന്ന് ക്ലീൻ ചിറ്റ് കരസ്ഥമാക്കി.

### വാദി പ്രതിയാവുന്നു; ടീസ്റ്റക്കെതിരെ എസ്.ഐ.ടി

പരാതിക്കാരിയായ സാകിയ ജാഫ്റിക്ക് ഒരു പ്രതിഷേധ ഹർജി (Protest Petition) ഫയൽ ചെയ്യാനുള്ള ഓപ്ഷൻ കോടതി നൽകി. അന്വേഷണ രേഖകൾ ഹർജിക്കാരിക്ക് നൽകുന്നതിൽ എസ്ഐടി എതിർപ്പുകൾ ഉന്നയിച്ചുവെങ്കിലും 2013 ഫെബ്രുവരി 7 ന്, സുപ്രീം കോടതി രേഖകൾ സാകിയ ജാഫ്റിക്ക് കൈമാറാൻ എസ്ഐടിയോട് ആവശ്യപ്പെട്ടു. തുടർന്ന് ഏപ്രിൽ 15 ന് സാകിയ അഹമ്മദാബാദ് കോടതിയിൽ പ്രതിഷേധ ഹർജി ഫയൽ ചെയ്തു. ഈ സന്ദർഭങ്ങളിലെല്ലാം സാകിയ ജാഫ്റിക്ക് പിന്തുണയായി ടീസ്റ്റയും അവരുടെ പാർട്ടി സിജെപിയും കൂടെയുണ്ടായിരുന്നു. ഈ ഹർജിയുടെ വാദം കേൾക്കെ, എസ്ഐടിയുടെ അഭിഭാഷകൻ നരേന്ദ്രമോദിക്കെതിരെയുള്ള എല്ലാ ആരോപണങ്ങളും സംഭവസ്ഥലത്ത് ഇല്ലാതിരുന്ന ടീസ്റ്റ സെതൽവാദ് കൃത്രിമമായി നിർമിച്ചതാണെന്ന് വാദിച്ചു. എന്നാൽ സഞ്ജീവ് ഭട്ടും അമിക്കസ് ക്യൂറി രാജു രാമചന്ദ്രനുമെല്ലാം തെളിവുകൾ ഹാജരാക്കിയിട്ടും അവയെയെല്ലാം മറച്ചുപിടിച്ച് നിഷ്കരുണം തള്ളുന്ന എസ്ഐടി തന്നെയും ഒരു ഗൂഢാലോചനക്കാരനെ പോലെയാണ് പെരുമാറുന്നതെന്നും സാകിയയുടെ അഭിഭാഷകൻ ശാന്തി ഭൂഷൺ തിരിച്ചടിച്ചു.

### അവസാനിക്കാത്ത നിയമപോരാട്ടം

മോദിയെയും ഉന്നത ഉദ്യോഗസ്ഥരെയും കുറ്റവിമുക്തമാക്കിയ വിചാരണക്കോടതിയുടെ വിധി 2017 ഒക്ടോബർ അഞ്ചിന് ഗുജറാത്ത് ഹൈക്കോടതി ശരിവെച്ചു. കലാപത്തിൽ വലിയ ഗൂഢാലോചനയുണ്ടെന്ന സാകിയ ജാഫ്റിയുടെ ആരോപണങ്ങൾ ഹൈക്കോടതി തള്ളുകയും ചെയ്തു. 2018 നവംബർ 19 ന് ഹൈക്കോടതി വിധിക്കെതിരെ അവർ വീണ്ടും സുപ്രീം കോടതിയെ സമീപിച്ചു. സാകിയ ജാഫ്റിക്ക് വേണ്ടി സുപ്രീം കോടതിയിൽ ഹാജരായത് പ്രമുഖ അഭിഭാഷകൻ കപിൽ സിബൽ ആയിരുന്നു. കേസിൽ മോദിക്കെതിരെയുള്ള തെളിവുകൾ വേണ്ട വിധം ഹൈക്കോടതി പരിശോധിച്ചിട്ടില്ലെന്ന അദ്ദേഹത്തിന്റെ വാദം സുപ്രീം കോടതി



അംഗീകരിച്ചില്ല. മോഡിക്ക് ക്ളീൻ ചിറ്റ് നൽകിയ ഗുജറാത്ത് കോടതിയുടെ വിധിയിൽ പുനരന്വേഷണം ആവശ്യപ്പെട്ട് അവർ 2021 നവംബറിൽ വീണ്ടും സുപ്രീം കോടതിയെ സമീപിച്ചു. നീണ്ട വാഗ്വാദങ്ങൾക്കൊടുവിൽ സാകിയ ജാഫ്റി ഉന്നയിച്ച പരാതികൾ മുഴുവൻ തള്ളിക്കൊണ്ട് 2022 ജൂൺ 24 ന് സുപ്രീംകോടതി കേസിൽ അന്തിമ വിധി പ്രഖ്യാപിച്ചു. സാകിയക്ക് സുപ്രീം കോടതി വിധിക്ക് കീഴടങ്ങേണ്ടി വന്നു. അവസാനം വരെ പിന്തുണ നൽകിയ ടീസ്റ്റയും സിറ്റിസൻഡ്സ് ആൻഡ് ജസ്റ്റിസ് പാർട്ടിയും നിരാശരായി.

**ടീസ്റ്റ കുറ്റക്കാരിയെന്ന് കോടതി പറഞ്ഞോ?**

വിധിയുടെ പശ്ചാത്തലത്തിൽ ഗുജറാത്ത് പോലീസ് ടീസ്റ്റയെയും ശ്രീകുമാറിനെയും അറസ്റ്റ് ചെയ്യാനുള്ള അമിതമായ താല്പര്യവുമായി മുമ്പോട്ടുപോയി. സർക്കാറിന്റെയും മോഡിയുടെയും പ്രതികാരമായി ഇതിനെ വിലയിരുത്താം. അവരെ അറസ്റ്റ് ചെയ്യാൻ കോടതി നിർദേശിച്ചിട്ടില്ല. എന്നാൽ വിധിയുടെ വരികൾക്കിടയിലൂടെ സഞ്ചരിച്ച് അവരെ അറസ്റ്റ് ചെയ്യാനുള്ള പഴുത് അന്വേഷിക്കുകയായിരുന്നു പോലീസ്. വിധിയുടെ ഒരു ഭാഗത്ത് ഇങ്ങനെ ഒരു പരാമർശമുണ്ട്: 'സ്വന്തം അറിവിന് വിരുദ്ധമായ ചില വെളിപ്പെടുത്തലുകൾ നടത്തി കോളിളക്കം സൃഷ്ടിക്കാൻ ശ്രമിച്ച ഗുജറാത്തിലെ അസംതൃപ്തരായ ചില ഉദ്യോഗസ്ഥരും മറ്റുള്ളവരും ചേർന്ന് നടത്തിയ ഒരു കൂട്ടായ ശ്രമം മാത്രമാണ് ആരോപണങ്ങൾക്ക് പിന്നിലെന്ന് ഞങ്ങൾക്ക് തോന്നുന്നു.' ഈ ഒരു പരാമർശത്തിന്റെ പേരിലാണ് ടീസ്റ്റ സെതൽവാദിനെയും ആർ.ബി. ശ്രീകുമാറിനെയും അറസ്റ്റ് ചെയ്തിരിക്കുന്നത്. പോലീസ് കെട്ടിച്ചമച്ച എഫ്ഐആറിൽ മൂന്ന് വർഷം മുമ്പ് ജീവപര്യന്തം ശിക്ഷ ഏറ്റുവാങ്ങി ജയിലിൽ കഴിയുന്ന സഞ്ജീവ് ഭട്ടിന്റെയും പേരുണ്ട് എഫ്ഐആറിൽ എന്നതാണ് ഏറെ കൗതുകം.

**20 വർഷത്തിലേറെ സ്വന്തം ഭർത്താവിന് മരണാനന്തര നീതി ലഭിക്കുന്നതിനായി കഠിനമായി പോരാടിയ ഒരാളെന്ന നിലയിൽ സാകിയ ജാഫ്റിയുടെ നാമം ഇന്ത്യാ ചരിത്രത്തിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെടും. ഇന്ത്യൻ ഭരണഘടനയ്ക്ക് കീഴിലുള്ള നീതിക്കുവേണ്ടിയുള്ള അചഞ്ചലമായ പോരാട്ടം നടത്തിയ സാകിയ താൻ നടത്തുന്ന പോരാട്ടം സ്വന്തം ജീവന് പോലും ഭീഷണിയുള്ളതാണെന്നറിഞ്ഞിട്ടും പിൻവാങ്ങിയില്ല. നീതി ലഭിക്കുക എന്ന ഭരണഘടനാനുസൃത അവകാശത്തിന് വേണ്ടി ഉറച്ചുനിൽക്കുന്ന അവർ ഇന്ത്യയിലെ മുഴുവൻ സ്ത്രീകൾക്കും മാതൃകയാണ്.**

**സാകിയ ജാഫ്റിയുടെ ആത്മവിശ്വാസം**

20 വർഷത്തിലേറെ സ്വന്തം ഭർത്താവിന് മരണാനന്തര നീതി ലഭിക്കുന്നതിനായി കഠിനമായി പോരാടിയ ഒരാളെന്ന നിലയിൽ സാകിയ ജാഫ്റിയുടെ നാമം ഇന്ത്യാ ചരിത്രത്തിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെടും. ഇന്ത്യൻ ഭരണഘടനയ്ക്ക് കീഴിലുള്ള നീതിക്കുവേണ്ടിയുള്ള അചഞ്ചലമായ പോരാട്ടം നടത്തിയ സാകിയ താൻ നടത്തുന്ന പോരാട്ടം സ്വന്തം ജീവന് പോലും ഭീഷണിയുള്ളതാണെന്നറിഞ്ഞിട്ടും പിൻവാങ്ങിയില്ല. നീതി ലഭിക്കുക എന്ന ഭരണഘടനാനുസൃത അവകാശത്തിന് വേണ്ടി ഉറച്ചുനിൽക്കുന്ന അവർ ഇന്ത്യയിലെ മുഴുവൻ സ്ത്രീകൾക്കും മാതൃകയാണ്. സാകിയ കാണിച്ച ധൈര്യവും സ്ഥൈര്യവും ഒരു കോടതിക്കും, ഒരു ജഡ്ജിക്കും, ഒരു നേതാവിനും, ഒരു ഭരണാധികാരിക്കും എടുത്തുകളയാൻ കഴിയില്ല. അവരുടെ പോരാട്ടവും ആത്മവിശ്വാസവും ലോകത്ത് നടന്ന മനുഷ്യാവകാശ പോരാട്ടങ്ങളുടെ ചരിത്രത്തിൽ മായാതെ മുദ്രകുത്തപ്പെട്ടുകഴിഞ്ഞു.

ഫാസിസം അടക്കിവാഴാൻ ശ്രമിക്കുമ്പോഴും നീതി ലഭിച്ചില്ലെങ്കിലും അവസാന ശ്വാസം വരെ നീതിക്കായി പോരാടുക എന്നതുതന്നെയാണ് ഒരു ജനാധിപത്യ വിശ്വാസിയുടെ കർത്തവ്യമെന്ന് ജാഫ്റിയുടെയും ടീസ്റ്റയുടെയും സഞ്ജീവ് ഭട്ടിന്റെയും ശ്രീകുമാറിന്റെയും ജീവിതസന്ദേശം നമ്മെ ബോധ്യപ്പെടുത്തുന്നു. ഇരട്ടനീതിയുടെ കാലത്തും സാകിയായും ടീസ്റ്റയും കാണിച്ച ആത്മവിശ്വാസം തന്നെയാണ് കരുത്തും കരുതലുമായി കൂടെ കരുതേണ്ടത്. ■







# നബി(സ്വ)യുടെ വഫാത്ത്

ഹുസൈൻ സലഫി
: +971 50 634 6963

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം മുഹമ്മദ് നബി(സ്വ)യുടെ വിയോഗമാണ് ലോകത്ത് സംഭവിച്ച ഏറ്റവും വലിയ നഷ്ടം. മറ്റു പ്രവാചകന്മാരുടെയോ മനുഷ്യരുടെയോ വിയോഗം പോലെയല്ല മുഹമ്മദ് നബി (സ്വ)യുടെ വിയോഗത്തെ നാം കാണേണ്ടത്. അതിനാൽ തന്നെ നമുക്ക് വല്ല ആപത്തും പിണയുമ്പോൾ നബി(സ്വ)യുടെ വിയോഗമാകുന്ന ഏറ്റവും വലിയ ആപത്ത് സംഭവിച്ചിട്ടുണ്ടല്ലോ എന്നോർത്ത് ആശ്വാസം കൊള്ളണമെന്നാണ് നബി (സ്വ) തന്നെ പഠിപ്പിച്ചിട്ടുള്ളത്. അവിടുന്ന് പറഞ്ഞു:

“ഓ, ജനങ്ങളേ! മനുഷ്യരിൽ ഒരാൾക്ക് - അല്ലെങ്കിൽ വിശ്വാസികളിൽ ഒരാൾക്ക് - വല്ല ആപത്തും ബാധിച്ചാൽ എന്നിൽ ഉണ്ടാകുന്ന (മരണമാകുന്ന) ആപത്തിനെ(ഓർത്തു)കൊണ്ട് അവൻ ആശ്വാസം കണ്ടെത്തട്ടെ. കാരണം, തീർച്ചയായും എന്റെ സമുദായത്തിൽ എനിക്ക് ശേഷം എന്റെ ആപത്തിനെക്കാൾ കഠിനമായ ഒരു ആപത്ത് അവന് ബാധിക്കുകയേയില്ല” (ഇബ്നുമാജ).

നബി(സ്വ) ഇതിലൂടെ നമുക്ക് പകർന്നുനൽകിയത് വലിയ ഒരു സന്ദേശമാണ്. നബി(സ്വ)യുടെ വഫാത്തിലൂടെ ലോകത്ത് സംഭവിച്ചത് ഏറ്റവും വലിയ

നഷ്ടമാണ് എന്നതാണത്. നമ്മുടെ ഉറ്റവരുടെയും ഉടയവരുടെയുമെല്ലാം വിയോഗ സമയത്ത് നമുക്ക് വലിയ വിഷമവും ദുഃഖവും ഉണ്ടാകാറുണ്ട്. അത് മനുഷ്യസഹജവുമാണ്. എന്നാൽ അത് വലിയ ഒരു നഷ്ടമാണോ? ഒരിക്കലുമല്ല! അത്തരം സന്ദർഭങ്ങളിൽ ലോകത്തിന്റെ നേതാവായ മുഹമ്മദ് നബി(സ്വ)യെ പോലും അല്ലാഹു മരണപ്പെടുത്തിയിട്ടുണ്ടെന്ന് ഓർക്കുകയും നാം നേരിട്ടുകൊണ്ടിരിക്കുന്ന ദുരിതത്തിൽ സമാധാനം കാണുകയും ചെയ്യേണ്ടതുണ്ട്. വിശ്വാസിക്ക് ഏറ്റവും പ്രിയപ്പെട്ട നേതാവാണ് നബി(സ്വ). അദ്ദേഹത്തെ ലോകത്തുള്ള എല്ലാവരെക്കാളും സ്നേഹിക്കാത്തവർ യഥാർഥ വിശ്വാസികളല്ല.

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബി(സ്വ) പറഞ്ഞു: തന്റെ മാതാപിതാക്കളെക്കാളും മക്കളെക്കാളും മുഴുവൻ മനുഷ്യരെക്കാളും ഒരാൾക്ക് ഏറ്റവും ഇഷ്ടമുള്ളവൻ ഞാൻ ആകുന്നതുവരെ നിങ്ങളിൽ ഒരാളും വിശ്വാസിയാകുകയില്ല" (ബുഖാരി).

എന്തുകൊണ്ടാണ് നബി(സ്വ)യുടെ വിയോഗം നിമിത്തം ലോകത്തിന് വലിയ നഷ്ടം സംഭവിച്ചുവെന്ന് പറയുന്നത്? സ്വഹാബിമാർതന്നെ അതിനുള്ള ഉത്തരം പറയട്ടെ:

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ വഫാത്തിന് ശേഷം അബൂബക്ർ(റ) ഉമറി(റ)നോട് പറഞ്ഞു: 'നമുക്ക് ഉമ്മു അയ്മന്റെ അടുത്തേക്ക് ഒന്നു പോകാം. അല്ലാഹുവിന്റെ റസൂൽ(സ്വ) അവരെ സന്ദർശിക്കാറുണ്ടായിരുന്നതുപോലെ അവരെ നമുക്കും ഒന്ന് സന്ദർശിക്കാം.' അങ്ങനെ ഞങ്ങൾ അവരുടെ അടുത്ത് എത്തിയപ്പോൾ അവർ കരഞ്ഞു. അപ്പോൾ ഇരുവരും അവരോട് ചോദിച്ചു: 'എന്തിനാണ് നിങ്ങൾ കരയുന്നത്? അല്ലാഹുവിന്റെ റസൂലി(സ്വ)ന് അല്ലാഹുവിന്റെ അരികിൽ ഉള്ളത് ഉത്തമമല്ലേ?' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ്വ)ന് അല്ലാഹുവിന്റെ അടുക്കൽ നല്ലതാണ് എന്നത് ഞാൻ അറിയാത്തവളായതിനാലല്ല ഞാൻ കരയുന്നത്. മറിച്ച്, ആകാശത്തുനിന്നുള്ള വഹ്‌യ് മുറിഞ്ഞുപോയല്ലോ (എന്നോർത്താണ്).' അപ്പോൾ ഇരുവരും അവരുടെ കൂടെ കരയാൻ തുടങ്ങി" (മുസ്‌ലിം).

അനസി(റ)ൽനിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാണുള്ളത്: "നബി(സ്വ) മരണപ്പെട്ട സന്ദർഭത്തിൽ ഉമ്മു അയ്മൻ കരയുകയുണ്ടായി. അപ്പോൾ അവരോട് പറയപ്പെട്ടു: 'നിങ്ങൾ കരയുന്നുവോ?' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, തീർച്ചയായും അല്ലാഹുവിന്റെ റസൂൽ(സ്വ) മരണപ്പെടുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ, ആകാശത്തുനിന്ന് നമ്മെതൊട്ട് മുറിഞ്ഞ വഹ്‌യിന്റെ കാര്യത്തിലാണ് നിശ്ചയമായും ഞാൻ കരയുന്നത്" (അഹ്മദ്).

നബി(സ്വ)യെ ചെറുപ്പത്തിൽ പാലൂട്ടി വളർത്തിയ മഹതിയായിരുന്നു ഉമ്മു അയ്മൻ(റ). അവരോടുള്ള ആദരവു കാരണം നബി(സ്വ) അവരെ ഇടയ്ക്കിടെ സന്ദർശിക്കാറുണ്ടായിരുന്നു. നബി(സ്വ) സന്ദർശിച്ച മഹതിയായതിനാൽ അദ്ദേഹത്തോട് ഏറ്റവും അടുപ്പമുള്ള മഹാന്മാരായ അബൂബക്ർ(റ), ഉമർ(റ) എന്നിവർ അവരെ സന്ദർശിക്കാൻ തയ്യാറായി. ഇരുവരെയും കണ്ടപ്പോൾ അവർ പൊട്ടിക്കരഞ്ഞു. അല്ലാഹുവിന്റെ അടുക്കൽ നബി(സ്വ)ക്ക് ഏറ്റവും ഉത്തമമായ പദവിയും സ്ഥാനവുമുണ്ട് എന്ന് അവർക്ക് അറിയാമായിരുന്നെങ്കിലും ദിവ്യബോധനം (വഹ്‌യ്) ഇറങ്ങുന്നത് അവസാനിച്ചല്ലോ എന്നതാണ് മഹതിയെ കരയിച്ചത്. നബി(സ്വ)യുടെ വിയോഗം സ്വഹാബിമാരെ ഏറെ ദുഃഖിപ്പിച്ച പ്രധാന കാരണവും അതു തന്നെയായിരുന്നു. വഹ്‌യിലൂടെയായിരുന്നല്ലോ , പ്രശ്നങ്ങൾ പറയാൻ പറ്റില്ലല്ലോ.

**സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം മുഹമ്മദ് നബി(സ്വ)യുടെ വിയോഗമാണ് ലോകത്ത് സംഭവിച്ച ഏറ്റവും വലിയ നഷ്ടം. മറ്റു പ്രവാചകന്മാരുടെയോ മനുഷ്യരുടെയോ വിയോഗം പോലെയല്ല മുഹമ്മദ് നബി (സ്വ)യുടെ വിയോഗത്തെ നാം കാണേണ്ടത്. അതിനാൽ തന്നെ നമുക്ക് വല്ല ആപത്തും പിണയുമ്പോൾ നബി(സ്വ)യുടെ വിയോഗമാകുന്ന ഏറ്റവും വലിയ ആപത്ത് സംഭവിച്ചിട്ടുണ്ടല്ലോ എന്നോർത്ത് ആശ്വാസം കൊള്ളണമെന്നാണ് നബി(സ്വ) തന്നെ പഠിപ്പിച്ചിട്ടുള്ളത്.**

നബി(സ്വ)ക്ക് ശേഷം അല്ലാഹുവിൽനിന്നുള്ള വഹ്‌യ്ഭൂമിയിലേക്ക് ഇറങ്ങുകയില്ല എന്ന് 'വിശ്വസിച്ചവരായിരുന്നു സ്വഹാബിമാർ. എന്നാൽ ' ഇന്ന് ചിലർ തങ്ങന്മാരിലേക്കും പണ്ഡിതന്മാരിലേക്കും ഉസ്താദുമാരിലേക്കും അല്ലാഹുവിൽനിന്നുള്ള അറിവ് വരുന്നുണ്ടെന്ന് വിശ്വസിക്കുന്നവരാണ്. ഏറ്റവും ഉത്തമ തലമുറ എന്ന് നബി(സ്വ) വിശേഷിപ്പിച്ച ആദ്യ നൂറ്റാണ്ടിലെ മഹത്തുക്കൾക്കില്ലാത്ത സ്ഥാനമാണ് ഇക്കാലത്തെ ചിലർക്ക് അല്ലാഹുവിൽനിന്നും ലഭിക്കുന്നത് എന്ന് വിശ്വസിക്കാൻ മാത്രം ചിന്താശൂന്യത കാണിക്കുന്നവരാണ് ഇന്ന് ഏറെയും. ഇത്തരത്തിലുള്ള വ്യാജന്മാരെയും കള്ളന്മാരെയും സംബന്ധിച്ച് വഹ്‌യിന്റെ അടിസ്ഥാനത്തിൽ തന്നെ അവിടുന്ന് നമുക്ക് മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

**നബി(സ്വ)ക്ക് ശേഷം അല്ലാഹുവിൽനിന്നുള്ള വഹ്‌യ് ഭൂമിയിലേക്ക് ഇറങ്ങുകയില്ല എന്ന് 'വിശ്വസിച്ചവരാ ന്യൂയിരുന്നു സ്വഹാബിമാർ. എന്നാൽ ' ഇന്ന് ചിലർ തങ്ങന്മാരിലേക്കും പണ്ഡിതന്മാരിലേക്കും ഉസ്താദുമാരിലേക്കും അല്ലാഹുവിൽനിന്നുള്ള അറിവ് വരുന്നുണ്ടെന്ന് വിശ്വസിക്കുന്നവരാണ്. ഏറ്റവും ഉത്തമ തലമുറ എന്ന് നബി(സ്വ) വിശേഷിപ്പിച്ച ആദ്യ നൂറ്റാണ്ടിലെ മഹത്തുക്കൾക്കില്ലാത്ത സ്ഥാനമാണ് ഇക്കാലത്തെ ചിലർക്ക് അല്ലാഹുവിൽനിന്നും ലഭിക്കുന്നത് എന്ന് വിശ്വസിക്കാൻ മാത്രം ചിന്താശൂന്യത കാണിക്കുന്നവരാണ് ഇന്ന് ഏറെയും. ഇത്തരത്തിലുള്ള വ്യാജന്മാരെയും കള്ളന്മാരെയും സംബന്ധിച്ച് വഹ്‌യിന്റെ അടിസ്ഥാനത്തിൽ തന്നെ അവിടുന്ന് നമുക്ക് മുന്നറിയിപ്പും നൽകിയിട്ടുണ്ട്.**

ഒരിക്കൽ നബി(സ്വ) പള്ളിയിലെത്തുമ്പോൾ സ്വഹാബിമാർ മഗ്‌രിബ് നമസ്‌കാരം കഴിഞ്ഞ് ഇശാഅ് നമസ്‌കാരത്തിന് കാത്തിരിക്കുകയായിരുന്നു. നബി(സ്വ) അവരോട് ഇങ്ങനെ ഇരിക്കുന്നതിന്റെ കാരണം അന്വേഷിച്ചു. അപ്പോൾ സ്വഹാബിമാർ പറഞ്ഞു: 'നബിയേ, അങ്ങയുടെ കൂടെ മഗ്‌രിബ് നമസ്‌കരിച്ചു. ഇനി ഇശാഅ് കൂടെ അങ്ങയുടെകൂടെ നമസ്‌കരിച്ചിട്ട് മടങ്ങാം എന്നു വിചാരിച്ച് ഇരിക്കുകയാണ് ഞങ്ങൾ.' അപ്പോൾ അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: 'നിങ്ങൾ നല്ല കാര്യമാണ് ചെയ്തത്.' എന്നിട്ട് അദ്ദേഹം തല ആകാശത്തേക്ക് ഉയർത്തി. ആകാശത്തേക്ക് അവിടുത്തെ തല ഉയർത്താവുന്നതിൽ നന്നായിട്ടായിരുന്നു അത്. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'നക്ഷത്രങ്ങൾ ആകാശത്തിനുള്ള സുരക്ഷയാണ്. നക്ഷത്രങ്ങൾ പോയാൽ ആകാശത്തിന് വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നതാണ്. ഞാൻ എന്റെ സ്വഹാബിമാർക്കുള്ള സുരക്ഷയാണ്. ഞാൻ പോയാൽ എന്റെ സ്വഹാബിമാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നതാണ്. എന്റെ സ്വഹാബിമാർ എന്റെ സമുദായത്തിനുള്ള സുരക്ഷയുമാണ്. എന്റെ സ്വഹാബിമാർ പോയാൽ എന്റെ ഉമ്മത്തിന് വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നതാകുന്നു.'

ഈ ഹദീസിനെ ഇമാം നവവി(റ) ഇപ്രകാരം വിവരിക്കുന്നു: "തീർച്ചയായും നക്ഷത്രങ്ങൾ അവശേഷിക്കുന്ന കാലത്തോളം ആകാശവും അവശേഷിക്കുന്നതാണ്. നക്ഷത്രങ്ങൾ ഉതിർന്നുവീഴൽ അന്ത്യനാളിലാണ്. അങ്ങനെയായാൽ ആകാശം പൊട്ടിപ്പിളരുകയും അത് പോകുകയും ചെയ്യുന്നതാണ്. ഞാൻ എന്റെ സ്വഹാബിമാർക്കുള്ള സുരക്ഷയാണ്. ഞാൻ പോയാൽ എന്റെ സ്വഹാബിമാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നതാണ്' എന്ന നബി(സ്വ)യുടെ വാക്കിന്റെ (അർഥം); അതായത് കുഴപ്പങ്ങളും യുദ്ധങ്ങളും അഅ്റാബികളിൽനിന്ന് ചിലർ മതഭ്രഷ്ടരായതും ഹൃദയങ്ങൾ ഭിന്നിച്ചതും (അടക്കമുള്ള) നബി(സ്വ) വ്യക്തമായ രൂപത്തിൽ മുന്നറിയിപ്പ് നൽകിയ എല്ലാമാകുന്നു. അതെല്ലാം സംഭവിക്കുകയും ചെയ്തു. 'എന്റെ സ്വഹാബിമാർ എന്റെ സമുദായത്തിനുള്ള സുരക്ഷയുമാണ്. എന്റെ സ്വഹാബിമാർ പോയാൽ എന്റെ ഉമ്മത്തിന് വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നതാകുന്നു' എന്ന് അവിടുന്ന് പറഞ്ഞതിന്റെ അർഥം; ബിദ്അത്തുകളും പുതിയ കാര്യങ്ങളും മതത്തിൽ പ്രത്യക്ഷപ്പെടലും, മതത്തിൽ കുഴപ്പങ്ങൾ ഉണ്ടാകലും, പിശാചിന്റെ കൊമ്പ് പ്രത്യക്ഷപ്പെടലും റോമിന്റെ വിജയവും അവരല്ലാത്തവരുടെ മേലുള്ള വിജയവും മക്കയിലും മദീനയിലും കുഴപ്പങ്ങൾ ഉണ്ടാകലും അതല്ലാത്തതുമാണ്. ഇതെല്ലാം നബി(സ്വ)യുടെ മുഅ്ജിസത്തിൽ പെട്ടതാകുന്നു" (ശർഹു മുസ്‌ലിം).

നബി(സ്വ) ജീവിച്ചിരിക്കുന്ന കാലത്ത് മുകളിൽ പറഞ്ഞ യാതൊന്നുകൊണ്ടും സമുദായം പരീക്ഷിക്കപ്പെട്ടിരുന്നില്ല. എന്നാൽ അവിടുത്തെ വിയോഗത്തിന് ശേഷം വഹ്‌യിന്റെ അടിസ്ഥാനത്തിൽ അവിടുന്ന് പ്രവചിച്ചതെല്ലാം പകൽവെളിച്ചം പോലെ പുലരുകയുണ്ടായി.



### വിയോഗം സൂചനകളിലൂടെ അറിയിക്കുന്നു

നബി(സ്വ) അവിടുത്തെ വിയോഗം പല സൂചനകളിലൂടെയും സ്വഹാബിമാർക്ക് കൈമാറിയിരുന്നു. നബി(സ്വ)യുടെ പല പ്രവൃത്തികളും വാക്കുകളും തന്റെ ജീവിതം അവസാനിക്കാൻ പോകുന്നു എന്ന് അറിയിക്കുംവിധമായിരുന്നു.

### പ്രവൃത്തിയിലൂടെ

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബി(സ്വ) എല്ലാ റമദാനിലും പത്തു ദിവസം ഇഅ്തികാഫ് ഇരിക്കുമായിരുന്നു. അവിടുന്ന് (റൂഹ്) പിടിക്കപ്പെടുന്ന വർഷത്തിൽ ഇരുപത് ദിവസവും ഇഅ്തികാഫ് ഇരുന്നു" (അഹ്മദ്). ഇത് അവിടുത്തെ വിയോഗത്തിലേക്കുള്ള ഒരു സൂചനയായിരുന്നു.

എല്ലാ റമദാനിലും ജിബ്രീൽ (അ) നബി(സ്വ)യുടെ അടുത്തുവന്ന് ക്വുർആൻ പാഠം നോക്കുമായിരുന്നു. നബി(സ്വ)ക്ക് ക്വുർആൻ ഇറങ്ങിയത് ഇന്ന് നമ്മുടെ പക്കൽ ഉള്ളത് പോലെ ഒരു മുസ്ഹഫ് രൂപത്തിലല്ല. സന്ദർഭങ്ങൾക്ക് അനുസരിച്ചും അല്ലാതെയുമായി ഇരുപത്തി മൂന്ന് കൊല്ലങ്ങൾക്കിടയിൽ ഘട്ടങ്ങളായിട്ടാണ് ഇറക്കപ്പെട്ടത്. അതിനാൽതന്നെ ഓരോ റമദാനിലും ജിബ്രീൽ നബി(സ്വ)യുടെ അടുക്കൽ വരികയും അതുവരെ ഇറക്കപ്പെട്ട ഭാഗങ്ങൾ പാഠം നോക്കുകയും ചെയ്യുമായിരുന്നു. എന്നാൽ നബി(സ്വ) വഫാത്താകുന്ന കൊല്ലത്തിൽ ജിബ്രീൽ(അ) രണ്ടുതവണ റസൂലിന്റെ അടുക്കൽ വന്ന് പാഠം നോക്കിയിരുന്നു. ഇതും അവിടുത്തെ വിയോഗത്തിലേക്കുള്ള സൂചനയായിരുന്നു.

### വാക്കുകളിലൂടെ

ഹജ്ജതുൽ വദാഇൽ വെച്ച് അവിടുന്ന് ഇപ്രകാരം പറഞ്ഞു: "ഈ വർഷത്തിന് ശേഷം ഞാൻ നിങ്ങളെ കണ്ടേക്കുകയില്ല" (തുർമുദി).

ജംറതുൽ അക്വബയിൽ വെച്ച് എറിയേണ്ട കല്ലിന്റെ വലിപ്പം കാണിച്ചു കൊടുത്തിട്ട് അവിടുന്ന് ഇപ്രകാരം ഉണർത്തി: "നിങ്ങൾ നിങ്ങളുടെ ഹജ്ജിന്റെ അനുഷ്ഠാനരൂപങ്ങൾ (എന്നിൽനിന്നും) സ്വീകരിക്കുക. കാരണം എന്റെ ഈ ഹജ്ജിന് ശേഷം ഞാൻ (മറ്റൊരു) ഹജ്ജ് ചെയ്യേക്കുമോ എന്ന് എനിക്ക് അറിഞ്ഞുകൂടാ" (മുസ്‌ലിം).

യമനിലേക്ക് നബി(സ്വ) മുആദി(റ)നെ ഇസ്‌ലാമിക പ്രബോധനത്തിനായി പറഞ്ഞയക്കുന്ന വേളയിൽ മുആദിനോട് പറഞ്ഞ കാര്യം അദ്ദേഹം തന്നെ അറിയിച്ചത് കാണുക:

മുആദ് ഇബ്നു ജബലി(റ)ൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "റസൂൽ(സ്വ) അദ്ദേഹത്തെ യമനിലേക്ക് അയക്കുമ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തിന്റെ കൂടെ അദ്ദേഹത്തിന് വസ്വിയ്യത്ത് നൽകാനായി പുറപ്പെട്ടു. മുആദ്(റ) വാഹനപ്പുറത്തും അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തിന്റെ വാഹനത്തിന് താഴെ കാൽനടയിലുമായിരുന്നു. അങ്ങനെ (അത്) അവസാനിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'ഓ മുആദ്, ഈ വർഷത്തിന് ശേഷം നീ എന്നെ കാണാതിരുന്നേക്കാം. എന്റെ ക്വബ്ർ ഉള്ള സമയത്താകാം നീ എന്റെ ഈ പള്ളിയുടെ സമീപത്തു കൂടെ നടക്കുക. അപ്പോൾ (അല്ലാഹുവിന്റെ റസൂൽ വേർപിരിയുന്നതിനാൽ) മുആദ് കരഞ്ഞു. പിന്നീട് അവിടുന്ന് തിരിച്ചു. അവിടുത്തെ മുഖം മദീനക്ക് നേരെ തിരിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ജനങ്ങളിൽ എന്നോട് ഏറ്റവും അടുത്തവർ; അവർ ആരായിരുന്നാലും എവിടെയായിരുന്നാലും തക്വ്‌വയോടെ ജീവിക്കുന്നവരാകുന്നു.'

മുആദി(റ)നോട് പല ഉപദേശങ്ങളും ഈ യാത്രക്ക് മുമ്പ് നബി(സ്വ) നൽകിയത് നമുക്ക് ഹദീസുകളിൽ കാണാം. ഈ നിവേദനത്തിൽ നബി(സ്വ)യുടെ വഫാത്തിനെ കുറിക്കുന്ന ഉപദേശങ്ങളാണ്. പ്രിയപ്പെട്ട നേതാവിനെ ഇനി കണ്ടേക്കില്ലെന്നാണല്ലോ സൂചിപ്പിച്ചത്. എങ്ങനെ സഹിക്കും? എങ്കി

ലും അവിടുത്തെ കൽപനയാണല്ലോ യമനിലേക്ക് പോകാൻ. അത് അനുസരിക്കാൻ അദ്ദേഹം തീരുമാനിച്ചു. നബി(സ്വ) തന്റെ അരുമ ശിഷ്യനെ ഉപദേശിച്ചു: 'എന്നോട് ഏറ്റവും അടുത്തവർ ആരായിരുന്നാലും എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവരാകുന്നു.' ഇത് അദ്ദേഹത്തിന് വലിയ ആശ്വാസമാകുമല്ലോ.

സൂറതുന്നസ്റിന്റെ അവതരണവും അവിടുത്തെ അന്ത്യയാത്രക്കുള്ള സൂചനയായിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് നമുക്ക് കാണാം:

ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: "തീർച്ചയായും ഉമർ(റ) അവരോട് ഈ വചനത്തെ കുറിച്ചു ചോദിച്ചു. അവർ പറഞ്ഞു: 'പട്ടണങ്ങളെയും കൊട്ടാരങ്ങളെയും ജയിച്ചടക്കലാകുന്നു.' അദ്ദേഹം ചോദിച്ചു: 'ഓ, ഇബ്നു അബ്ബാസ്! താങ്കൾ എന്താണ് പറയുന്നത്?' അദ്ദേഹം പറഞ്ഞു: '(അവിടുത്തെ) അവധിയാകുന്നു. അല്ലെങ്കിൽ അവിടുത്തെ വിയോഗത്തെ സംബന്ധിച്ച് മുഹമ്മദ്(സ്വ)നോടുള്ള ഉദാഹരണം പറഞ്ഞതാകുന്നു.'

ഈ അധ്യായം ഇറക്കപ്പെട്ടതിന് ശേഷം നബി(സ്വ) അധികകാലം ജീവിച്ചിരുന്നില്ല. മറ്റൊരിക്കൽ അവിടുന്ന് ഇപ്രകാരം പറഞ്ഞു:

അബൂ സഈദ് അൽഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: 'നബി(സ്വ) പ്രസംഗിച്ചുകൊണ്ട് (ഇപ്രകാരം) പറഞ്ഞു: തീർച്ചയായും അല്ലാഹു അടിമക്ക് ദുൻയാവിന്റെയും അവന്റെ പക്കൽ ഉള്ളതിന്റെയും ഇടയിലുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി. അപ്പോൾ (അടിമ) അല്ലാഹുവിന്റെ അടുക്കൽ ഉള്ളതിനെ തിരഞ്ഞെടുത്തു.' അപ്പോൾ അബൂബക്ർ(റ) കരയാൻ തുടങ്ങി. അപ്പോൾ ഞാൻ എന്റെ മനസ്സിൽ പറഞ്ഞു: അല്ലാഹു ഒരു

**നബി(സ്വ) വഫാത്തിനോട് അടുത്ത ദിവസങ്ങളിലായി ഉഹ്ദിലേക്ക് പോയി. അവിടെ മറവ് ചെയ്യപ്പെട്ട ഉഹ്ദ് ശുഹദാഉകളുണ്ടല്ലോ. അവരെ സന്ദർശിച്ചു. അവർക്ക് സലാം പറഞ്ഞു. അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു. ബക്വീഇലേക്കും പോയി. അവിടെ മറമാടപ്പെട്ട സ്വഹാബിമാരുണ്ട്. അവരെയും അവിടുന്ന് സന്ദർശിച്ചു. അവരോടും സലാം പറഞ്ഞു. അവർക്ക് വേണ്ടിയും പ്രാർഥിച്ചു. മസ്ജിദുന്നബവിയുടെ സമീപത്തുള്ള ക്വബ്ർ സ്ഥാനമാണ് ബക്വീഉൽ ഗർക്വദ്. ചിലർ അതിനെ ജന്നതുൽ ബക്വീഅ് എന്ന് വിളിക്കാറുണ്ട്. അത് ശരിയല്ല. അങ്ങനെ അതിന് ഒരു പേര് നബി(സ്വ)യോ സ്വഹാബിമാരോ നാമകരണം ചെയ്തത് നമുക്ക് കാണാൻ സാധ്യമല്ല.**

അടിമക്ക് ദുൻയാവിന്റെയും അല്ലാഹുവിന്റെ അടുക്കൽ ഉള്ളതിന്റെയും ഇടയിലുള്ളത് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകുകയും എന്നിട്ട് അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ ഉള്ളതിനെ തിരഞ്ഞെടുക്കുകയും ചെയ്തെങ്കിൽ ഈ കിളവൻ എന്തിനാണ് കരയുന്നത്? എന്നാൽ ആ അടിമ അല്ലാഹുവിന്റെ റസൂൽ(സ്വ) ആയിരുന്നു. അബൂബക്ർ(റ) ഞങ്ങളിൽ (അത്) നന്നായി മനസ്സിലാക്കിയ ആളായിരുന്നു. അവിടുന്ന് പറഞ്ഞു: 'അബൂബക്റേ, കരയരുത്. ജനങ്ങളിൽ തന്റെ സഹവാസത്തിനും സമ്പത്തിനുമായി എനിക്ക് സൂക്ഷിപ്പുകാരനുണ്ടെങ്കിൽ അത് അബൂബക്റാണ്. എന്റെ ഉമ്മത്തിൽനിന്ന് ഞാൻ ഒരു ഖലീലിനെ (കൂട്ടുകാരനെ) സ്വീകരിക്കുമായിരുന്നെങ്കിൽ ഞാൻ അബൂബക്റിനെ സ്വീകരിക്കുകതന്നെ ചെയ്യുമായിരുന്നു.

നബി(സ്വ)ക്ക് അല്ലാഹു രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി. ഒന്നുകിൽ ദുൻയാവിൽ തന്നെ കുറച്ച് കൂടി കഴിയുക. അല്ലെങ്കിൽ അല്ലാഹുവിന്റെ സമീപത്തുള്ളത് തിരഞ്ഞെടുക്കുക. അല്ലാഹുവിന്റെ അടുക്കൽ ഉള്ളത് എന്ന് പറയുന്നത് അല്ലാഹുവിലേക്കുള്ള യാത്രയെ ഉദ്ദേശിച്ചായിരുന്നു. നബി(സ്വ) ഈ കാര്യം ജനങ്ങളോട് പ്രസംഗത്തിൽ പറഞ്ഞു. ഇത് കേട്ടപാടെ അബൂബക്റി(റ)ന് കാര്യം മനസ്സിലായി. അദ്ദേഹം പൊട്ടിക്കരയാൻ തുടങ്ങി. ഇതുകണ്ട അബൂ സഈദ്(റ) മനസ്സിൽ പറഞ്ഞു: ഒരു അടിമയുടെ കാര്യം നബി(സ്വ) പറഞ്ഞതിന് എന്തിനാണ് ഇയാൾ കരയുന്നത്? പിൽക്കാലത്ത് നബി(സ്വ)യുടെ ഈ സംസാരം ഓർത്ത അബൂ സഈദ്(റ) പറയുകയാണ്: 'ഞങ്ങളുടെ കൂട്ടത്തിൽ നബി(സ്വ)യുടെ മരണത്തെ സംബന്ധിച്ചുള്ള ആ വാർത്ത ആദ്യം മനസ്സിലാക്കിയത് അബൂബക്ർ(റ) ആയിരുന്നു.' ഇതും അവിടുത്തെ അന്ത്യയാത്രക്കുള്ള സൂചന തന്നെയായിരുന്നു.

നബി(സ്വ) അവിടുത്തെ വിയോഗത്തിന് തൊട്ടു മുമ്പായി ധിക്കാരികളായ റോമക്കാർക്കെതിരെ ഒരു സൈന്യത്തെ അയച്ചിരുന്നു. നബി(സ്വ) വ്യത്യസ്ത നാടുകളിലേക്ക് ഇസ്‌ലാമിക പ്രബോധനത്തിന് വേണ്ടി പല സംഘങ്ങളെയും അയച്ചിരുന്നു. അക്കൂട്ടത്തിൽ പെട്ട ഒരു സംഘമായിരുന്നു ഉസാമ ഇബ്നു സയ്ദ് ഇബ്നു ഹാരിസ(റ)യുടെ നേതൃത്വത്തിലുള്ള ആ പുറപ്പാട്. നബി(സ്വ) വഫാത്താകുന്നതിന് മുമ്പ് സ്വഫർ മാസത്തിലായിരുന്നു ഈ സംഘത്തെ നിയോഗിച്ചത്. റോം അക്കാലത്ത് ഇസ്‌ലാമിനോട് ഏറ്റവും കൂടുതൽ ശത്രുത കാണി



ച്ചിരുന്ന പ്രദേശമായിരുന്നു. മറ്റു രാജാക്കന്മാർ ഇസ്‌ലാമിനെ കുറിച്ച് പഠിക്കുവാനും ചിന്തിക്കുവാനും പ്രചരിപ്പിക്കുവാനും സ്വാതന്ത്ര്യം നൽകിയപ്പോൾ അവർ ധിക്കാരത്തോടെ തന്നെ കഴിച്ചു കൂട്ടി. അതിനാൽ അവിടേക്ക് വലിയ ഒരു സംഘത്തെ അയക്കാൻ നബി(സ്വ) തീരുമാനിക്കുകയായിരുന്നു. ആ സംഘത്തിന്റെ നേതാവ് ഉസാമ(റ) ആയിരുന്നു. 18 വയസ്സ് മാത്രം പ്രായമുള്ള ചെറുപ്പക്കാരനായിരുന്നു അന്ന് അദ്ദേഹം. തന്റെ വളർത്തു പുത്രനായ സയ്ദി(റ)ന്റെ മകനായിരുന്നു ഉസാമ (റ). ആ സംഘത്തിൽ ഉസാമ(റ)യെക്കാൾ തഴക്കവും പഴക്കവും ഉണ്ടായിരുന്ന സ്വഹാബിമാർ ഉണ്ടായിരുന്നു. അതിനാൽതന്നെ ചില സ്വഹാബിമാർക്കിടയിൽ ചെറിയ വല്ലായ്മ ഉടലെടുത്തു. ഈ ചെറുപ്രായക്കാരനെക്കാൾ പ്രായവും പരിചയവുമുള്ള മുതിർന്നവരെ നേതാവാക്കുന്നതല്ലേ നല്ലത് എന്ന് അവർ പരസ്പരം പറഞ്ഞു. ഈ സംസാരം നബി(സ്വ) കേൾക്കുകയായി. ഉടനെ അവിടുന്ന് പറഞ്ഞു:

അബ്ദുല്ലാഹ് ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "നബി(സ്വ) (ഒരു സംഘത്തെ) അയച്ചു. അവരുടെ നേതാവായി ഉസാമ ഇബ്നു സയ്ദിനെ അവിടുന്ന് നിശ്ചയിക്കുകയും ചെയ്തു. അപ്പോൾ ജനങ്ങളിൽ ചിലർ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അടക്കം പറയാൻ തുടങ്ങി. അപ്പോൾ നബി(സ്വ) പറഞ്ഞു: 'അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിങ്ങൾ ആക്ഷേപം കാണുകയാണെങ്കിൽ, തീർച്ചയായും മുമ്പ് അദ്ദേഹത്തിന്റെ പിതാവിന്റെ നേതൃത്വത്തിലും നിങ്ങൾ ആക്ഷേപം കണ്ടിരുന്നു. അദ്ദേഹം അന്ന് നേതൃത്വത്തിന് അർഹനായിരുന്നു, ജനങ്ങളിൽ എന്നിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടയാളായിരുന്നു. തീർച്ചയായും ഇദ്ദേഹത്തെ അദ്ദേഹത്തിന് ശേഷം ജനങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ളയാളായതിനാൽ (ഇദ്ദേഹത്തെ തന്നെ ഞാൻ അത് ഏൽപിക്കുന്നു).'

സയ്ദി(റ)നെ നബി(സ്വ) മുഅ്തത് യുദ്ധത്തിൽ നേതൃത്വം ഏൽപിച്ചിരുന്നു. അന്ന് സ്വഹാബിമാരിൽ ചിലർക്ക് അത് ഇഷ്ടപ്പെട്ടിരുന്നില്ല. അതിനെയാണ് നബി(സ്വ) ഇവിടെ സ്വഹാബിമാർക്ക് മുമ്പിൽ ഉണർത്തിയത്. അങ്ങനെ ഉസാമ(റ)യെ തന്നെ നബി(സ്വ) നേതൃത്വം ഏൽപിച്ചു. പിന്നീട് സ്വഹാബിമാർക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടായില്ല. നബി(സ്വ)യുടെ ഇഷ്ടത്തെയും അവിടുത്ത കൽപനയെയും അവർ പൂർണമായും സ്വീകരിച്ചു. അങ്ങനെ ചെറുപ്പക്കാരനായ ഉസാമ(റ)യുടെ നേതൃത്വത്തിൽ എല്ലാവരും അണിനിരന്നു. സൈന്യം മുന്നോട്ടു നീങ്ങി. മദീനയിൽനിന്നും അൽപം മുന്നോട്ട് എത്തിയപ്പോഴേക്കും റസൂലി(സ്വ)ന്റെ രോഗ വിവരം അവർക്ക് ലഭിക്കുകയായി. അവിടുത്തെ രോഗം അൽപം കഠിനമാണ്. അപ്പോൾ അവർക്ക് മുന്നോട്ടു പോകാൻ ആശങ്കയായി. കാരണം, ദൂര ദേശത്തേക്കുള്ള യാത്രയാണ്. ഇവിടം വിട്ടുപോയാൽ നബി(സ്വ)യെ സംബന്ധിച്ചുള്ള വിവരം അറിയുക സാധ്യമല്ലല്ലോ. അതിനാൽ ആ സംഘം അങ്ങനെ തന്നെ മദീനയിലേക്ക് മടങ്ങുകയും ചെയ്തു. പിന്നീട് നബി(സ്വ)യുടെ വഫാത്തിന് ശേഷം ആദ്യ ഖലീഫ അബൂബക്ർ(റ) ആദ്യം ചെയ്തത് നബി(സ്വ) അയച്ച ഉസാമ(റ)യുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിക്കലായിരുന്നു. അന്നും പലർക്കും ഉസാമ(റ)യുടെ നേതൃത്വത്തിൽ ചില അനിഷ്ടം ഉണ്ടായെങ്കിലും ഖലീഫ അവരെ കാര്യം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അങ്ങനെ വമ്പിച്ച വിജയവുമായി ഉസാമ(റ)യും സംഘവും മടങ്ങുകയും ചെയ്തു.

നബി(സ്വ) വഫാത്തിനോട് അടുത്ത ദിവസങ്ങളിലായി ഉഹ്ദിലേക്ക് പോയി. അവിടെ മറവ് ചെയ്യപ്പെട്ട ഉഹ്ദ് ശുഹദാക്കളെ സന്ദർശിച്ചു. അവർക്ക് സലാം പറഞ്ഞു. അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു. ബക്വീഇലേക്കും പോയി. അവിടെ മറമാടപ്പെട്ട സ്വഹാബിമാരുണ്ട്. അവരെയും അവിടുന്ന് സന്ദർശിച്ചു. അവരോടും സലാം പറഞ്ഞു. അവർക്ക് വേണ്ടിയും പ്രാർഥിച്ചു. മസ്ജിദുന്നബവിയുടെ സമീപത്തുള്ള ക്വബ്ർ സ്ഥാനമാണ് ബക്വീഉൽ ഗർക്വദ്. ചിലർ അതിനെ ജന്നതുൽ ബക്വീഅ് എന്ന് വിളിക്കാറുണ്ട്. അത് ശരിയല്ല. അങ്ങനെ അതിന് നബി (സ്വ)യോ സ്വഹാബിമാരോ നാമകരണം ചെയ്തത് നമുക്ക് കാണാൻ സാധ്യമല്ല.

***(അവസാനിച്ചില്ല)***



ലേഖനം

# ശിയാക്കളുടെ വ്യാജവാദങ്ങളും കുരുക്കിലകപ്പെട്ട സമസ്തയും 2

മൂസ സ്വലാഹി കാര
:97473 45768

അഹ്‌ലുസ്സുന്നയുടെ ശത്രുവിഭാഗമായ ബറേൽവി വിഭാഗത്തിന്റെ നേതാവ് അഹ്‌മദ് റളാഖാൻ ബറേൽവിയെപ്പറ്റി സമസ്തയുടെ പ്രസിദ്ധീകരണത്തിൽ എഴുതിയത് കാണുക: "എല്ലാ ഫന്നുകളിലും അവഗാഹമുള്ള മഹാപണ്ഡിതനായിരുന്നു ബഹുമാനപ്പെട്ടവർ. അഹ്‌ലുസ്സുന്നയുടെ അഖീദ സംരക്ഷിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. അവരും നമ്മളും അഖീദയിൽ ഒരേ നിലപാടുകാരാണ്" (സുന്നിവോയ്സ് / 2020 ജൂലൈയ് 1-15/പേജ് 32).

ശീഈ-സൂഫി ധാരയിൽപ്പെട്ട സമൽക്കാനി, ഇബ്നുബത്തൂത്ത, തഖിയുദ്ദീനുസ്സുബ്കി, താജുദ്ദീനുസ്സുബ്കി, ഇസ്സ്ബ്നു ജമാഅത്ത്, ഖുസ്ഥലാനി, നൂറുദ്ദീനുൽ ഹലബി, ഇബ്നുഹജറുൽ ഹൈത്തമി, ശംസുദ്ദീനുൽ റംലി, അബ്ദുൾഗനിയ്യിന്നാബൽസി, മുസ്തഫൽ ബക്‌രി, സയ്യിദ് അലവിയ്യിൽ ഹദ്ദാദ്, ശൈഖ് അഹ്‌മദ് സൈനീ ദഹ്‌ലാൻ, ശൈഖ് യൂസുഫുന്നബഹാനി, സയ്യിദ് ശൈഖ് ജീഫ്‌രി, മുഹമ്മദുൽ ഖലീലീ എന്നിവരെ സംബന്ധിച്ച് സമസ്തയുടെ 60ാം വാർഷിക റിപ്പോർട്ടിലും അബുൽ ഹസൻ അൽബക്‌രി, അഹ്‌മദ് സൈനീ ദഹ്‌ലാൻ, യൂസുഫുന്നബ്ഹാനി, അഹ്‌മദ് സർഹിന്ദ്, മുഹമ്മദ് അലവി മാലികി എന്നിവരെക്കുറിച്ച് മറ്റു പ്രസിദ്ധീകരണങ്ങളിലും അവരുടെ പ്രമുഖ ആചാര്യന്മാരാണെന്ന വിശേഷ വർണനകൾ ധാരാളമുണ്ട്.

**പ്രമാണങ്ങൾ മഹത്ത്വം കൽപി ക്കാത്ത സ്ഥലങ്ങളെയും വസ്തു ക്കളെയും മഹത്ത്വവൽക്കരിച്ച് അതിലൂടെ ശിർക്ക് വ്യാപിപ്പിക്കു ന്നതിൽ സമസ്തക്കാർ അനുക രിക്കുന്നത് ശിയാക്കളുടെവഴി തന്നെയാണ്. പുണ്യയാത്ര അനുവദിക്കപ്പെട്ട പള്ളികളുടെ പേരുകളെ കൂട്ടു പിടിച്ച് എല്ലാ വ്യാജകേന്ദ്രങ്ങളെ യും പരസ്യപ്പെടുത്താമെന്നതാണ് പൗരോഹിത്യത്തിന്റെ മോഹം. മക്കത്തും മദീനത്തുമായുള്ള നമിറ, ഹുദൈബിയ്യ, തൻഈം, അൽമശ്ഹരിൽ ഹറാം, ക്വുബാ, ഉഹ്ദ്, അൽഫത്ഹ് എന്നീ പള്ളി കൾക്കൊന്നുമില്ലാത്ത പ്രത്യേ കതകളും ശ്രേഷ്ഠതകളുമാണ് മതചൂഷകന്മാരുടെ ആസ്ഥാന ങ്ങൾക്ക് ! മുസ്‌ലിം സമൂഹത്തെ ആത്മീയമായി ദ്രോഹിക്കുന്ന ഇവർക്കെതിരെ ജാഗ്രതാവലയം തീർക്കാൻ മതബോധം കൈവി ടാത്തവർക്കേ സാധിക്കൂ.**

രിസാലത്തു ബക്രി, രിസാലത്തു ദഹ്‌ലാൻ, ശിഫാഉസ്സിഖാം, ജാമിഉ കറാമാത്തിൽ ഔലിയാഅ്, അൽമആരിഫുല്ലദുന്‌യ്യ, ഫതാവൽ കുബ്‌റാ, ഇഹ്‌യാ ഉലൂമിദ്ദീൻ, തദ്കിറത്തുൽ ഔലിയാഅ്, ക്വസീദത്തുൽ ബുർദ, അൽഫത്ഹുർറബ്ബാനി അൽ ഫൈളുർറഹ്മാനി... ഇതെല്ലാമാണ് ഇവരുടെ വഴിവിട്ട ആദർശത്തിന് തെളിവാക്കപ്പെടുന്നത്.

ഓരോ തലമുറയിലും മതവിഷയങ്ങളിൽ അഗാധജ്ഞാനവും പ്രാമാണിക മികവും നേടിയ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരെയോ, അവർ ഇസ്‌ലാമിന് നൽകിയ സംഭാവനകളോ അല്ല പൗരോഹിത്യത്തിനാവശ്യം; മറിച്ച് മതവാണിഭത്തിന് വഴിയൊരുക്കിയവരിലും അവരുടെ ഗ്രന്ഥങ്ങളിലുമാണ് ഇവർക്ക് പ്രിയം. പടിപടിയായി സമൂഹത്തെ വളർത്തിയ പണ്ഡിതശ്രേഷ്ഠരെ അവഗണിക്കുന്ന നിഷേധികളെ കാത്തിരിക്കുന്നത് തീരാനഷ്ടമാണ്.

അല്ലാഹു പറയുന്നു: "പിന്നെ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവൻ അവർക്ക് അപമാനം വരുത്തുന്നതാണ്. എനിക്ക് പങ്കുകാരുണ്ടെന്ന് വാദിച്ചുകൊണ്ടായിരുന്നല്ലോ നിങ്ങൾ ചേരിപിരിഞ്ഞ് നിന്നിരുന്നത്. അവർ എവിടെ എന്ന് അവൻ ചോദിക്കുകയും ചെയ്യും. അറിവ് നൽകപ്പെട്ടവർ പറയും: ഇന്ന് അപമാനവും ശിക്ഷയും സത്യനിഷേധികൾക്കാകുന്നു; തീർച്ച" (ക്വുർആൻ 16:27).

പ്രമാണങ്ങൾ മഹത്ത്വം കൽപിക്കാത്ത സ്ഥലങ്ങളെയും വസ്തുക്കളെയും മഹത്ത്വവൽക്കരിച്ച് അതിലൂടെ ശിർക്ക് വ്യാപിപ്പിക്കുന്നതിൽ സമസ്തക്കാർ അനുകരിക്കുന്നത് ശിയാക്കളുടെവഴി തന്നെയാണ്. നജഫ്, കർബല, ഗും, ഖൂഫ എന്നീ പട്ടണങ്ങളും അവിടെയുള്ള ജാറങ്ങളും ശിയാക്കളുടെ പ്രസിദ്ധ ചിഹ്നങ്ങളാണ്. ആമിലിയുടെ വസാഇലുശ്ശീഅയിലും ഹായിരിയുടെ അഹ്കാമുശ്ശീആയിലും മുഹ്സിൻ കാശാനിയുടെ അൽവാഫിയിലും മജ്‌ലിസിയുടെ ബിഹാറുൽ അൻവാറിലും ഇതുണ്ട്.

സമസ്തയുടെ മറ്റൊരു പ്രസിദ്ധീകരണത്തിൽ എഴുതിയത് കാണുക:

"കേരള ഉലമക്കിടയിൽ അനുബന്ധമായി മറ്റൊരു ചർച്ചയും നടന്നിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി പരാജയപ്പെട്ടാൽ മക്ക, മദീന, ബൈതുൽ മുഖദ്ദസ്, നജഫ്, കർബല, ബസ്വറ, തുടങ്ങിയ മുസ്‌ലിം പുണ്യകേന്ദ്രങ്ങൾ പാശ്ചാത്യ രാജ്യങ്ങൾ ഭാഗിച്ചെടുക്കുമോ എന്ന ആശങ്കയായിരുന്നു അത്" (രിസാല, 2022 ഫെബ്രുവരി16/പേജ് 34).

'മുർശിദിയുടെ കുടുംബ പരമ്പര, മറ്റുചില തറവാടുകൾ, മസ്ജിദുൽ അഖ്സ, തുർക്കിയിലെ ഇസ്തംബൂൾ, ലബനോണിലെ ത്വറാബൽസ്, പലസ്തീനിലെ അൽജസ്സാർ മസ്ജിദ്, കെയ്റോയിലെ ഹുസൈൻ മസ്ജിദ്, ഇറാഖിലെ കർബല, പലസ്തീനിലെ നാബൽസിലെ ഹമ്പലി പള്ളി, ടുനീഷ്യ, ലെബനോണിലെ ഉമരി ജുമാമസ്ജിദ്, തുർക്കി ബോസ്നയിലെ ഖസ്റൂബേക്ക് മസ്ജിദ്, കൈറോ നഖ്ശബന്ദി പർണശാല, ഡമസ്കസിലെ സഅദിയ്യ പർണശാല, സിറിയയിലെ ഹലബിലുള്ള വലിയ ജുമുഅത്തുപള്ളി, ലിബിയയിലെ ബനീഗാസിലുള്ള ഉസ്മാൻ മസ്ജിദ് തുടങ്ങി ഇന്ത്യക്ക് പുറത്ത് ഒട്ടനവധി സ്ഥലങ്ങളിൽ തിരുകോശങ്ങൾ സൂക്ഷിച്ച് ബറകത്തെടുക്കുന്നു" (സുന്നിവോയ്സ്/2011 ഫബ്രുവരി/പേജ് 78,79).

പുണ്യയാത്ര അനുവദിക്കപ്പെട്ട പള്ളികളുടെ പേരുകളെ കൂട്ടുപിടിച്ച് എല്ലാ വ്യാജകേന്ദ്രങ്ങളെയും പരസ്യപ്പെടുത്താമെന്നതാണ് പൗരോഹിത്യത്തിന്റെ മോഹം. മക്കത്തും മദീനത്തുമായുള്ള നമിറ, ഹുദൈബിയ്യ, തൻഈം, അൽമശ്ഹരിൽ ഹറാം, ക്വുബാ, ഉഹ്ദ്, അൽഫത്ഹ് എന്നീ പള്ളികൾക്കൊന്നുമില്ലാത്ത പ്രത്യേകതകളും ശ്രേഷ്ഠതകളുമാണ് മതചൂഷകന്മാരുടെ ആസ്ഥാനങ്ങൾക്ക്!

പരലോകത്തെക്കാൾ ഇഹലോക സുഖത്തിന് പ്രാമുഖ്യം നൽകി മതത്തെ കളങ്കപ്പെടുത്താനും ജനങ്ങളെ അതിൽനിന്ന് തടയാനും തുനിഞ്ഞവരുടെ അവസ്ഥയെപ്പറ്റി അല്ലാഹു പറയുന്നു:

"സത്യനിഷേധികൾക്ക് കഠിനമായ ശിക്ഷയാൽ മഹാനാശം തന്നെ. അതായത്, പരലോകത്തെക്കാൾ ഇഹലോകജീവിതത്തെ കൂടുതൽ സ്നേഹിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) പിന്തിരിപ്പിക്കുകയും അതിന് (ആ മാർഗത്തിന്) വക്രത വരുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാരോ അവർക്ക്. അക്കൂട്ടർ വിദൂരമായ വഴികേടിലാകുന്നു" (ക്വുർആൻ 14:2,3).

മുസ്‌ലിം സമൂഹത്തെ ആത്മീയമായി ദ്രോഹിക്കുന്ന ഇവർക്കെതിരെ ജാഗ്രതാവലയം തീർക്കാൻ മതബോധം കൈവിടാത്തവർക്കേ സാധിക്കൂ. ■




# വെളിച്ചം തേടി മദീനയിലേക്ക്

അബ്ദുൽ മാലിക് സലഫി
✆: 96565 30656

ഹിജ്‌റ അഞ്ചാം വർഷം; ശത്രുക്കൾ മദീനയെ വളഞ്ഞിരിക്കുന്നു. ഇത്തവണ ശത്രുപക്ഷം ഒന്നാകെയാണ് വന്നിരിക്കുന്നത്. മുസ്‌ലിംകളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യം നേടണം എന്ന നിശ്ചയദാർഢ്യ ത്തോടെ തന്നെയാണ് വരവ്. മുസ്‌ലിംകളുടെയുള്ളിൽ ഭയത്തിന്റെ തോത് മെല്ലെ മെല്ലെ ഉയരുകയാണ്. ഹൃദയം മേലോട്ട് കയറുന്നത് പോലെ! എന്തു ചെയ്യണം? കൂടിയാലോചിക്കുകതന്നെ. ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റ് നിന്നു ചോദിച്ചു: “തിരുദൂതരേ! നമുക്ക് മദീനക്ക് ചുറ്റും കിടങ്ങ് കുഴിച്ചാലോ?”

എല്ലാവരും ഒരു നിമിഷം സ്തബ്ധരായി! സാഗരം കണക്കെ മണൽ പരന്നുകിടക്കുന്ന ഈ ഭൂമിയിൽ ഒരു കിടങ്ങ്! നല്ല ആശയം! വരൂ നമുക്ക് തുടങ്ങാം. കിടങ്ങ് റെഡി!

വിജയത്തിന്റെ വിസ്മയങ്ങൾ സ്വപ്നം കണ്ടുവന്ന ശത്രുക്കൾ കിടങ്ങ് കണ്ട് ഇതികർത്തവ്യതാമൂഢരായി നിന്നു! അറേബ്യൻ മണൽപരപ്പിൽ കിടങ്ങിന്റെ ചരിത്രം കുറിച്ച ആ യുവാവ് ആരായിരുന്നു?

വരൂ, നമുക്കദ്ദേഹത്തിന്റെ ചരിത്രം കേൾക്കാം. ഇബ്നു അബ്ബാസി(റ)നെ ആ വിസ്മയ ചരിതം അദ്ദേഹം കേൾപ്പിക്കുന്നുണ്ട്. നമുക്കതിന് കാതോർക്കാം. നബിചരിതത്തിന്റെ താളുകൾ വായിച്ചു തുടങ്ങുമ്പോൾ,

ഈ ചരിത്രവിവരണം നമ്മെ കോരിത്തരിപ്പിക്കും. അതാ അദ്ദേഹം പറഞ്ഞു തുടങ്ങി:

"ഞാൻ അസ്ബഹാനിലെ ജയ്യുൻ ഗ്രാമത്തിലെ ഗ്രാമത്തലവന്റെ മകനാണ്. എന്റെ പിതാവിന് എന്നോട് വലിയ ഇഷ്ടമായിരുന്നു. അതുകൊണ്ട് പുറത്തേക്കൊന്നും എന്നെ പറഞ്ഞയക്കാറില്ല! അഗ്നിയാരാധനയുടെ ആശാനായിരുന്നു എന്റെ പിതാവ്. ഞാനാവട്ടെ അതിൽ ഏറെ ഭക്തിയുള്ളവനുമായിരുന്നു. ഒരു ദിനം പിതാവിന് കുറച്ച് തിരക്കുകൾ വന്നു. അതിനാൽ അദ്ദേഹത്തിന്റെ തോട്ടത്തിലേക്ക് എന്നോട് പോകാൻ പറഞ്ഞു. ഞാൻ പുറത്തിറങ്ങി നടന്നു. വഴിമധ്യെ ഒരു ക്രിസ്ത്യൻ ആരാധനാലയം എന്റെ ശ്രദ്ധയിൽ പെട്ടു. അവരുടെ ആരാധന എന്നെ ആശ്ചര്യപ്പെടുത്തി. അവർ ചെയ്യുന്ന ആരാധനാകർമങ്ങൾ ഞാൻ ഏറെ കൗതുകത്തോടെ വീക്ഷിച്ചു. ഇത് എന്റെ മതത്തെക്കാൾ നല്ലതാണല്ലോ! നേരം ഇരുട്ടിയതറിഞ്ഞില്ല. പിതാവ് എന്നെ ഏൽപിച്ച കാര്യം ഞാൻ വിട്ടുപോയി.

'നിങ്ങളുടെ മതത്തിന്റെ കേന്ദ്രം എവിടെയാണ്?' ഞാൻ അന്വേഷിച്ചു.

'ശാം' അവർ മറുപടി തന്നു.

ഞാൻ വീട്ടിലേക്ക് മടങ്ങി. നേരം വൈകിയതിന്റെ കാരണം തിരക്കിയ പിതാവിനോട് ഞാൻ കാര്യങ്ങൾ എല്ലാം പറഞ്ഞു.

'മോനേ, അത് പിഴച്ച മതമാണ്, നമ്മുടെ പൂർവികരുടെ മതമാണ് നല്ലത്.'

'അല്ല' ഞാൻ ഉറപ്പിച്ചു പറഞ്ഞു. തന്മൂലം പിതാവ് എന്നെ ബന്ധിയാക്കി. എവിടേക്കും ഇറങ്ങാർ പറ്റാത്ത അവസ്ഥ.

ശാമിൽനിന്ന് വല്ല കച്ചവടക്കാരും വന്നാൽ ആ വിവരം എന്നെ അറിയിക്കണമെന്ന് ഞാനവരോട് പറഞ്ഞിരുന്നു.

അതാ, ഒരു സംഘം എത്തി! ഞാൻ അവരുടെ കൂടെ കൂടി. ശാമിനെ ലക്ഷ്യമായി യാത്രതിരിച്ചു. ശാമിലെത്തി.

'നിങ്ങളിലെ പ്രധാനി ആരാണ്?'

ഒരാളെ അവർ എനിക്ക് കാണിച്ചുതന്നു. അയാളുടെ അടുത്ത് ഞാൻ എത്തി. അവിടെ കഴിയാൻ ഞാൻ അനുവാദം ചോദിച്ചു. അനുവാദം കിട്ടി.

എന്റെ ജീവിതം അദ്ദേഹത്തിന്റെ കൂടെയായി. സത്യത്തിൽ അയാളൊരു നല്ല മനുഷ്യനായിരുന്നില്ല. ജനങ്ങളുടെ പണം പിടുങ്ങുക എന്നത് മൂപ്പരുടെ പതിവായിരുന്നു. ഇത് തിരിച്ചറിഞ്ഞ ജനം മരണശേഷം അയാളെ ക്രൂശിക്കുകയും കല്ലെറിയുകയും ചെയ്തു. തൽസ്ഥാനത്ത് മറ്റൊരാൾ വന്നു. നല്ല മനുഷ്യൻ. എനിക്കയാളെ ഏറെ ഇഷ്ടമായി. കുറേ കാലം അയാളോടൊത്ത് ഞാൻ സഹവസിച്ചു. അദ്ദേഹത്തിന്റെ മരണമടുത്തപ്പോൾ ഞാൻ ഇനി എന്തു ചെയ്യണമെന്ന് അദ്ദേഹത്തോട് ഉപദേശം തേടി.

'നസ്വീബീനിൽ ഒരു മനുഷ്യനുണ്ട്, നീ അയാളെ സമീപിക്കുക.'

ഞാൻ അവിടെയെത്തി. കുറച്ചു കാലം കഴിഞ്ഞപ്പോൾ അയാളും മരണശയ്യയിലായി. അമൂരിയ്യയിലുള്ള പുരോഹിതനെക്കുറിച്ച് അദ്ദേഹം എന്നോട് പറഞ്ഞു. ഞാൻ അവിടെയെത്തി. അവിടെ നിരവധി സേവനങ്ങൾ ചെയ്ത് ഞാൻ ജീവിച്ചു. ധാരാളം ആടുകളും പശുക്കളും എനിക്കുണ്ടായി. കാലം മുന്നോട്ട് നീങ്ങി ക്കൊണ്ടിരുന്നു. അയാളുടെ ജീവിതം അസ്തമിക്കാറായി എന്ന് എനിക്ക് തോന്നി. ഇനി എവിടേക്ക്? ഞാൻ അദ്ദേഹത്തോട് കാര്യങ്ങൾ പറഞ്ഞു.

'മോനേ! ഇനി നിനക്ക് പോകാൻ പറ്റിയ ഒരു ഇടവും ഞാൻ കാണുന്നില്ല! എന്നാൽ ഒരു നബിയുടെ കാലം ആയിട്ടുണ്ട്. ഇബ്റാഹീമിന്റെ മതവുമായാണ് അദ്ദേഹം നിയോഗിക്കപ്പെടുക. അറബികളുടെ നാട്ടിൽ നിന്ന് കറുത്ത കല്ലുകളുള്ള രണ്ട് കുന്നുകൾക്കിടയിലെ, ഈന്തപ്പനകളുള്ള നാട്ടിലേക്കദ്ദേഹം പലായനം ചെയ്ത് വരും. അദ്ദേഹത്തെ തിരിച്ചറിയാൻ ചില അടയാളങ്ങളുണ്ട്: അദ്ദേഹം ദാനധർമങ്ങൾ ഭക്ഷിക്കില്ല. സമ്മാനങ്ങൾ സ്വീകരിക്കും. അദ്ദേഹത്തിന്റെ ചുമലുകൾക്കിടയിൽ പ്രവാചകത്വമുദ്രയുണ്ടാവും! അതിനാൽ ആ നാട്ടിലേക്ക് നിനക്ക് പോകാൻ സാധിക്കുമെങ്കിൽ നീ അത് ചെയ്തോളൂ!'

തമസംവിനാ അദ്ദേഹം മരിച്ചു. കുറഞ്ഞ നാളുകൾകൂടി ഞാനവിടെ കഴിച്ചുകൂട്ടി. അതിനിടെ കൽബ് ഗോത്രത്തിലെ കുറച്ച് കച്ചവടക്കാരെ ഞാൻ കണ്ടു.

'ഈ ആടുകളെയും പശുക്കളെയും ഞാൻ നിങ്ങൾക്ക് നൽകാം; എന്നെ അറബികളുടെ നാട്ടിലെത്തിക്കാമോ?' ഞാൻ ചോദിച്ചു.

'അതെ!'

അവരുടെ കൂടെ ഞാൻ യാത്രയാരംഭിച്ചു.

എന്നാൽ 'വാദി അൽകുറ'യിൽ എത്തിയപ്പോൾ അവർ എന്നെ ചതിച്ചു. ഒരു ജൂതന് അടിമയായി എന്നെ അവർ വിറ്റു! പിന്നെ അയാളുടെ കൂടെയായി എന്റെ ജീവിതം.

**ശത്രുക്കൾ മദീനയെ വളഞ്ഞിരിക്കുന്നു. ഇത്തവണ ശത്രുപക്ഷം ഒന്നാകെയാണ് വന്നിരിക്കുന്നത്. മുസ്‌ലിംകളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യം നേടണം എന്ന നിശ്ചയദാർഢ്യത്തോടെ തന്നെയാണ് വരവ്. മുസ്‌ലിംകളുടെയുള്ളിൽ ഭയത്തിന്റെ തോത് മെല്ലെ മെല്ലെ ഉയരുകയാണ്. ഹൃദയം മേലോട്ട് കയറുന്നത് പോലെ! എന്തു ചെയ്യണം? കൂടിയാലോചിക്കുകതന്നെ. ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റ് നിന്നു ചോദിച്ചു: "തിരുദൂതരേ! നമുക്ക് മദീനക്ക് ചുറ്റും കിടങ്ങ് കുഴിച്ചാലോ?''**

**എല്ലാവരും ഒരു നിമിഷം സ്തബ്ധരായി! സാഗരം കണക്കെ മണൽ പരന്നു കിടക്കുന്ന ഈ ഭൂമിയിൽ ഒരു കിടങ്ങ്! നല്ല ആശയം! വരൂ നമുക്ക് തുടങ്ങാം. കിടങ്ങ് റെഡി!**



സന്മാർഗത്തിന്റെ വെളിച്ചത്തിന് ദാഹിക്കുന്നവൻ അവസാനം ആ വെളിച്ചത്തിനടുത്തെത്തും; അവൻ എത്ര വിദൂരത്താണെങ്കിലും ശരി. വെളിച്ചത്തെ വിലവെക്കാത്തവനാണെങ്കിൽ അവനത് ലഭിക്കില്ല; എത്ര സമീപത്താണെങ്കിലും! സൽമാൻ(റ), അബൂത്വാലിബ് എന്നിവരുടെ ചരിത്രം അതാണ് ലോകത്തോട് പറയുന്നത്.

ചിലപ്പോൾ ഈന്തപ്പനമരങ്ങൾ ഞാൻ കാണും.

'എന്റെ ഗുരു പറഞ്ഞ ആ നാട് ഇതാണോ?' എനിക്ക് ഉറപ്പിക്കാൻ കഴിഞ്ഞില്ല!

അതിനിടെ എന്റെ ഉടമയുടെ പിതൃവ്യപുത്രൻ അവിടെ വന്നു. അദ്ദേഹം മദീനയിലെ ബനൂകുറൈള ഗോത്രക്കാരനാണ്. അയാൾ എന്നെ വാങ്ങി. അയാളുടെ കൂടെ ഞാൻ മദീനലേക്ക്... അതെ, ഇതു ഞാൻ കാത്തിരുന്ന നാടുതന്നെ!

അതിനിടെ പ്രവാചകൻ മക്കയിൽ നിയോഗിതനാവുകയും മദീനയിലേക്ക് പലായനം ചെയ്യുകയും ചെയ്തിരുന്നു. ഒരു അടിമയായിരുന്നതിനാൽ എനിക്ക് വിവരങ്ങൾ ഒന്നും കിട്ടിയിരുന്നില്ല.

ഒരു ദിവസം, ഞാൻ ഈന്തപ്പനയുടെ മുകളിൽ കയറി ചില പണികൾ ചെയ്യുകയായിരുന്നു. എന്റെ ഉടമ താഴെയുണ്ട്. ആ സമയത്ത് അയാളുടെ പിതൃവ്യപുത്രൻ അവിടെയെത്തി. അവർ സംസാരം തുടങ്ങി. ഞാൻ ശ്രദ്ധിച്ചു; എന്താണവർ സംസാരിക്കുന്നത്?

'ജനങ്ങൾക്കിത് എന്തു പറ്റി? നബിയാണെന്നു പറഞ്ഞ് മക്കയിൽനിന്ന് ഒരാൾ വന്നിരിക്കുന്നു! ജനങ്ങൾ കുബയിൽ അദ്ദേഹത്തിന്റെ അടുത്ത് തിരക്കുകൂട്ടുന്നു!'

ഇത് കേട്ടതും എനിക്ക് നിയന്ത്രണം വിടുന്നതുപോലെ തോന്നി. ഒരു കുളിർമ കാലിൽനിന്ന് മുകളിലേക്ക് അരിച്ചുകയറാൻ തുടങ്ങി. ഹൃദയമിടിപ്പ് കൂടിവന്നു! കാലുകൾ വിറക്കാൻ തുടങ്ങി. ഞാൻ താഴേക്ക് വീഴുമോ എന്ന് തോന്നി. വേഗം ഊർന്നിറങ്ങി. അയാളുടെ അടുത്തേക്ക് ഓടിച്ചെന്നു.

'നിങ്ങൾ എന്താണ് പറഞ്ഞത്?'

'നിനക്കെന്താടാ ഇതിൽ കാര്യം? നീ നിന്റെ പണിയെടുക്ക്' എന്റെ കരണത്ത് ആഞ്ഞടിച്ച് എന്റെ ഉടമ പറഞ്ഞു.

കേട്ട ആ വാർത്ത ഉറപ്പുവരുത്താൻതന്നെ ഞാൻ തീരുമാനിച്ചു. സന്ധ്യയായപ്പോൾ ആരും കാണാതെ പുറത്തിറങ്ങി. ഞാൻ തിരുനബിയുടെ അടുത്തെത്തി! അദ്ദേഹം കുബാഇലാണ്. ഞാൻ കയറിച്ചെന്നു.

'എന്റെ കയ്യിൽ കുറച്ച് സ്വദഖയുണ്ട്. അത് നിങ്ങൾക്ക് ആവശ്യമുണ്ടാവും. ഇതാ, ഇതു സ്വീകരിച്ചാലും!'

അത് തന്റെ അനുചരന്മാർക്ക് നൽകി അവിടുന്ന് പറഞ്ഞു: 'നിങ്ങൾ ഭക്ഷിച്ചോളൂ.'

അദ്ദേഹം അത് തൊട്ടില്ല! അതെ, ഇതാണ് ഒന്നാമത്തെ അടയാളം; ഞാൻ മനസ്സിൽ മന്ത്രിച്ചു.

പിന്നീടൊരിക്കൽ ഞാൻ സമ്മാനവുമായി വന്നു. അപ്പോൾ അദ്ദേഹം അത് സ്വീകരിച്ചു! അതെ, ഇത് രണ്ടാമത്തെ അടയാളം!'

പിന്നീട് അദ്ദേഹം ബകീഇൽ ഒരു ജനാസയിൽ പങ്കെടുത്തുകൊണ്ടിരിക്കെ ഞാൻ വീണ്ടും ചെന്നു. അവിടുന്ന് അനുചരന്മാരുടെ കൂടെ ഇരിക്കുകയാണ്. രണ്ട് മുണ്ടുകൾ അദ്ദേഹത്തിന്റെ മുതുകിലുണ്ട്. എന്റെ ഗുരു എന്നോട് പറഞ്ഞ ആ മുദ്ര ഞാൻ തിരയുകയാണ്. അദ്ദേഹത്തെ ചുറ്റിപ്പറ്റി ഞാൻ നിന്നു. നബി (സ്വ)ക്ക് കാര്യം ബോധ്യമായി; മുതുകിലെ മുണ്ട് മാറ്റി പ്രവാചകത്വമുദ്ര എനിക്ക് കാണിച്ചുതന്നു.

പ്രവാചകന്റെ പൂമേനി ഞാൻ പുണർന്നു. അണച്ചുകൂട്ടി ഉമ്മവച്ചു! പെരുമഴ കണക്കെ പെയ്ത എന്റെ അശ്രുകണങ്ങൾ മണൽത്തരികളെ നനച്ചുകൊണ്ടിരുന്നു...

ഓ, ഇബ്നു അബ്ബാസ്! താങ്കൾക്കീ കഥ ഞാൻ പറഞ്ഞുതന്നതുപോലെ എന്റെ നബിക്കും പറഞ്ഞു കൊടുത്തു. അദ്ദേഹം അത്ഭുതം കൂറിയാണ് അത് ശ്രവിച്ചത്..." (അഹ്മദ്).

അതെ, അദ്ദേഹമാണ് 'ഇസ്‌ലാമിന്റെ പുത്രൻ സൽമാൻ' എന്ന പേരിൽ പിന്നീട് ചരിത്രത്തിൽ അറിയപ്പെട്ടത്! മക്കയിൽനിന്നു വന്ന് മദീനയിൽ അന്ത്യവിശ്രമംകൊള്ളുന്ന അന്തിമദൂതൻ സത്യനബിയാണെന്നതിന് തെളിവായി സൽമാൻ(റ)വിന്റെ ഈ കഥയെക്കാൾ ഇനി എന്തു വേണം?!

വേദങ്ങളിൽ വിവരിക്കപ്പെട്ട വഴികാട്ടി ഈ പ്രവാചകൻതന്നെയാണെന്നതും ഇവിടെ തെളിയുകയാണ്. എത്ര കൃത്യമാണ് പ്രവചനങ്ങൾ! അത് ഗ്രഹിച്ചവർ ഗ്രഹിച്ചു; അല്ലാത്തവർ നഷ്ടക്കാരായി.

സന്മാർഗത്തിന്റെ വെളിച്ചത്തിന് ദാഹിക്കുന്നവൻ അവസാനം ആ വെളിച്ചത്തിനടുത്തെത്തും; അവൻ എത്ര വിദൂരത്താണെങ്കിലും ശരി. വെളിച്ചത്തെ വിലവെക്കാത്തവനാണെങ്കിൽ അവനത് ലഭിക്കില്ല; എത്ര സമീപത്താണെങ്കിലും! സൽമാൻ(റ), അബൂത്വാലിബ് എന്നിവരുടെ ചരിത്രം അതാണ് ലോകത്തോട് പറയുന്നത്. ■



# നമ്മുടെ രാജ്യത്തെ കോടതികൾ 3

അബൂ ആദം അയ്മൻ

**മാൻഡമസ്** (Mandamus):

'ഞങ്ങൾ ആജ്ഞാപിക്കുന്നു' എന്ന് അർഥമുള്ള ലാറ്റിൻ പദമാണിത്. പൊതുചുമതലകൾ നിർവഹിക്കുന്ന ആളുകളോ, സ്ഥാപനങ്ങളോ, ട്രൈബ്യൂണലുകളോ, നിയമവിരുദ്ധമായോ നീതിവിരുദ്ധമായോ പെരുമാറുമ്പോൾ, അവർ എപ്രകാരം പ്രവർത്തിക്കണമെന്ന് നിർദേശിച്ചുകൊണ്ട് ഉന്നത കോടതി പുറപ്പെടുവിക്കുന്ന റിട്ട് ആണിത്.

**കോ വാറന്റോ** (QuoWarranto):

'എന്ത് അധികാരത്താൽ' എന്ന് അർഥമുള്ള ലാറ്റിൻ പദമാണിത്. പൊതുസ്വഭാവവും പ്രാധാന്യവുമുള്ള ഔദ്യോഗിക സ്ഥാനത്തിരിക്കുന്ന ഒരാളോട്, എന്ത് അധികാരത്തിന്മേലാണ് ആ സ്ഥാനത്ത് തുടരുന്നതെന്നു ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട്, ഉന്നതകോടതി പുറപ്പെടുവിക്കുന്നതാണ് ഈ റിട്ട്, അധികാരമില്ലെന്നു ബോധ്യപ്പെട്ടാൽ ആ സ്ഥാനത്തിരുന്നു പ്രവർത്തിക്കുന്നതിൽനിന്ന് അയാളെ തടഞ്ഞുകൊണ്ട്, കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. സ്വകാര്യസ്ഥാപനങ്ങളുടെ കാര്യത്തിൽ ഈ റിട്ട് പുറപ്പെടുവിക്കുന്നതല്ല.

**സെർഷേയാറാറി** (Certiorari):

'കൂടുതലായി നിശ്ചയം വരുത്തുന്നതിന്' എന്ന് അർഥമുള്ള ലാറ്റിൻ പദമാണിത്. കീഴ്ക്കോടതികളോ, ട്രൈബ്യൂണലുകളോ, നീതിന്യായവ്യവസ്ഥകൾക്കു വിധേയമായി ചില കാര്യങ്ങളിൽ തീർപ്പുകൽപിക്കേണ്ടി വരുന്ന മന്ത്രിമാരോ, വകുപ്പുമേധാവികൾ തുടങ്ങിയ ഉദ്യോഗസ്ഥന്മാരോ അധികാരമില്ലാത്തതു ചെയ്യുമ്പോൾ, അവർ പുറപ്പെടുവിച്ച ഉത്തരവുകളും ബന്ധപ്പെട്ടതായ മറ്റെല്ലാ രേഖകളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനു വേണ്ടി, ആയത് എത്തിച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ട് ഉന്നതകോടതി പുറപ്പെടുവിക്കുന്ന റിട്ട് ആണിത്. പരിശോധനയിൽ നിയമതത്ത്വങ്ങൾ മറികടന്നുള്ളതാണ് പ്രസ്തുത ഉത്തരവുകളെന്നു കണ്ടാൽ ഹൈക്കോടതിയോ സുപ്രീംകോടതിയോ അത് അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നതുമായിരിക്കും. തെറ്റുതിരുത്തിക്കൊണ്ടുള്ള ഉത്തരവാണ് സെർഷേയാറാറി റിട്ട് എന്നർഥം.

**പ്രൊഹിബിഷൻ** (Prohibition):

കീഴ്ക്കോടതികൾ (ട്രൈബ്യൂണലുകൾ, സ്പെഷ്യൽ ട്രൈബ്യൂണലുകൾ, അന്വേഷണ കമ്മീഷനുകൾ എന്നിവയും കീഴ്ക്കോടതികളിൽ ഉൾപ്പെടുന്നതാണ്) അധികാരത്തിൽ കവിഞ്ഞും സാമാന്യനീതിക്ക് വിരുദ്ധമായും പ്രവർത്തിക്കുന്നതിനെ തടഞ്ഞുകൊണ്ട് ഉന്നതകോടതി പുറപ്പെടുവിക്കുന്നതാണ് ഈ റിട്ട്.

**സുപ്രീം കോടതി ജഡ്ജിമാർ**

ഭരണഘടന 124ാം വകുപ്പു പ്രകാരം രാഷ്ട്രപതിയാണ് സുപ്രീം കോടതി ജഡ്ജിമാരെ നിയമിക്കുന്നത്. സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായി ആലോചിച്ചാണ് രാഷ്ട്രപതി ഈ നിയമനം നടത്തേണ്ടത്. ആവശ്യമെങ്കിൽ സുപ്രീം കോടതിയിലെയോ, ഹൈക്കോടതികളിലെയോ തനിക്ക് യുക്തമെന്നു തോന്നുന്ന ജഡ്ജിമാരുമായും രാഷ്ട്രപതിക്ക് ഇതിനെക്കുറിച്ച് ആലോചന നടത്താവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നയാൾ ഇന്ത്യൻ പൗരനായിരിക്കണം. കൂടാതെ അദ്ദേഹം ഏതെങ്കിലും

ഹൈക്കോടതിയിലോ ഹൈക്കോടതികളിലോ ആയി, തുടർച്ചയായി അഞ്ചുവർഷമെങ്കിലും ജഡ്ജിയായിരുന്നിരിക്കണം. അല്ലെങ്കിൽ അദ്ദേഹം ഏതെങ്കിലും ഹൈക്കോടതിയിലോ ഹൈക്കോടതികളിലോ ആയി, തുടർച്ചയായി പത്തു വർഷമെങ്കിലും അഭിഭാഷകനായിരുന്നിരിക്കണം. (അഭിഭാഷകനായിരുന്നിട്ടുള്ള കാലാവധി കണക്കാക്കുന്നതിൽ, അഭി ഭാഷകനായശേഷം ജഡ്ജിതലത്തിൽ താഴെയല്ലാത്ത ഒരു ന്യായാധിപസ്ഥാനം വഹിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്ഥാനം വഹിച്ച കാലയളവുകൂടി ഉൾപ്പെടുത്തേണ്ടതാണ്). അല്ലെങ്കിൽ ഇപ്രകാരം നിയമിക്കപ്പെ ടുന്നയാൾ രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ പ്രഗത്ഭനായ ഒരു നിയമജ്ഞനായിരിക്കണം. സുപ്രീം കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നയാൾ രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്നയാളുടെയോ മുമ്പാകെയും, ചീഫ് ജസ്റ്റീസ് ആയി നിയമിക്കപ്പെടുന്നയാൾ രാഷ്ട്രപതിയുടെ മുമ്പാകെയും ഇതിലേക്ക് ഇന്ത്യൻ ഭരണഘടനയിൽ നിർദേശിച്ചിരിക്കുന്ന പ്രകാരമുള്ള സത്യപ്രതിജ്ഞ ഉദ്ദേയാഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി നിർവഹിച്ചിരിക്കണം. സുപ്രീം കോടതി ജഡ്ജിമാർക്ക് 65 വയസ്സുവരെ ഉദ്യോഗത്തിൽ തുടരാവുന്നതാണ്. സുപ്രീംകോടതി ജഡ്ജിമാർ റിട്ടയർ ചെയ്തശേഷം, രാജ്യത്തെ ഒരു കോടതിയിലും അഭിഭാഷകനായി ഹാജരായിക്കൂടാത്തതുമാണ്.

**സംസ്ഥാന ഹൈക്കോടതി**

രാജ്യത്തെ ഓരോ സംസ്ഥാനത്തും ഓരോ ഹൈക്കോടതി (High Court) ഉണ്ടായിരിക്കണമെന്ന്, ഭരണഘടന 214ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഹൈക്കോടതി സംസ്ഥാനത്തെ ഉന്നത നീതിന്യായക്കോടതിയായിരിക്കും. ഓരോ ഹൈക്കോടതിയിലും ഒരു ചീഫ് ജസ്റ്റിസും രാഷ്ട്രപതി അതത് കാലങ്ങളിൽ നിയമിക്കുന്നത്ര ജഡ്ജിമാരും ഉണ്ടായിരിക്കും. ജില്ലാകോടതികളുടെയും സബ് കോടതികളുടെയും വിധികളിന്മേലുള്ള അപ്പീലുകളിൽ തീർപ്പുകൽപിക്കുക, ലേബർ കോടതി, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, മോട്ടോർ വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണൽ തുടങ്ങിയവയുടെ വിധികളിന്മേലുള്ള അപ്പീലുകൾ തീർച്ചചെയ്യുക, പൗരന്മാരുടെ മൗലികാവകാശങ്ങളടക്കമുള്ള ഏതൊരവകാശത്തിന്റെയും സംരക്ഷണാർഥം ഉചിതമായ റിട്ട് പുറപ്പെടുവിക്കുക, സംസ്ഥാനത്തെ ഇതര കോടതികളുടെയും ട്രൈബ്യൂണലുകളുടെയും മേൽനോട്ടം വഹിക്കുക, കീഴ്ക്കോടതിയിൽ നടക്കുന്ന ഒരു കേസിൽ ഭരണഘടനാ വ്യാഖ്യാനം സംബന്ധിച്ച പ്രശ്നം നിലനിൽക്കുന്നതായി ബോധ്യപ്പെട്ടാൽ, അത്തരം കേസ് ഹൈക്കോടതിയിലേക്കു മാറ്റി പ്രസ്തുത വിഷയത്തിൽ തീർപ്പുകൽപിക്കുക, സ്വന്തം വിധി പുനപ്പരിശോധിക്കുക മുതലായവ ഹൈക്കോടതിയുടെ അധികാരങ്ങളിൽ പെടുന്നു. ഹൈക്കോടതിയും ഒരു കോർട്ട് ഓഫ് റിക്കോർഡ് ആണ്. ആ നിലയിൽ കോടതിയലക്ഷ്യക്കുറ്റത്തിന് ശിക്ഷിക്കാനും അധികാരമുണ്ട്.

**ഹൈക്കോടതി ജഡ്ജിമാർ**

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായും സംസ്ഥാന ഹൈക്കോടതി ചീഫ് ജസ്റ്റിസുമായും ആലോചിച്ചാണ് രാഷ്ട്രപതി നടത്തേണ്ടത്. ഇപ്രകാരം നിയമിക്കപ്പെടുന്നയാൾ ഇന്ത്യൻ പൗരനായിരിക്കണം. കൂടാതെ പത്തുവർഷമെങ്കിലും ഒരു ന്യായാധിപസ്ഥാനം വഹിച്ചിരിക്കണം. അല്ലെങ്കിൽ അദ്ദേഹം ഏതെങ്കിലും ഹൈക്കോടതിയിലോ, ഹൈക്കോടതികളിലോ ആയി തുടർച്ചയായ പത്തുവർഷമെങ്കിലും അഭിഭാഷകനായിരുന്നിരിക്കണം, അഭിഭാഷകനായിരുന്നിട്ടുള്ള കാലാവധി കണക്കാക്കുന്നതിൽ അഭിഭാഷകനായശേഷം ഒരു ന്യായാധിപസ്ഥാനം വഹിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്ഥാനം വഹിച്ചിരുന്ന കാലയളവു കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നയാൾ ഗവർണറുടെയോ, അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ആളുടെയോ മുമ്പാകെയും, ചീഫ് ജസ്റ്റീസ് ആയി നിയമിക്കപ്പെടുന്നയാൾ ഗവർണറുടെ മുമ്പാകെയും, ഇതിലേക്ക് ഇന്ത്യൻ ഭരണഘടനയിൽ നിർദേശിച്ചിരിക്കുന്ന പ്രകാരമുള്ള സത്യപ്രതിജ്ഞ ഉദ്ദേയാഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി നിർവഹിച്ചിരിക്കണം. ഹൈക്കോടതി ജഡ്ജിമാർക്ക് 62 വയസ്സുവരെ ഉദ്യോഗത്തിൽ തുടരാവുന്നതാണ്. റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിക്ക് താൻ ജഡ്ജിയായിരുന്ന ഹൈക്കോടതിയോ, ഹൈക്കോടതികളോ ഒഴികെയുള്ള ഹൈക്കോടതികളിലും സുപ്രീം കോടതിയിലും അഭിഭാഷകനായി പ്രാക്ടീസ് ചെയ്യാവുന്നതാണ്.

ഭരണഘടനയുടെ മൂന്നാം പട്ടികയിൽ സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാർക്കായി നിർദേശിക്കപ്പെട്ടിട്ടുള്ള സത്യപ്രതിജ്ഞാവാചകം ഇപ്രകാരമാണ്: 'ഇന്ത്യൻ സുപ്രീം കോടതി യിലെ ചീഫ് ജസ്റ്റിസ്/ ജഡ്ജി/ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്/ ജഡ്ജി ആയി നിയുക്തനായിരിക്കുന്ന, ആകുന്ന ഞാൻ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള ഇന്ത്യൻ ഭരണഘടനയോട് യഥാർഥമായ വിശ്വസ്തതയും കൂറും പുലർത്തുന്നതാണെന്നും, ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതാണെന്നും, എന്റെ പരമാവധി കഴിവും പരിജ്ഞാനവും നിർണായക ശക്തിയും ഉപയോഗിച്ച്, എന്റെ ഔദ്യോഗിക കർത്തവ്യം ഭീതിയോ പ്രീതിയോ വാത്സല്യമോ ദോഷവിചാരമോ കൂടാതെ നിർവഹിക്കുന്നതാണെന്നും, ഭരണഘടനയും നിയമങ്ങളും നിലനിർത്തുന്നതാണെന്നും ഈശ്വരനാമത്തിൽ പ്രതിജ്ഞ ചെയ്യുന്നു/ സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

***(അവലംബം)***

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 46

# അഹ്ക്വാഫ്

(മക്കയിൽ അവതരിച്ചത്)

حمٓ ١

تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡحَكِيمِ ٢

مَا خَلَقۡنَا ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَآ إِلَّا
بِٱلۡحَقِّ وَأَجَلٖ مُّسَمّٗىۚ وَٱلَّذِينَ كَفَرُواْ عَمَّآ
أُنذِرُواْ مُعۡرِضُونَ ٣

قُلۡ أَرَءَيۡتُم مَّا تَدۡعُونَ مِن دُونِ ٱللَّهِ أَرُونِي
مَاذَا خَلَقُواْ مِنَ ٱلۡأَرۡضِ أَمۡ لَهُمۡ شِرۡكٞ فِي
ٱلسَّمَٰوَٰتِۖ ٱئۡتُونِي بِكِتَٰبٖ مِّن قَبۡلِ هَٰذَآ أَوۡ
أَثَٰرَةٖ مِّنۡ عِلۡمٍ إِن كُنتُمۡ صَٰدِقِينَ ٤

وَمَنۡ أَضَلُّ مِمَّن يَدۡعُواْ مِن دُونِ ٱللَّهِ مَن
لَّا يَسۡتَجِيبُ لَهُۥٓ إِلَىٰ يَوۡمِ ٱلۡقِيَٰمَةِ وَهُمۡ عَن
دُعَآئِهِمۡ غَٰفِلُونَ ٥

وَإِذَا حُشِرَ ٱلنَّاسُ كَانُواْ لَهُمۡ أَعۡدَآءٗ وَكَانُواْ
بِعِبَادَتِهِمۡ كَٰفِرِينَ ٦

1. ഹാമീം.
2. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.
3. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം സൃഷ്ടിച്ചത് ശരിയായ ഉദ്ദേശത്തോടുകൂടിയും നിർണിതമായ ഒരു അവധിവെച്ചുകൊണ്ടും മാത്രമാകുന്നു. സത്യനിഷേധികളാകട്ടെ തങ്ങൾക്ക് താക്കീത് നൽകപ്പെട്ടത് ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു.
4. (നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരൂ.
5. അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു.
6. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالَ ٱلَّذِينَ
كَفَرُوا۟ لِلْحَقِّ لَمَّا جَآءَهُمْ هَٰذَا سِحْرٌ مُّبِينٌ ﴿٧﴾

7. സുവ്യക്തമായ നിലയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപ്പിക്കപ്പെടുകയാണെങ്കിൽ സത്യം തങ്ങൾക്ക് വന്നെത്തുമ്പോൾ അതിനെപ്പറ്റി ആ സത്യനിഷേധികൾ പറയും; ഇത് വ്യക്തമായ ഒരു മായാജാലമാണെന്ന്.

2). ഉന്നതമായ തന്റെ ഗ്രന്ഥത്തെ അല്ലാഹു പുകഴ്ത്തുകയും മഹത്ത്വപ്പെടുത്തുകയുമാണിവിടെ. അതിന്റെ വെളിച്ചത്തിൽ മാർഗനിർദേശം തേടാനും അതിലെ വചനങ്ങളുടെ ആലോചനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അതിലുള്ള നിധി കണ്ടെത്താനും ആളുകളോട് പറയുകയും ചെയ്യുന്നു.

3). കൽപനകളും വിരോധങ്ങളുമുൾക്കൊള്ളുന്ന തന്റെ ഗ്രന്ഥത്തെ ഇറക്കിയതിനെക്കുറിച്ച് വ്യക്തമാക്കിയപ്പോൾതന്നെ അല്ലാഹു ഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ചും പരാമർശിച്ചു. അങ്ങനെ സൃഷ്ടിപ്പും ശാസനയും അവൻ ഒരുമിച്ചു ചേർത്തു.

أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ

'അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവനു തന്നെയാണ്'(7:54). അല്ലാഹു പറയുന്നു:

ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ
يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ

'അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽനിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവക്കിടയിൽ (അവന്റെ) കൽപനയിറങ്ങുന്നു' (65:12).

يُنَزِّلُ ٱلْمَلَٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ
مِنْ عِبَادِهِۦٓ أَنْ أَنذِرُوٓا۟ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠
فَٱتَّقُونِ ﴿٢﴾ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ

'തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവരുടെമേൽ തന്റെ കൽപനപ്രകാരം(സത്യസന്ദേശമാകുന്ന) ചൈതന്യവും കൊണ്ട് മലക്കുകളെ അവൻ ഇറക്കുന്നു. ഞാനല്ലാതെ യാതൊരു ദൈവവുമില്ല, അതിനാൽ നിങ്ങളെന്നെ സൂക്ഷിച്ചുകൊള്ളുവിൻ എന്ന് നിങ്ങൾ താക്കീത് നൽകുക (എന്നത്രെ ആ സന്ദേശം). ആകാശങ്ങളും ഭൂമിയും അവൻ യുക്തിപൂർവം സൃഷ്ടിച്ചിരിക്കുന്നു' (16:2,3).

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചു. അവർക്ക് താമസസംവിധാനങ്ങളൊരുക്കി. ആകാശഭൂമികളിലുള്ളതെല്ലാം അവർക്ക് അവൻ കീഴ്പ്പെടുത്തിക്കൊടുക്കുകയും ചെയ്തു. തുടർന്ന് പ്രവാചകന്മാരെ അവരിലേക്ക് നിയോഗിച്ച് വേദഗ്രന്ഥങ്ങളിറക്കി. വിധിവിലക്കുകൾ നിർദേശിച്ചു. ഈ ലോകം പ്രവർത്തനങ്ങളുടെതാണെന്നും പ്രവർത്തിക്കുന്നവർക്ക് കടന്നുപോകാനുള്ളതാണെന്നും പറഞ്ഞുകൊടുക്കുകയും ചെയ്തു. ഇവിടെയുള്ളവർ യാത്രപോകാതെ ഇവിടെ സ്ഥിരം താമസിക്കുന്നവരല്ല. പിന്നീടവർ നിത്യതയുടെയും ശാശ്വതത്തിന്റെയും സ്ഥലത്തേക്കും സ്ഥിരതയുടെ വീട്ടിലേക്കും യാത്രയാകും. അവിടെ വെച്ച് അവർ ചെയ്ത പ്രവർത്തനങ്ങളുടെ പ്രതിഫലം പൂർണമായും അനുഭവിക്കും. ആ ലോകത്തെ സ്ഥാപിക്കുന്ന തെളിവുകൾ അല്ലാഹു നൽകി.

ഇവിടെവെച്ചുതന്നെ ശിക്ഷയുടെയും പ്രതിഫലത്തിന്റെയും മാതൃകകൾ അവർ അനുഭവിപ്പിച്ചു. അത് അവർ ആഗ്രഹിക്കുന്നത് അന്വേഷിക്കാനും ഭയപ്പെടുന്നതിൽനിന്ന് ഓടിയകലാനും ഏറ്റവും സഹായകമായി. അതാണ് അല്ലാഹു പറഞ്ഞത്: (ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം സ്ഥാപിച്ചത് ശരിയായ ഉദ്ദേശ്യത്തോടുകൂടിയാണ്). അലക്ഷ്യമായും വെറുതെയുമല്ല. മറിച്ച്, ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിനെ മനസ്സിലാക്കാൻവേണ്ടി. അവന്റെ പൂർണതയ്ക്ക് തെളിവായ ബൃഹത്തായ ആകാശ ഭൂമികളെ സൃഷ്ടിക്കുവാൻ കഴിവുള്ളവൻ, മരിച്ചവരെ തിരിച്ചുകൊണ്ടുവരാനും മരണശേഷം അവർക്ക് പ്രതിഫലം നൽകാനും കഴിവുള്ളവനാണെന്ന് അവർ മനസ്സിലാക്കും. അവയുടെ സൃഷ്ടിപ്പും ശേഷിപ്പും നിർണിതമായ ഒരു സമയം വരെ മാത്രമാണ് (നിർണിതമായ ഒരവധി വെച്ചുകൊണ്ടും).

ഇത്രയും പറഞ്ഞതിന് ശേഷം-സംസാരിക്കുന്നവരിൽ ഏറ്റവും സത്യസന്ധനാണ് അവൻ-തെളിവ് സ്ഥാപിക്കുകയും വഴി കാണിക്കുകയും ചെയ്തു. അതോടൊപ്പം അവൻ പറഞ്ഞത്, എന്നാൽ ജനങ്ങളിൽ ഒരു വിഭാഗം സത്യത്തെ അവഗണിക്കുകയും പ്രവാചകന്മാരുടെ പ്രബോധനങ്ങളെ നിരാകരിക്കുകയും മാത്രമാണ് ചെയ്തത് എന്നാണ്. (സത്യനിഷേധികളാവട്ടെ തങ്ങൾക്ക് താക്കീത് നൽകപ്പെട്ടത് ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു). എന്നാൽ സത്യവിശ്വാസികളാവട്ടെ, ശരിയായ അവസ്ഥ മനസ്സിലാക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ ഉപദേശങ്ങൾ സ്വീകരിക്കുകയും പൂർണമായും അംഗീകരിച്ച് സമർപ്പിക്കുകയും ബഹുമാനത്തോടും കീഴ്വണക്കത്തോടും ഉൾക്കൊള്ളുകയും ചെയ്യുന്നു. അങ്ങനെ സർവനന്മകളോടുംകൂടി അവർ വിജയിക്കുന്നു. എല്ലാ ദോ

ഷങ്ങളും അവരിൽനിന്നൊഴിവാകുകയും ചെയ്യുന്നു.

4). അതായത്, (പറയുക:) യാതൊരു ഉപകാരമോ ഉപദ്രവമോ ജീവിതമോ മരണമോ ഉയിർത്തെഴുന്നേൽപോ ഉടമപ്പെടുത്താത്ത സമന്മാരെയും ബിംബങ്ങളെയും അല്ലാഹുവിൽ പങ്കാളിയാക്കുകയും ചെയ്യുന്നവരോട് അവരുടെ ബിംബങ്ങളുടെ കഴിവുകേടിനെ വ്യക്തമാക്കിക്കൊടുത്തുകൊണ്ട് പറയുക. ആരാധനയ്ക്ക് യാതൊരു അവകാശവും അവയ്ക്കില്ല. (ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല, ആകാശങ്ങളുടെ സൃഷ്ടിപ്പിൽ വല്ല പങ്കും അവർക്കുണ്ടോ?) ആകാശഭൂമിഗോളങ്ങളിൽ വല്ലതും അവർ സൃഷ്ടിച്ചുവോ? പർവതങ്ങളെ അവരാണോ സൃഷ്ടിച്ചത്? നദികളൊഴുക്കിയത് അവരാണോ? അവർ ഭൂമിയിലുടനീളം മൃഗങ്ങളെ വിന്യസിച്ചുവോ? മരങ്ങൾ അവർ മുളപ്പിച്ചുവോ? ഇവയിലേതെങ്കിലും സൃഷ്ടിക്കാൻഅവർ സഹായിച്ചിട്ടുണ്ടോ? അതിലവർക്കൊന്നുമില്ലെന്ന് മറ്റുള്ളവരെക്കാൾ അവർ അംഗീകരിക്കും. ഇത് അല്ലാഹു ഒഴികെയുള്ള എല്ലാറ്റിനുമുള്ള ആരാധനയും നിരർഥകമാണെന്നതിന് ഖണ്ഡിതമായ തെളിവാണ്.

രേഖാപരമായ തെളിവും അവർക്കില്ലെന്നാണ് തുടർന്ന് പറയുന്നത്. (ഇതിന് മുമ്പുള്ള ഏതെങ്കിലും ഗ്രന്ഥം നിങ്ങൾ കൊണ്ടുവരൂ). ശിർക്കിലേക്ക് ക്ഷണിക്കുന്ന ഒരു ഗ്രന്ഥം. (അല്ലെങ്കിൽ അറിവിന്റെ വല്ല അംശമോ) ഇതിൽ കൽപിക്കുന്ന പ്രവാചക പൈതൃക വിജ്ഞാനങ്ങളിൽ നിന്ന്. (നിങ്ങൾ സത്യവാന്മാരാണെങ്കിൽ) ഏതെങ്കിലും ഒരു പ്രവാചകനിൽനിന്ന് അത്തരം ഒരു തെളിവ് കൊണ്ടുവരാൻ അവർക്കാവില്ലെന്നത് വ്യക്തമായും ഖണ്ഡിതമായും നമുക്ക് പറയാനാവും. അവരെല്ലാവരും ക്ഷണിച്ചത് തങ്ങളുടെ രക്ഷിതാവിന്റെ ഏകത്വത്തിലേക്കും ശിർക്കിനെ വിരോധിച്ചുമായിരുന്നു എന്ന്. അതുതന്നെയാണ് അവരിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന സുപ്രധാനമായ അറിവും. അല്ലാഹു പറയുന്നു

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമന്ന് (പ്രബോധനം ചെയ്യുന്നതിനുവേണ്ടി)' (16:36).

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനതയോട് പറഞ്ഞത്:

اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരാരാധ്യനുമില്ല' (7:59) എന്നാണ്. ബഹുദൈവ വിശ്വാസത്തിനുവേണ്ടി വാദിക്കുന്ന മുശ്രിക്കുകൾ ഒരു തെളിവിനെയോ പ്രമാണത്തെയോ അവലംബിക്കാത്തവരാണെന്ന് വ്യക്തം. അവർ അവലംബിക്കുന്നതാകട്ടെ പിഴച്ച ബുദ്ധിയെയും പിഴച്ച ചിന്തകളെയും അവരുടെ വിചാരങ്ങളെയും മാത്രമാണ്. അവരുടെ സാഹചര്യങ്ങളെക്കുറിച്ചുള്ള പഠനവും അവരുടെ വിജ്ഞാനങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അന്വേഷണവും അവരുടെ വിശ്വാസത്തിന്റെ തകരാറ് നിനക്ക് മനസ്സിലാക്കിത്തരും. ജീവിതം മുഴുവൻ ഇത്തരം ആരാധനയിൽ ചെലവഴിച്ചവരുടെ അവസ്ഥ ചിന്തിക്കുമ്പോൾ വല്ല പ്രയോജനവും ഇഹത്തിലോ പരത്തിലോ അവന് ലഭിച്ചുവോ?

5.6). അതാണ് അല്ലാഹു പറയുന്നത്: (അല്ലാഹുവിന് പുറമെ ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?) അതായത് ഈ ലോകത്ത് കഴിച്ചുകൂട്ടുന്ന കാലമത്രയും ഒരു അണുത്തൂക്കം പ്രയോജനം അതുകൊണ്ടുണ്ടാവില്ല. (അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു). അവരുടെ ഒരു പ്രാർഥനയും അവർ കേൾക്കില്ല. അവരുടെ ഒരു വിളിക്കും അവർ ഉത്തരം നൽകുകയുമില്ല. ഇതാണ് ഇഹലോകത്ത് അവരുടെ അവസ്ഥ. ഉയിർത്തെഴുന്നേൽപ് ദിനത്തിൽ അവരുടെ ശിർക്കിനെ അവർ നിഷേധിക്കും. (മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കും) അവർ പരസ്പരം ശപിക്കും. അന്യോന്യം ഒഴിഞ്ഞുമാറുകയും ചെയ്യും (ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും).

7). അതായത്, സത്യനിഷേധികൾക്ക് അവരെ സംശയിക്കാനാവാത്തവിധം 'നമ്മുടെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ' വായിച്ചുകേൾപിക്കുമ്പോൾ, അത് അവർക്ക് ഗുണം ചെയ്യില്ല. അതിലൂടെ അവർക്കെതിരെ തെളിവ് സ്ഥാപിക്കപ്പെടുകയും അവർ കെട്ടിച്ചമച്ച് പറയുകയും ചെയ്യുന്നു. അതായത്, ഇത് വ്യക്തമായും സംശയരഹിതമായും മാന്ത്രികമാണ്; പ്രകടമായതും സംശമില്ലാത്തതും. ഇത് സത്യത്തെ തലതിരിക്കലാണ്. മന്ദബുദ്ധികളല്ലാതെ ഇതിൽ സംശയിക്കില്ല. നബി (സ്വ) കൊണ്ടുവന്ന സത്യവും സിഹ്റും തമ്മിലുള്ള വ്യത്യാസവും വൈരുധ്യവും ആകാശഭൂമികൾ തമ്മിലുള്ളതിനെക്കാൾ വലുതാണ്. സത്യത്തെ-നക്ഷത്രങ്ങളെപോലെ ഉദാത്തവും സൂര്യനെക്കാൾ പ്രകാശമുള്ളതും പ്രപഞ്ചത്തിലെയും അവരുടേതുമായ തെളിവുകളിൽ പിന്തുണയ്ക്കപ്പെടുന്നതും ഉൾക്കാഴ്ചയും പക്വമായ ചിന്താഗതിയുമുള്ള ആളുകൾ സ്ഥിരീകരിച്ചതും അംഗീകരിച്ചതുമായ സത്യത്തെ എങ്ങനെ താരതമ്യം ചെയ്യാനാവും? ഇങ്ങനെയുള്ളതിനെ എങ്ങനെ അക്രമിയും ദുഷിച്ച മനസ്സുള്ളവനും പ്രവൃത്തിയുള്ളവനുമായ വ്യക്തിയിൽനിന്നുണ്ടാകുന്ന അസത്യമായ സിഹ്റുമായി തുലനം ചെയ്യും? അത് അവന് യോജിച്ചതാണോ? അവന്റെ അവസ്ഥയ്ക്ക് അനുയോജ്യമാണോ? ഇത് കളവ് മാത്രമല്ലയോ?

ലേഖനം



# മതം എളുപ്പമാണ്

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

നബി(സ്വ) പറഞ്ഞു: "നിങ്ങൾ എളുപ്പമുണ്ടാക്കുക, പ്രയാസം ഉണ്ടാക്കരുത്. നിങ്ങൾ സന്തോഷം നൽകുക, വെറുപ്പിക്കരുത്.'

ഈ രീതി സ്വീകരിക്കുന്നവർ വളരെ വിരളമാണ്. അധ്യാപകൻമാർ വിദ്യാർഥികളോടായാലും, മേലുദ്യോഗസ്ഥർ തങ്ങളുടെ കീഴുദ്യോഗസ്ഥരോടായാലും, ഉദ്യോഗസ്ഥർ പൊതുജനങ്ങളോടായാലും, രക്ഷാകർത്താക്കൾ മക്കളോടായാലും ആവശ്യമില്ലാത്ത തരത്തിൽ പ്രയാസപ്പെടുത്തലും വെറുപ്പിക്കലും നടത്തിവരുന്നുണ്ട്.

കയറു കെട്ടി അതിൽ പിടിച്ച് നമസ്കരിക്കാൻ ശ്രമിച്ച വനിതയോട് നബി(സ) അത് വിലക്കി. വെയിൽ കൊണ്ട് നോമ്പെടുക്കുന്ന സ്വഹാബിയെയും വിലക്കുകയാണ് ചെയ്തത്. നമസ്കാരത്തിൽ ഇമാമായി നിന്ന സ്വഹാബി അധികം പാരായണം ചെയ്തതായി ആളുകൾ പരാതി പറഞ്ഞപ്പോൾ നബി(സ്വ) എളുപ്പമുള്ളത് ഓതാൻ കൽപിച്ചു. ഇങ്ങനെ നിരവധി സംഭവങ്ങൾ ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

നാം തിരിച്ചറിയേണ്ട പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. രക്ഷിതാക്കൾ ചില തത്ത്വങ്ങൾ സ്വീകരിച്ചാൽ പാരന്റിംഗ് എളുപ്പമാക്കാൻ കഴിയും. നല്ലത് ചെയ്യാനാണോ ചീത്ത ചെയ്യാനാണോ എളുപ്പം? നല്ലവനാവാനാണോ ചീത്തയാവാനാണോ എളുപ്പം? ഇങ്ങനെ ചോദിക്കുമ്പോൾ അധികപേരും മറുപടി പറയുക ചീത്തചെയ്യാനും ചീത്തയാവാനുമാണ് എളുപ്പം എന്നാണ്.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല" (2:185). മതം എളുപ്പമാണ് എന്നാണ് നബി (സ്വ) നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

ഒരു കുട്ടി നമസ്കരിക്കാൻ പത്ത് മിനുട്ട് എടുക്കുന്നുവെങ്കിൽ നമസ്കരിക്കാതിരിക്കാനായി ഉമ്മയിൽ നിന്ന് രക്ഷപ്പെടാൻ ചുരുങ്ങിയത് രണ്ട് മണിക്കൂറോളം പ്രയത്നിക്കണം. സംഘർഷങ്ങൾ വേറെയും. ഒരു കുട്ടി മതിലിൽ കയറുന്നു. എന്നാൽ കൂടെയുള്ള കുട്ടി മതിലിൽ കയറുന്നില്ല. മതിലിൽ കയറാത്ത കുട്ടി നല്ല കുട്ടിയെങ്കിൽ മതിലിൽ കയറി ചീത്തയാവാനാണോ മതിലിൽ കയറാതെ നല്ല കുട്ടിയാവാനാണോ എളുപ്പം?

ഒരു കുട്ടി നല്ലവനായാൽ അവനെ പരിഗണിക്കാതിരിക്കുകയും ചീത്ത കുട്ടിയായാൽ കൂടുതൽ ശ്രദ്ധ നൽകി ചീത്ത പറഞ്ഞു ചീത്തയാക്കാനുമാണ് പൊതുവെ രക്ഷിതാക്കൾ ശ്രമിക്കുക. ഒരു കുട്ടിയെ നല്ലത് പറഞ്ഞാൽ അവൻ കൂടുതൽ നല്ലവനാവുകയാണ് ചെയ്യുക. കയ്യക്ഷരം മോശമല്ലാത്ത ഒരു കുട്ടിയോട് നിന്റെ കയ്യക്ഷരം എനിക്കിഷ്ടപ്പെട്ടു, നന്നായിട്ടുണ്ട് എന്ന് പറയുമ്പോൾ അവന്റെ മനസ്സിൽ കൂടുതൽ നന്നാക്കണമെന്ന ചിന്തയാണ് വന്നുചേരാൻ കൂടുതൽ സാധ്യത.

എന്നാൽ കയ്യക്ഷരം മോശമായ ഒരു കുട്ടിയോട് കയ്യക്ഷരം കുഴപ്പമില്ല, ശ്രമിച്ചാൽ കൂടുതൽ നന്നാക്കാം എന്ന് പറയുന്നതോ? ഇത് തീരെ മോശമാണ്, ഈ മോശം കയ്യക്ഷരം നിന്റെ മാർക്കിനെ ബാധിക്കും എന്നൊക്കെ പറഞ്ഞ നെഗറ്റീവടിക്കുവാനാണോ നോക്കേണ്ടത്? നെഗറ്റീവ് അടിക്കുമ്പോൾ വലിയ തോതിൽ ആത്മവിശ്വാസക്കുറവ് അവന് അനുഭവപ്പെടും. സന്തോഷം ത്യാഗത്തെ കുറിക്കും, മനോഭാവം കാര്യങ്ങളെ എളുപ്പമാക്കും.

എല്ലാവർക്കും എളുപ്പം നൽകാനും പ്രായസത്തെ നീക്കാൻ സഹായിക്കാനും സന്തോഷിപ്പിക്കാനും വെറുപ്പിക്കാതിരിക്കാനും കഴിയണം. ■




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JULY 09

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

നന്മയുടെ ദൂതൻ

# DAILY QUIZ!

JUNE 25 - JULY 30

എല്ലാ ദിവസവും വൈകിട്ട് 6.00 മണിക്ക്



1st Prize LAPTOP
2nd Prize Tablet
3rd Prize Mobile Phone

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

ചോദ്യങ്ങൾ Peace Radio വഴിയും
Wisdom Youth ഫെയ്സ്ബുക്ക് പേജിലും
JUNE 25 മുതൽ കേൾക്കാം

peaceradio

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ